# സമകാലിക ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ജൂലൈ 1, 2015 പുസ്തകം 1 ലക്കം 11
July1, 2015 Volume1 Issue 11
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ എ എസ്**

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേശ് കുമാർ**

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**സന്തോഷ് കുമാർ എ.എസ്.**

എഡിറ്റർ
**നാഫിഹ് എം.**

അസിസ്റ്റന്റ് എഡിറ്റർ
**സി.എഫ്. ദിലീപ് കുമാർ**
**അരുൺ എസ്.എസ്.**

ട്രാൻസ്ലേറ്റർ
**ടി. സതി കുമാർ**

ഡിസൈനർ
**പ്രകാശ് വി.എസ്.**

സർക്കുലേഷൻ ഓഫീസർ
**ആർ. അനിൽകുമാർ**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **കെ. സുരേഷ്കുമാർ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **കിരൺ റാം,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.ആർ. സന്തോഷ്,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **സി. അജോയ്,** ഇടുക്കി
- **പി.സി.സുരേഷ് കുമാർ,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ.ടി. ശേഖരൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി

**വരിക്കാരാകാൻ:** ***സമകാലിക ജനപഥം*** തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാംനില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471- 2517036**


മുഖക്കുറിപ്പ്

# നിശ്ചയദാർഢ്യത്തിന്റെയും ജനകീയതയുടെയും വിജയം

മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ജനസമ്പർക്ക പരിപാടിയുടെ മൂന്നാം ഘട്ടവും പൂർത്തിയായിരിക്കുകയാണ്. കരുതൽ 2015 എന്ന പേരിൽ ഏപ്രിൽ 20ന് തിരുവനന്തപുരത്ത് തുടങ്ങിയ പരിപാടി ജൂൺ 11 പാലക്കാട് സമാപിച്ചപ്പോൾ ദശലക്ഷക്കണക്കിന് പേരുടെ പ്രശ്നങ്ങൾക്കാണ് പരിഹാരമേകാൻ സാധിച്ചത്. കാലങ്ങളായി പരാതികളുമായി അലഞ്ഞവർക്ക് അവ ഇറക്കിവയ്ക്കാനുള്ള അത്താണിയായി കരുതൽ മാറിയെങ്കിൽ അതു തന്നെയാണ് ഈ പരിപാടിയുടെ വിജയം.

പരമ്പരാഗത വഴികളിലൂടെ മാത്രമേ ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകാവൂ എന്ന കാഴ്ചപ്പാട് മാറ്റിവച്ചാണ് സർക്കാർ വിപുലമായ ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കാൻ തീരുമാനിച്ചത്. എതിരഭിപ്രായങ്ങൾക്കും വിമർശനങ്ങൾക്കും ചെവികൊടുത്തെങ്കിലും അവ കണക്കിലെടുത്ത് ഇതിൽ നിന്ന് പിൻമാറാൻ സർക്കാരിന് സാധിക്കുമായിരുന്നില്ല. കാരണം ന്യായമായ ആവശ്യങ്ങൾക്ക് പരിഹാരം തേടി കാലങ്ങളായി അലയുകയായിരുന്ന ആലംബഹീനരും അശരണരുമായ ജനങ്ങളായിരുന്നു സർക്കാരിന്റെ മുന്നിലുണ്ടായിരുന്നത്. അതുകൊണ്ടുതന്നെ വിപുലമായ തയാറെടുപ്പോടെ, നിശ്ചയദാർഢ്യത്തോടെ സർക്കാർ മുന്നോട്ടു പോയി.

ജനങ്ങളിലേക്ക് നേരിട്ട് എത്തി പരാതി സ്വീകരിക്കാൻ മുഖ്യമന്ത്രി തീരുമാനിച്ചതോടെ മുഴുവൻ ഭരണ സംവിധാനവും സടകുടഞ്ഞെണീറ്റ കാഴ്ചയാണ് കാണാൻ സാധിച്ചത്. മുഖ്യമന്ത്രിയും അദ്ദേഹത്തെ കാത്തുനിന്ന പരാതിക്കാരും മാത്രമല്ല ജനസമ്പർക്ക പരിപാടിക്കായി ഉറക്കമൊഴിച്ചത്. യഥാർഥത്തിൽ അതേക്കാളേറെ ഉറങ്ങാതിരുന്നു ഭരണയന്ത്രം ഒന്നാകെ. ഓരോ ജില്ലയിലും മാസങ്ങൾക്കു മുമ്പു തന്നെ തുടങ്ങിയ മുന്നൊരുക്കങ്ങളാണ് ജനസമ്പർക്കത്തെ വിജയത്തിലെത്തിച്ചത്. പരാതികൾ സ്വീകരിക്കാൻ ഓഫീസുകൾ കണ്ണും കാതും തുറന്നിരുന്നു. ഓരോ പരാതിക്കാരനെയും പ്രത്യേക പരിഗണനയോടെ സ്വീകരിച്ചു. പരാതികൾ അർഹിക്കുന്ന ഗൗരവത്തോടെ കണക്കിലെടുത്തു. സാധ്യമാകുന്നവയ്ക്ക് അപ്പപ്പോൾ പരിഹാരം തെളിഞ്ഞു.

ഓരോ ജനസമ്പർക്കം കഴിയുമ്പൊഴും അതിന്റെ ഫലപ്രാപ്തി കൂടുതൽ മെച്ചപ്പെടുകയായിരുന്നു. കിടപ്പുരോഗികളുമായി ജനസമ്പർക്ക വേദിയിൽ കാത്തിരിക്കുന്നവരുടെ ദൈന്യത കണ്ടറിഞ്ഞ സർക്കാർ ഇക്കുറി അത് ഒഴിവാക്കാൻ മുൻകൂട്ടി നടപടി സ്വീകരിച്ചു. ഉന്നത ഉദ്യോഗസ്ഥർ ഓരോ ജില്ലയിലും അത്തരക്കാരെ അവരുടെ അടുക്കൽ ചെന്ന് നേരിൽ കണ്ടു. നീതിയും പരിഹാരവും ജനങ്ങളെ തേടി വീട്ടുപടിക്കലെത്തി.

അങ്ങനെ കാലാകാലങ്ങളായി നമ്മുടെ ഭരണ നിർവഹണ വ്യവസ്ഥയിൽ അടിഞ്ഞുകൂടിക്കിടന്നിരുന്ന ദുർമേദസ്സ് ഒരു പരിധിവരെയെങ്കിലും ഇല്ലായ്മ ചെയ്യാനും നാടിന്റെ സിരകളിൽ നവോർജം പ്രസരിപ്പിക്കാനുമുള്ള മഹത്തായ ദൗത്യമാണ് ജനസമ്പർക്ക പരിപാടി നിറവേറ്റിയത്. പ്രശ്ന പരിഹാരത്തിന് ആവശ്യമെങ്കിൽ നിലവിലെ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനും ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി പ്രത്യേകം ശ്രദ്ധ നൽകിയിരുന്നു.

ഒരു തുടർ യത്നത്തിന്റെ കൂടി ഭാഗമാണ് ജനസമ്പർക്കം. മുഴുവൻ പരാതികളും കൈകാര്യം ചെയ്യാൻ കൃത്യമായ തുടർ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടു പോവുന്നത്.

പ്രതിസന്ധികൾ താണ്ടി വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാകാൻ വഴി തെളിഞ്ഞിരിക്കുന്നുവെന്നത് എല്ലാ മലയാളിക്കും ആഹ്ലാദം പകരുന്ന വസ്തുതയാണ്. വിഴിഞ്ഞം കേരളത്തിന് തുറന്നിരിക്കുന്ന വികസന സാദ്ധ്യതകളും ഇതുവരെ നടന്ന മുഴുവൻ ജനസമ്പർക്ക പരിപാടികളെയും പരാമർശിച്ചുകൊണ്ടുള്ള ലേഖനങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ ലക്കം സമകാലിക ജനപഥം.

**മിനി ആന്റണി**
ചീഫ് എഡിറ്റർ

## ഉള്‍പ്പേജുകളില്‍




**8** ജനകീയതയുടെ മുദ്രകള്‍
അരുണ്‍ എസ്.എസ്.

**10** കേരളത്തിന്റെ സിരകളില്‍ നവോര്‍ജം
ജി. വിജയരാഘവന്‍








**14** ഈ വീട് പറയുന്നു, ഭരണം യന്ത്രമല്ല കരുതലാണ്
സൂസന്‍ മാത്യു

**36** മരിക്കാത്ത ഓര്‍മകള്‍ക്കായി ഒരു സ്മാരകം







**40** വയനാട് വിളിക്കുന്നു
രമേഷ്കുമാര്‍ വെള്ളമുണ്ട

**46** സ്ത്രീരക്ഷയെന്ന ഉത്തരവാദിത്വം
സ്മിതേഷ് എസ്.




17 - 22 നല്ല നാളേക്കായി നാല് വാഗ്ദാനങ്ങൾ





24 തീരമണയുന്ന സ്വപ്നം
കെ. ബാബു,
ഫിഷറീസ്, തുറമുഖ മന്ത്രി

31 പ്രതീക്ഷകൾ നങ്കൂരമിടുന്ന വിഴിഞ്ഞം
ഡോ. മേരി ജോർജ്





48 ചെറിയമമ്മക്കയിലെ പെരുന്നാൾ വിശേഷങ്ങൾ
ടി.വി. അബ്ദുറഹിമാൻ കുട്ടി

50 ചെറിയ വലിയ കാഴ്ചകൾ
വിനു എ.





52 നാലാംതരത്തിൽ കേരളം സമ്പൂർണം
പ്രദീപ് മുടവൻമുകൾ

38 വേണം നവമാധ്യമ സംസ്കാരം

53 ജില്ലകളിലൂടെ

54 കാലത്തിനൊപ്പം




# ഹൃദയങ്ങളെ തൊട്ടറിഞ്ഞ കരുതൽ

ജനാധിപത്യലോകത്ത് ആദ്യമാകും ഒരു ജനകീയ മുഖ്യമന്ത്രി പൊതുസമൂഹത്തിനിടയിൽ ഇറങ്ങിച്ചെന്ന്, അവർക്കു നടുവിൽ നിന്ന് പരാതികൾ പരിഹരിക്കുന്നത്. ജനങ്ങൾക്കു വേണ്ടിയുള്ളതാണ് സർക്കാരെന്ന് ഓരോ പൗരനും ബോധ്യം വരുത്തിയ തുടക്കമായിരുന്നു അത്. ജനങ്ങളുടെ സങ്കീർണ പ്രശ്നങ്ങളുടെ കുരുക്കഴിക്കാൻ ഉദ്യോഗസ്ഥരും ജാഗരൂകരായപ്പോൾ 2011 നവംബർ അഞ്ചിന് കോഴിക്കോട് ജനാധിപത്യ ഭരണക്രമത്തിൽ പുതിയൊരു ഭരണമാതൃക പുലർന്നു.

അതൊരു പുലരിയായിരുന്നു. സമാനതകളില്ലാത്ത ജനനേതൃത്വത്തിന്റെ തുടക്കം. വിശപ്പും ദാഹവും മറന്ന് പുലരുവോളം ജനങ്ങൾക്കിടയിൽ അവരുടെ പരാതികൾ കേൾക്കാൻ, അപ്പോൾ തന്നെ പരിഹരിക്കാൻ തുടക്കമിട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ജനസേവനത്തിന്റെ പുതിയ മാതൃകയായി...

ജനസമ്പർക്കം രണ്ടാം വർഷത്തിലേക്ക് കടന്നപ്പോൾ ജനങ്ങളും സർക്കാരും തമ്മിലുള്ള അകലം കുറഞ്ഞു. ആദ്യം ജനസമ്പർക്കത്തെ എതിർത്തവർ പോലും ഭരണത്തിന്റെ അഞ്ചാം വർഷത്തിൽ ജനദുരിതം കുറയ്ക്കുന്ന മാതൃകയായി ജനസമ്പർക്ക പരിപാടിയെ വിലയിരുത്തി. ഇത് ഭരണനേട്ടമാണ്. സഹജീവി സ്നേഹത്തിന്റെയും കരുതലിന്റെയും നേട്ടം. പ്രകാശം ചൊരിയുന്ന ഈ ജനകീയ കൂട്ടായ്മയിൽ നാലു വർഷത്തിനിടെ പരിഹാരം കണ്ടത് 12,42,599 പരാതികൾക്കാണ്. ധനസഹായമാകട്ടെ 168.15 കോടിയും.

സർക്കാരിന്റെ കനിവ് തേടിയവർക്കെല്ലാം കാരുണ്യം നല്കിയ ഈ ഭരണമാതൃകയ്ക്ക് ഇനി വേണ്ടത് തുടർച്ച മാത്രം.
ഒരു പരാതിക്കാരനും വെറും കയ്യോടെ മടങ്ങാതിരിക്കാനുള്ള കരുതലിന്റെ തുടർച്ച...



■ അരുൺ എസ്.എസ്.

# ജനകീയതയുടെ മുദ്രകൾ




ജനങ്ങൾക്കിടയിൽ ഒരാളായി നിരന്തര പ്രവർത്തനം- ജനാധിപത്യ സംവിധാനത്തിന്റെ അന്തസ്സത്തയുൾക്കൊണ്ടുള്ള ഈ രീതിക്ക് ചുമതലാഭാരവും വ്യവസ്ഥാപിത നിബന്ധനകളും തടസമല്ലെന്ന് തെളിയിക്കുകയാണ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. ഈ മന്ത്രിസഭ അധികാരത്തിലെത്തിയ ശേഷമുള്ള മൂന്നാം ജനസമ്പർക്കപരിപാടിയിൽ 37.67 ലക്ഷം പരാതികളാണ് കിട്ടിയത്. 'കരുതൽ 2015' എന്നാണ് ഇത്തവണ ജനസമ്പർക്കത്തിന് പേരിട്ടത്. കരുതൽ തന്നെയായിരുന്നു. കസേര സിംഹാസനവും ഭരണസംവിധാനം ആജ്ഞാനുവർത്തി മാത്രവുമാകുന്ന ശൈലിയായിരുന്നില്ല ഇതിൽ. വിമർശകർക്കുപോലും അമ്പരപ്പുണ്ടാകുന്ന സ്ഥൈര്യവും നിശ്ചയദാർഢ്യവുമായായിരുന്നു പ്രവർത്തനം.

ഓരോ ജില്ലയിലും നിശ്ചയിച്ചുറപ്പിച്ച ദിവസം ലക്ഷക്കണക്കിനാളുകൾ മുഖ്യമന്ത്രിയെ കാണാനെത്തി. പ്രഥമ നോട്ടത്തിൽ അപ്രായോഗികമെന്ന് പറയാവുന്ന ഈ പ്രശ്നപരിഹാരരീതി ഏറെ ആസൂത്രിതമായാണ് തയാറാക്കിയത്. ഓരോ ജില്ലയിലും ജനസമ്പർക്കപരിപാടി തുടങ്ങുന്നതിന് 30 ദിവസം മുമ്പ് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു.

- ☺ 37 കോടി രൂപയിൽ തിരുവനന്തപുരം തകരപ്പറമ്പ് മേൽപ്പാല നിർമാണം പൂർത്തിയായി
- ☺ കാൽ നൂറ്റാണ്ടിനുശേഷം കരമന-കളിയിക്കാവിള ദേശീയപാത വികസനം ആരംഭിച്ചു
- ☺ കൊല്ലത്തെ വ്യവസായമേഖലയുടെ നട്ടെല്ലായ കയർ-മത്സ്യമേഖലയ്ക്ക് പ്രത്യേക പദ്ധതി കശുവണ്ടി ഫാക്ടറികൾ പൂർണതോതിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി



**ജറാൾഡിൻ ഫ്രേയ്സർ** (ഡയറക്ടർ, യു.എൻ.ഡി.പി.-ബി.ഡി.പി.)

ജനസമ്പർക്കപരിപാടി നേതാക്കളോടും ഉയർന്ന ഉദ്യോഗസ്ഥരോടും ജനങ്ങൾക്ക് നേരിട്ട് ഇടപെടാനുള്ള അവകാശത്തിന്റെ സാക്ഷാത്കാരമായി. സമൂഹത്തിന്റെ താഴേത്തട്ടിലുള്ളവരെ ഉൾപ്പെടുത്തിയ സർവതലസ്പർശിയായ വികസനസമീപനത്തിന്റെയും പൊതുദർശനത്തിന്റെയും ഭാഗമായുള്ള വിഷൻ 2030 പദ്ധതി ശ്രദ്ധേയമാണ്.

**സി. രാധാകൃഷ്ണൻ** (സാഹിത്യകാരൻ)

ഒട്ടും വിശ്രമമില്ലാതെ, പത്തിരുപതു മണിക്കൂർ തുടർച്ചയായി രാപ്പകലുകളിലൂടെ ജനങ്ങളുടെ ഇടയിലിറങ്ങി പരാതി കേൾക്കുകയും സ്വീകരിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുക; ഇത് എളുപ്പമുള്ള പണിയല്ല, നിശ്ചയം! ഇങ്ങനെ ഇന്നുവരെ ആരും ഈ ജനായത്ത സംവിധാനത്തിൽ ചെയ്തതായി അറിവില്ല, ചെയ്യുമെന്ന് തോന്നുന്നില്ല.



കളക്ട്രേറ്റിലും താലൂക്ക് ഓഫീസിലും അക്ഷയ കേന്ദ്രങ്ങളിലും അപേക്ഷിക്കാൻ സൗകര്യമൊരുക്കി. ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ജില്ലാതലത്തിൽ പരിഹരിക്കാവുന്നവയ്ക്ക് അവിടെ തന്നെ തീർപ്പുണ്ടാക്കി. ശേഷിച്ചവയാണ് മുഖ്യമന്ത്രി നേരിട്ട് പരിഹരിക്കുന്നതിന് തിരഞ്ഞെടുത്തത്. ഇവയിൽ പലതും നടപടിക്രമങ്ങളിലെ കാർക്കശ്യം കൊണ്ടും നിയമപരമായ നൂലാമാലകൾ കൊണ്ടും പരിഹരിക്കാനാവാത്ത സങ്കീർണ സ്ഥിതിയിലായിരുന്നു. ഇത്തരത്തിലുള്ള ഒട്ടേറെ പരാതികൾക്ക് പരിഹാരമായി ജനസമ്പർക്ക വേദിയിൽ വെച്ചുതന്നെ നിർദേശങ്ങളും ഉത്തരവുകളും ഉദ്യോഗസ്ഥർക്കു നല്കി. ഒട്ടേറെപ്പേർക്ക് ചികിത്സാ സഹായം, പഠന സഹായം, ഭവന നിർമാണ സഹായം..., അർഹതയുണ്ടായിട്ടും തടസ്സങ്ങളുടെ കടമ്പകൾകടന്ന് ആനുകൂല്യം ലഭിക്കാതെ ബുദ്ധിമുട്ടിയ ധാരാളം പേർക്ക് ആശ്വാസമായി. മുൻകൂട്ടി നിശ്ചയിച്ച വരെ കണ്ടശേഷം ബാക്കിയുള്ള സമയം പരാതിയുമായെത്തിയവരെ കണാൻ മുഖ്യമന്ത്രി ശ്രമിച്ചു. അവസാനത്തെ ആളെയും കണ്ടശേഷമാണ് മടങ്ങിയത്. അക്ഷരാർഥത്തിൽ ഭരണ സംവിധാനം അടിമുടി ജാഗരൂകമായി.

ഭരണ നിർവഹണത്തിലെ തടസ്സങ്ങളെക്കുറിച്ച് വ്യക്തമായ അനുഭവസാക്ഷ്യമായി ഒട്ടേറെ വിവരങ്ങൾ അധികാരകേന്ദ്രത്തിന്റെ ശ്രദ്ധയിൽ വന്നു. അവയ്ക്കുള്ള ശാശ്വതപരിഹാര നടപടികളും മുന്നോട്ടുപോകുന്നു. ആദ്യ ജനസമ്പർക്കത്തിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പുതിയ ഉത്തരവുകളുണ്ടായി.ക്ഷേമ പ്രവർത്തനങ്ങളിലെ പല വ്യവസ്ഥകളിലും മാറ്റമുണ്ടായി.

ഭരണസംവിധാനം എങ്ങനെ ജനകീയമാക്കണമെന്നതിന് തെളിവായി ജനസമ്പർക്ക പരിപാടികൾ. സർക്കാരും ജനവും രണ്ടു ധ്രുവങ്ങളിലല്ലെന്ന ബോധം ഓരോ പൗരനിലുമുണ്ടാക്കാനുള്ള ശ്രമം. സഹിഷ്ണുതയോടെ സൗമ്യമായി ജനത്തിന്റെ ആവശ്യങ്ങൾക്ക് കാതോർക്കുന്ന ഭരണനിർവഹണ ശൈലിയുടെ മാതൃകയായി മാറി 'കരുതൽ 2015'. കാലത്തിന്റെ ശേഷിപ്പുകളിൽ ഇത് ജനകീയഭരണത്തിന്റെ ഉദാത്ത മുദ്രയായി. ■




- ശാസ്താംകോട്ട കായൽ സംരക്ഷണത്തിന് പ്രത്യേക പദ്ധതി
- പ്രവാസികളുടെ ക്ഷേമത്തിനായി പ്രവാസിമിത്രം.
- പത്തനംതിട്ടയിലെ വിവിധ പ്രദേശങ്ങളിൽ കിടപ്പിലായ രോഗികളെ വീട്ടിലെത്തി പരിചരിക്കുന്നതിന് ജനസേവാ പദ്ധതി.


അമൻജിയാന്റെ മാതാവ്

## ചികിത്സ ഉറപ്പായി; അമൻജിയാൻ പാറി നടക്കുകയാണ്

*ഓടിയും ചാടിയും കുസൃതി കാട്ടിയും നടക്കുകയാണ് കണ്ണൂർ തില്ലങ്കരിയിലെ അമൻജിയാൻ എന്ന രണ്ടു വയസുകാരൻ. അവനറിയില്ല, തന്നെ പിടികൂടിയ മാരക രോഗമായ കാൻസറിനെ ചികിത്സിച്ചു മാറ്റാൻ പണമില്ലാതെ അച്ഛനും അമ്മയും ഉള്ളുകൊണ്ട് കരയുകയാണെന്ന്. കൂലിപ്പണിക്കാരനാണ് അമൻ ജിയാന്റെ അച്ഛൻ. പൊളിഞ്ഞു വീഴാറായ വീട്ടിലാണ് താമസം. ലക്ഷം പോയിട്ട് ആയിരം രൂപ പോലും മാറ്റി വയ്ക്കാൻ കഴിയാതെ പ്രയാസപ്പെടുന്ന കുടുംബം. പക്ഷെ നിഷ്കളങ്കമായ അവന്റെ നിറചിരിക്ക് അനുഗ്രഹമായി മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയെത്തി. ഒരു ലക്ഷം രൂപ ഉടനടി ചികിത്സാ സഹായം കിട്ടി. ഒപ്പം നോർക്കയിൽ നിന്നും ഒരു ലക്ഷം കൂടി നല്കാൻ നിർദേശിച്ചു. ഇപ്പോൾ അമൻ ജിയാന്റെ വീട്ടിൽ ആശ്വാസത്തിന്റെ വെളിച്ചമാണ്. ആ വെളിച്ചത്തിൽ കേരളം അഭിമാനിക്കുകയാണ്.*

■ **ജി. വിജയരാഘവൻ**
സംസ്ഥാന ആസൂത്രണ ബോർഡംഗം

# കേരളത്തിന്റെ



വികസനമെന്നാൽ റോഡും കെട്ടിടങ്ങളും മാത്രമല്ല. അത് ഒരു ജനതയുടെ വികസനമാണ്. ജനങ്ങൾക്ക് വേണ്ടുന്ന സൗകര്യങ്ങൾ ഒരു ഭരണകൂടം എങ്ങനെ കൊണ്ടുവരുന്നു എന്നതാണ് സർക്കാർതലത്തിൽ പ്രധാനം. നാട്ടിൽ ഒരാശുപത്രിയോ, വിദ്യാലയമോ മറ്റെന്തെങ്കിലും സ്ഥാപനമോ വരുന്നത് വികസനത്തിന്റെ ഭാഗമായാണ്. എന്നാൽ ആശുപത്രിയുടെ പ്രവർത്തനം ഒരു കരുതലാണ്. അതുകൊണ്ടുതന്നെ വികസനവും കരുതലും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. വികസനമില്ലാതെ കരുതൽ ഇല്ല. കരുതൽ പൂർത്തിയാകണമെങ്കിൽ വികസനപദ്ധതികൾ ആവിഷ്കരിക്കുകയും വേണം. അതുതന്നെയാണ് നാലു വർഷം പിന്നിടുന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ വിജയവും.

ആസൂത്രണതലത്തിൽ അത്ഭുതപ്പെടുത്തുന്ന നേട്ടങ്ങൾ കേരളത്തിൽ ആർജിക്കാൻ കഴിയും. അതിന് ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ അറിഞ്ഞുള്ള പദ്ധതികൾ പ്രാവർത്തികമാക്കണം. കരുതലുള്ള ഒരു സർക്കാരിന്റെ ധർമ്മമാണത്. ഓരോ ജനസമ്പർക്കപരിപാടിയും നമ്മെ ഓർമപ്പെടുത്തുന്നതും ആവശ്യം വെളിപ്പെടുത്തുന്ന ജനങ്ങളുടെ മാറ്റത്തെയാണ്.

ജനസമ്പർക്കപരിപാടിയെക്കുറിച്ച് ഉയർന്നുവന്ന വിമർശനം സർക്കാർ സംവിധാനങ്ങളിലൂടെ നടപ്പാക്കേണ്ട കാര്യം മുഖ്യമന്ത്രി എന്തുകൊണ്ട് ചെയ്യുന്നുവെന്നാണ്. നമുക്ക് ഒരു സംവിധാനമുണ്ടെങ്കിൽ അതിൽക്കൂടി മാത്രമേ എന്തും നടക്കാവൂ എന്ന് ശഠിക്കുന്നവരുടെ വിമർശനമാണത്. സർക്കാർ കാര്യം മുറപോലെയെന്നാണ് ചൊല്ല്. അതിൽ സ്വാധീനത്തിന്റെയും ഇപെടലിന്റെയും ഘടകങ്ങളുണ്ട്. ജനസമ്പർക്കപരിപാടി അത്തരം നൂലാമാലകൾക്കുള്ള ഉത്തരമാണ്. ലക്ഷക്കണക്കിന് വരുന്ന ജനങ്ങൾ അവരുടെ പരാതികളുമായി മുഖ്യമന്ത്രിയെ നേരിട്ടു സമീപിക്കുന്നു. മറ്റുതലങ്ങളിൽ തടസപ്പെടുകയോ ഉത്തരം ലഭിക്കാത്തതോ പരിഹരിക്കാൻ സാധിക്കാത്തതോ ആയ വിഷയങ്ങളാണ് പരാതികളുടെ ഉള്ളടക്കം. ഒരു മുഖ്യമന്ത്രിക്ക് വേണമെങ്കിൽ ഇത്തരം പ്രശ്നങ്ങളുടെ പരിഹാരം പരമ്പരാഗതരീതികളിലൂടെ മാത്രമേ നടപ്പാക്കാൻ കഴിയൂ എന്ന് വ്യക്തമാക്കാം. അങ്ങനെ വരുമ്പോൾ ഒരു വലിയ വിഭാഗം ജനങ്ങളെ ഭരണകൂടത്തിന് കണ്ടില്ലെന്നു നടിക്കേണ്ടിവരും. മറിച്ച് പരാതികൾക്ക് പരിഹാരം നിർദേശിക്കുമ്പോൾ ജനങ്ങളുടെ പരാതികൾക്കും ആവശ്യങ്ങൾക്കും ഭരണാധികാരി ചെവികൊടുക്കുന്നുവെന്നും അവർക്കുവേണ്ടിയാണ് ഭരണമെന്നും ബോധ്യപ്പെടുത്തുന്നു.

പ്യൂൺ മുതൽ ഉന്നതാധികാരിയെവരെ കാണുന്ന രീതി മാറി മുഖ്യമന്ത്രിയെ നേരിട്ടുകണ്ട് പരാതിപറയാം എന്നത് മാത്രമല്ല ജനസമ്പർക്കത്തിന്റെ സന്ദേശം. തന്റേതുപോലെ പ്രശ്നങ്ങളുള്ള അനേകരുടെ പ്രതിനിധിയാണ് ഓരോ പരാതിക്കാരനും എന്ന ബോധ്യം ജനങ്ങളിൽ വരുത്താനായി എന്നതും അതിന്റെ നേട്ടമാണ്. ഒരാളുടെ പരാതിയിലൂടെ അനേകർക്ക് നേട്ടവും ലഭിക്കുന്നു.

# സിരകളിൽ നവോർജം

നാലു ജനസമ്പർക്കപരിപാടികൾ നടന്നുകഴിഞ്ഞു. ഓരോ ജനസമ്പർക്കപരിപാടി കഴിയുന്തോറും സർക്കാരിന് കൂടുതൽ ഊർജം ലഭിക്കുന്നു. സാധാരണ ഒരാൾ പോയി ചില പ്രഖ്യാപനങ്ങൾ നടത്തുന്ന പരിപാടിയല്ല ഇത്. എല്ലാ വിഷയങ്ങളും ഡോക്യുമെന്റ് ചെയ്യപ്പെടുന്നു. ജനങ്ങളുടെ പരാതികളിലൂടെ ഒരു സർക്കാർ സംവിധാനത്തിൽ എവിടെല്ലാമാണ് കുഴപ്പങ്ങളെന്ന് കണ്ടെത്തുന്നു. പ്രശ്നം കണ്ടെത്തുന്നതിനൊപ്പം അടുത്തവട്ടം ഇതേവിഷയത്തിൽ മറ്റൊരാൾ ജനസമ്പർക്കപരിപാടിയിലെത്തി മുഖ്യമന്ത്രിയെ കണ്ടുതന്നെ പ്രശ്നപരിഹാരത്തിന് കാത്തുനിൽക്കേണ്ടിവരാതിരിക്കാൻ സമാനവിഷയങ്ങളിൽ ബാധകമാവും വിധം നിലവിലെ ചട്ടങ്ങൾ തിരുത്തിക്കൊണ്ടുപോലും ഉത്തരവുകൾ പ്രഖ്യാപിക്കും. ഓരോ ജനസമ്പർക്കപരിപാടി കഴിയുമ്പോഴും ഇത്തരം മാതൃകകൾ മനസ്സിലാക്കി നൽകുന്ന ഉത്തരവുകൾവഴി നേരിട്ടെത്താത്ത ലക്ഷക്കണക്കിന് സമാനപരാതിക്കാർക്ക് ഒറ്റ ഉത്തരവിലൂടെ പരിഹാരം ലഭിക്കുന്നു.

ഓരോ ജനസമ്പർക്കപരിപാടിയിൽ നിന്നും അനവധി പാഠങ്ങൾ ഭരണകൂടം പഠിക്കുകയാണ്. ആദ്യ ജനസമ്പർക്കത്തിൽ രോഗികളും ചലനശേഷി നഷ്ടപ്പെട്ടവരുമൊക്കെയായ നിരവധി അശരണർ അവരുടെ ശാരീരിക അവശതകളുമായി എത്തിയിരുന്നു. ആദ്യപരിപാടിയിൽ കണ്ടെത്തിയ ജനങ്ങളുടെ ഈ പ്രയാസം അടുത്തവട്ടം മുഖ്യമന്ത്രി പരിഹരിച്ചു. ഇത്തരം വിഷയങ്ങളിൽ പരാതി ലഭിക്കുമ്പോൾ തന്നെ ജില്ലാതലത്തിൽ ഉദ്യോഗസ്ഥർ നേരിട്ടുപോയി കണ്ട് സ്ഥിതിഗതികൾ വിലയിരുത്തി പരിഹാരം നിർദേശിക്കാൻ ഇപ്പോൾ സാധിക്കുന്നു. അതുകൊണ്ടുതന്നെ ഭരണത്തിന്റെ മാനുഷികമുഖമായി മാറിക്കഴിഞ്ഞു മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടി.

### ഭരണത്തിന്റെ മാനുഷിക മുഖം

ഭരണക്രമത്തിൽ സാധാരണക്കാരിൽ നിന്നും 20-30 പടി മുകളിലാണ് മുഖ്യമന്ത്രിയുടെ സ്ഥാനം. ഒരു പ്രശ്നപരിഹാരത്തിനായി സർക്കാർ ഓഫീസിലെത്തി പ്യൂൺ മുതൽ ഉന്നതാധികാരിയെവരെ കാണുന്ന രീതി മാറി മുഖ്യമന്ത്രിയെ നേരിട്ടുകണ്ട് പരാതിപറയാം എന്നത് മാത്രമല്ല ജനസമ്പർക്കത്തിന്റെ സന്ദേശം. തന്റേതുപോലെ പ്രശ്നങ്ങളുള്ള അനേകരുടെ പ്രതിനിധിയാണ് ഓരോ

## മുഖ്യമന്ത്രിക്ക് നന്ദി... എന്ന് സംസാരിക്കാൻ കഴിയാത്ത അനീഷ



*"വേദനയുടെയും കണ്ണീരിന്റെയും ലോകത്ത് കഴിയുന്ന എന്റെ സന്തോഷത്തിൽ വഴികാട്ടിയായവർക്ക് സംസാരിക്കാൻ കഴിയാത്ത അനീഷ നന്ദി പറയുന്നു". "ഈ എഴുത്ത് എന്റെ ഉമ്മാന്റെ കയ്യിൽ അനീഷ സ്വന്തമായി എഴുതി കൊടുത്തയക്കുകയാണ്"-എന്ന് അനീഷ. വാക്കുകൾ കൂട്ടിവച്ചു അനീഷയെന്ന കുരുന്നു ബാലികയുടെ കത്തുമായി എത്തിയ കോഴിക്കോടുകാരിയായ ഖദീജയുടെ ജീവിത ദുരിതങ്ങൾ മുഖ്യമന്ത്രി പിന്നെയും ക്ഷമാപൂർവം കേട്ടു. 16 വർഷം മുൻപ് ഭർത്താവ് മരിച്ചു. വീട്ടു ജോലി ചെയ്തായി പിന്നത്തെ ജീവിതം. 2008 ൽ മകൻ ആശുപത്രിക്കാരുടെ ചികിത്സാ പിഴവിന് വിധേയനായി കിടപ്പിലായി. ഓടിച്ചാടി നടന്ന മകൾ അനീഷ പെട്ടെന്നൊരു ദിവസം തളർന്നു വീണതോടെ ഖദീജയും ആകെ പകച്ചു പോയി. കിടപ്പാടമില്ലാത്ത ഖദീജയുടെ കുടുംബത്തിന് 2014 ൽ 2.65 സെന്റ് സ്ഥലവും ഒരു ലക്ഷം രൂപയും സർക്കാർ അനുവദിച്ചു. ഈ തുക ഉപയോഗിച്ച് നിർമിച്ച വീടിന്റെ താക്കോൽ ദാനം മുഖ്യമന്ത്രി നിർവഹിച്ചു, അനീഷക്ക് ചികിത്സാ ധനസഹായമായി ഒരു ലക്ഷം രൂപയും നൽകി. കണ്ണീരിന്റെ ലോകത്ത് നിന്നും അനീഷയുടെ നന്ദി വാചകത്തിന്റെ കുരുന്നു മൊഴികളുമായാണ് മുഖ്യമന്ത്രി തിരുവനന്തപുരത്തേക്ക് മടങ്ങിയത്.*

പരാതിക്കാരനും എന്ന ബോധ്യം ജനങ്ങളിൽ വരുത്താനായി എന്നതും അതിന്റെ നേട്ടമാണ്. ഒരാളുടെ പരാതിയിലൂടെ അങ്ങനെ അനേകർക്ക് നേട്ടവും ലഭിക്കുന്നു.

മാനേജ്മെന്റ് തലത്തിൽ പരിശോധിച്ചാൽ മുഖ്യമന്ത്രിക്ക് ജനസമ്പർക്കപരിപാടിയിലൂടെ ലഭിക്കുന്ന ഫീഡ്ബാക്ക് വളരെ പ്രധാനമാണ്. ഭരണതലത്തിലെ സാധാരണ ഫീഡ്ബാക്ക് മെക്കാനിസമെന്നത് അഞ്ചു വർഷം കഴിയുമ്പോൾ വരുന്ന തെരഞ്ഞെടുപ്പിലെ വിജയപരാജയങ്ങൾ അടിസ്ഥാനമാക്കിയാണ്. എന്നാൽ ഭരണത്തിലെ ഓരോ ഘട്ടത്തിലെയും വീഴ്ചകൾ തിരിച്ചറിഞ്ഞ് ജനങ്ങൾക്കിടയിൽ നിന്നുതന്നെ അതു തിരുത്തി മുന്നേറാൻ ജനസമ്പർക്കപരിപാടിയുടെ ഫീഡ്ബാക്ക് മെക്കാനിസം വഴി കഴിയുന്നു. ഒരു തെരഞ്ഞെടുപ്പു കാലം വരെ ജനങ്ങളുടെ മനസ്സറിയാൻ കാത്തുനിൽക്കാതെ അപ്പപ്പോഴുള്ള പരാതികൾ പരിഹരിച്ച് മുന്നേറുകയെന്ന മികച്ച ഭരണതന്ത്രജ്ഞന്റെ ലക്ഷ്യംകൂടിയാണ് ഇതുവഴി സാക്ഷാത്കരിക്കപ്പെടുന്നത്. പ്രസ്താവനകൾ മാത്രമല്ല കാര്യങ്ങൾ പ്രായോഗികതലത്തിൽ നടപ്പാക്കാനും ഇച്ഛാശക്തിയുണ്ടെന്ന് മുഖ്യമന്ത്രി ഇതുവഴി തെളിയിക്കുന്നു. മുഖ്യമന്ത്രിയെക്കുറിച്ച് ജനങ്ങൾക്കുള്ള ആത്മവിശ്വാസത്തിന്റെ പ്രത്യക്ഷരൂപമാണ് ഓരോ ജനസമ്പർക്കപരിപാടിയിലും വന്നെത്തിയ ലക്ഷങ്ങൾ.

ജനസമ്പർക്കപരിപാടിയിലൂടെ വികസനവും കരുതലുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഓരോ പരാതിക്കാരനെയും നാടിന്റെ പ്രാതിനിത്യസ്വഭാവത്തിൽ പരിഗണിക്കുന്നു. അവരുടെ പരാതികൾ പരിഹരിക്കുന്നത് യഥാർഥത്തിൽ ഉദ്യോഗസ്ഥർ തന്നെയാണ്. മുഖ്യമന്ത്രിക്കുമുന്നിൽ പരാതികളുടെ രൂപത്തിൽ

ജനസമ്പർക്ക പരിപാടിയെ ഒരു ഭരണവകുപ്പാക്കി മാറ്റാൻ സാധിക്കില്ല. കാരണം എല്ലാ മുഖ്യമന്ത്രിമാരും ഇപ്പോഴത്തെ മുഖ്യമന്ത്രിയെപ്പോലെ ആകണമെന്നില്ല

എത്തുന്നതെല്ലാം തങ്ങൾ ചെയ്തുകൊടുക്കാത്തതോ പരിഹരിക്കാത്തതോ ആയ വിഷയങ്ങളാണെന്ന് ഉദ്യോഗസ്ഥർക്കും ബോധ്യപ്പെടുന്നുണ്ട്. മാത്രമല്ല പരാതികൾ മുഖ്യമന്ത്രി ഉത്തരവുകളിലൂടെയും മറ്റും നേരിട്ടു പരിഹരിക്കുമ്പോൾ ഇത്തരം പരാതികൾ തനിക്ക് എളുപ്പത്തിലും വേഗത്തിലും പരിഹരിക്കാവുന്നതേയുള്ളൂവെന്ന ആത്മവിശ്വാസം ഉദ്യോഗസ്ഥർക്കും ലഭിക്കുന്നു. ഇത് ഭരണസംവിധാനത്തിലെ കാര്യക്ഷമത വർധിപ്പിക്കാൻ സഹായിക്കുന്നുവെന്നകാര്യം നിസ്തർക്കമാണ്.

ജനസമ്പർക്കപരിപാടിയെ ഒരു ഭരണവകുപ്പാക്കി മാറ്റാൻ സാധിക്കില്ല. കാരണം എല്ലാ മുഖ്യമന്ത്രിമാരും ഇപ്പോഴത്തെ മുഖ്യമന്ത്രിയെപ്പോലെ ആകണമെന്നില്ല. മണിക്കൂറുകളോളം ഊണും ഉറക്കവും ഉപേക്ഷിച്ച് ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുക. ശാരീരിക ബുദ്ധിമുട്ടുകളെപ്പോലും അവഗണിക്കുക തുടങ്ങി ഉമ്മൻ ചാണ്ടിയിൽ കാണുന്ന പ്രത്യേകതകൾ എല്ലാവർക്കും ഉണ്ടായിക്കൊള്ളണമെന്നില്ല. അതുകൊണ്ടുതന്നെ ഒരു വ്യക്തി ഒരു വ്യവസ്ഥയെ സ്വീകരിച്ച് നടത്തുന്ന നവീകരണ പരിപാടി എന്ന നിലയിലേക്കുവേണം ജനസമ്പർക്കത്തെ വിലയിരുത്താൻ.

### ആർക്കാണ് പ്രയോജനം?

ആദ്യ ജനസമ്പർക്കപരിപാടിയിൽ ഒരുപക്ഷേ പൂർണമായും അർഹതയില്ലാത്ത ചിലർക്കൊക്കെ ഗുണം കിട്ടിയിട്ടുണ്ടാകാം. എന്നാൽ മൂന്നാമത്തെ ജനസമ്പർക്കം കഴിയുമ്പോൾ ഗുണഭോക്താക്കളിൽ 90 ശതമാനം പേരും അർഹതപ്പെട്ടവരാണ്. കാരണം ഈ പരിപാടിയുടെ നടപ്പാക്കലിന് കൃത്യമായ തയാറെടുപ്പുകളും സംവിധാനവും ഇപ്പോൾ ഉണ്ടെന്നുള്ളകാര്യം വ്യക്തമാണ്. അതുകൊണ്ടുതന്നെ ഓരോ ജനസമ്പർക്കം കഴിയുന്തോറും പരിപാടിയുടെ കാര്യക്ഷമതയും വർധിച്ചിരിക്കുകയാണ്. ആദ്യ

- ☺ ശബരിമല, ആറന്മുള ക്ഷേത്രം, മഞ്ഞനിക്കര, മാരാമൺ, പരുമല ജുമാ മസ്ജിദ് തുടങ്ങിയവയെ കോർത്തിണക്കി തീർഥാടന ടൂറിസം പദ്ധതി.
- ☺ ആലപ്പുഴയിൽ തീരസംരക്ഷണത്തിന് 133.19 കോടി
- ☺ പുറക്കാട്ട് 20 കുടുംബങ്ങൾക്ക് മൂന്ന് സെന്റും വീടും



**എം.എൻ. കാരശ്ശേരി** (എഴുത്തുകാരൻ)

ഭരണാധികാരികളെ നേരിൽ കണ്ട് പരാതി പറയാൻ അവസരം നൽകുന്നത് പൗരന്മാരുടെ അവകാശബോധം വർധിപ്പിക്കും. മുഖ്യമന്ത്രിയെ കണ്ട് പരാതി പറഞ്ഞയാൾക്ക് പഞ്ചായത്ത് പ്രസിഡന്റിനെയോ, തഹസീൽദാരെയോ ചെന്നു കാണാൻ സങ്കോചമുണ്ടാകില്ല. ഇത് നമ്മുടെ ജനാധിപത്യത്തെ ശക്തിപ്പെടുത്തും.

**കൈതപ്രം ദാമോദരൻ നമ്പൂതിരി** (ഗാനരചയിതാവ്)

മുഖ്യമന്ത്രിയുടെ ഈ ജനസമ്പർക്കപരിപാടിയെ താഴ്ത്തിക്കെട്ടാൻ ശ്രമിക്കുന്നവരുണ്ട്. അവർ ഒന്നറിയണം. ഹൃദയത്തിന്റെ നോവറിയുന്ന ഓഫീസുകൾ നമുക്കില്ല. നാടകളുടെ കെട്ടിൽ നിന്ന് ഒരു ഫയലും താനേ അഴിയുന്നില്ല. മനസ്സുമടുക്കുന്ന അപേക്ഷകന് പ്രത്യാശയുടെ ഒരു മറുപടിയും ഉത്തരവാദപ്പെട്ടവരിൽ നിന്ന് കിട്ടുന്നില്ല. എന്നിട്ടും മുഖ്യമന്ത്രി ഭരണഗോപുരത്തിൽ ഇരുന്നാൽ മതിയെന്നാണോ?





**പെരുമ്പടവം ശ്രീധരൻ** (സാഹിത്യകാരൻ)

ജനങ്ങളുടെ ഇടയിൽ ജീവിക്കുമ്പോഴേ തനിക്ക് ജീവിതമുള്ളൂവെന്ന് കരുതുന്ന ഒരു നേതാവ് അത്ര സാധാരണമല്ല. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ജനങ്ങൾക്ക് പ്രിയങ്കരനായിത്തീരുന്നത് ഈ അസാധാരണത്വം കൊണ്ടാണ്. ജനങ്ങളിൽ നിന്ന് അകന്നുള്ള ഒരു ജീവിതമില്ല അദ്ദേഹത്തിന്. എത്രയായിരം സങ്കടങ്ങളാണ് അദ്ദേഹം കേൾക്കുന്നത്. അത്ഭുതത്തോടെ ഓർത്തുപോകുന്നു.



**ഭാഗ്യലക്ഷ്മി** (ഡബ്ബിങ് ആർട്ടിസ്റ്റ്)

സാധാരണക്കാർക്ക് മുഖ്യമന്ത്രിയുടെ അടുക്കലെത്താനും അവരുടെ നീറുന്ന പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ മുന്നിൽ അവതരിപ്പിക്കാനും ഇടനിലക്കാർ ഉണ്ടായിരുന്നു. അവർ പല അർഥത്തിലും പാവങ്ങളെ ചൂഷണം ചെയ്തിരുന്നു. വളരെ അത്യാവശ്യകാര്യങ്ങൾ പോലും നടക്കാതിരുന്ന അവസ്ഥ മാറിയിരിക്കുന്നു. ജനസമ്പർക്കപരിപാടി എല്ലാക്കാലത്തും എല്ലാ മുഖ്യമന്ത്രിമാരും നിലനിർത്തണം.

ജനസമ്പർക്കത്തിൽ നിന്നും എത്രയോ വ്യത്യസ്തവും ഫലപ്രദവുമായിരുന്നു ഒടുവിലത്തെ ജനസമ്പർക്കപരിപാടി. പൂർണമായും കംപ്യൂട്ടറൈസ്ഡ് ആയതുകൊണ്ടുതന്നെ ജനസമ്പർക്കത്തിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ഭരണസംവിധാനത്തിലെ പഠനത്തിനുള്ള ഡാറ്റ ആയി ഉപയോഗിക്കാൻ സാധിക്കും. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഭരണപരിഷ്കാരം നടപ്പാക്കാൻ സർക്കാരിന് സാധിക്കുന്നു. ചുരുക്കത്തിൽ സർക്കാരിനും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പരിപാടിയായി ജനസമ്പർക്കം മാറിക്കഴിഞ്ഞു. ആസൂത്രണതലത്തിൽ ഗുണഭോക്താക്കളെ തിരിച്ചറിയാനും പദ്ധതികളുടെ ആവിഷ്കാരത്തിനും നടത്തിപ്പിനും ജനസമ്പർക്കത്തിലൂടെ ലഭിക്കുന്ന പ്രതികരണങ്ങളും വിവരങ്ങളും സഹായിക്കുന്നു.

### എവിടെയാണ് ഏറ്റവും പരാതിക്കാർ?

ഗ്രാമീണതലത്തിലായാലും നഗരത്തിലായാലും ഏറ്റവും കൂടുതൽ പരാതികളുണ്ടാകുന്നത് ആരോഗ്യ-ഭവന നിർമാണ മേഖലയിലാണ്. ആഹാരവും പാർപ്പിടവും എന്ന അടിസ്ഥാന പ്രശ്നത്തിന്റെ സമകാലിക രൂപമാണത്. ഇത് സർക്കാരിന്റെ ഭൂമിയുള്ളവർക്ക് വീട് നൽകാമെന്ന ആദ്യ കാഴ്ചപ്പാടിനെ മാറ്റിമറിച്ചു. ഭൂമിയില്ലാത്തവർക്കും ഭൂമി നൽകി വീട് വെച്ചുകൊടുക്കുന്ന നിലയിലേക്ക് കാഴ്ചപ്പാടിനെ പരിഷ്ക്കരിച്ചു. ആരോഗ്യസംരക്ഷണ രംഗത്ത് പലരും ഇത്രകാലമായി ശ്രദ്ധിക്കപ്പെടാതെപോയിരുന്ന ഓട്ടിസം ബാധിച്ച കുട്ടികൾ, സാധു-വൃദ്ധജനങ്ങൾ, കാൻസർ രോഗികൾ, 25 വയസ്സുകഴിഞ്ഞ മാനസികരോഗികൾ തുടങ്ങിയവരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുകഴിഞ്ഞു. സാമൂഹിക സുരക്ഷയും ആരോഗ്യസംരക്ഷണവും ഉറപ്പുവരുത്തുന്നതിലൂടെ സമൂഹത്തിലെ വലിയൊരുവിഭാഗത്തിന്റെ വർഷങ്ങളായുള്ള അടിസ്ഥാനപ്രശ്നങ്ങൾക്കു കൂടിയാണ് പരിഹാരമാകുന്നത്.

### 42 ദിവസം, മികച്ച നേട്ടം

മൂന്നു ജനസമ്പർക്കത്തിലൂടെ മുഖ്യമന്ത്രി ജനങ്ങൾക്കിടയിൽ പൂർണമായി ചെലവഴിച്ചത് 42 ദിവസമാണ്. ഈ ദിവസങ്ങളിലെ മികച്ച ഭരണനിർവഹണവും സാധാരണക്കാർക്ക് ലഭിച്ച നേട്ടവും പരിശോധിച്ചാൽ ഒരുകാര്യം ഉറപ്പാണ്. കേരളത്തിന്റെ വികസനത്തിനും കരുതലിനും വേണ്ടി നടപ്പാക്കുന്നതിൽ ഏറ്റവും മികച്ച അനന്തരഫലം നൽകുന്ന പരിപാടിയാണ് ജനസമ്പർക്കം. ■

*(തയാറാക്കിയത്: റ്റി. സതികുമാർ)*

## ജ്യോതിയുടെ 'കരളിനു' താങ്ങായ് മുഖ്യമന്ത്രിയുടെ കനിവ്

*ജീവിതത്തിന്റെ പാതി വഴിയിൽ കണവൻ കരൾ രോഗം വന്നു കിടപ്പിലായപ്പോൾ ആലപ്പുഴ താമരക്കുളം രാജേഷ് ഭവനിൽ ജ്യോതി തളർന്നില്ല. വേദനിക്കുന്ന മനസുമായി തന്റെ ദുരിതാവസ്ഥ മുഖ്യമന്ത്രിക്ക് മുന്നിൽ അവർ നേരിട്ട് പറഞ്ഞു. കുടുംബത്തിന്റെ അത്താണിയായ ഭർത്താവ് കരൾ രോഗം വന്നു കിടപ്പിലായി. അടിയന്തിര ശസ്ത്രക്രിയ നടത്തിയാൽ ഭർത്താവിന്റെ ജീവൻ രക്ഷിക്കാം. അതിനായി 10 ലക്ഷം രൂപ വേണം. ഭർത്താവാണ് ജീവിതത്തിന്റെ ഏക ആശ്രയം. ഗുരുതരമാണ് ഭർത്താവിന്റെ അവസ്ഥ. ഒക്കെ ശ്രദ്ധിച്ചു കേട്ട മുഖ്യമന്ത്രി ജ്യോതിക്കും 10 വയസുകാരിയായ മകൾക്കും താങ്ങായ ഭർത്താവിനെ രക്ഷിക്കാൻ മൂന്ന് ലക്ഷം രൂപ അനുവദിച്ചു. ഒരു കുടുബത്തിന്റെ കണ്ണീർ പുഞ്ചിരിയായി.*



സൂസൻ മാത്യു

## ഈ വീട് പറയുന്നു

# ഭരണം യന്ത്രമല്ല തിരുത്തലാണ്



ഒരു തുണ്ടു ഭൂമിപോലും സ്വന്തമായി ഇല്ലാതെ ആരാധനാലയങ്ങളിൽ അന്തിയുറങ്ങിയ, ജീവിക്കാൻ ഭിക്ഷയാചിച്ചു നടന്ന ബേബിക്ക് സുതാര്യകേരളം പരിപാടിയിലൂടെ നഗരപരിധിയിൽ പുത്തനൊരു വീട് ലഭിച്ചു. ഒറ്റക്കാലിൽ സ്ട്രെച്ചറിന്റെ സഹായത്തോടെ നടക്കുന്ന ബേബിക്ക് താങ്ങായി സർക്കാരിനൊപ്പം സുമനസ്സുകളുമെത്തി.



പലരും സ്വന്തം വീടു നിർമ്മാണത്തിനായി വച്ചിരുന്ന സാധന സാമഗ്രികൾ പോലും നിറഞ്ഞമനസ്സോടെ നല്കി. മാത്രമല്ല, സൗജന്യമായി പെയിന്റ് നൽകുകയും തുച്ഛമായ തുകയ്ക്ക് വയറിംഗ് പണികൾ ചെയ്തു കൊടുക്കുകയും ചെയ്ത സ്ഥാപനങ്ങളും വ്യക്തികളുമൊക്കെ സമൂഹത്തിന് നല്ലൊരു മാതൃകയാണ് സൃഷ്ടിച്ചത്.

മുഖ്യമന്ത്രിയുടെ സുതാര്യകേരളം പരിപാടിയിൽ തനിക്കും കുടുംബത്തിനും തല ചായ്ക്കാൻ സ്ഥലം അനുവദിക്കണമെന്ന് അപേക്ഷിച്ചപ്പോൾ ബേബി ഒരിക്കലും ചിന്തിച്ചിരുന്നില്ല, ലഭിക്കാൻ പോകുന്നത് ഇത്രവലിയ സൗഭാഗ്യമായിരിക്കുമെന്ന്. പാളയം ട്രിഡ കോംപ്ലക്സ് പരിസരത്ത് ഒറ്റക്കാലിൽ ഭിക്ഷയാചിച്ചു നടന്ന ബേബിക്ക് ലഭിച്ചത് 550 സ്ക്വയർഫീറ്റ് വീടും കിണറും വൈദ്യുതിയുമുൾപ്പെടെ എല്ലാ സൗകര്യങ്ങളും. 82 കാരിയായ അമ്മയും ഏഴാംക്ലാസ് വിദ്യാർത്ഥിനിയായ മകൾ മിന്നുവും അടങ്ങുന്ന ബേബിയുടെ കുടുംബത്തിന് സ്വന്തമായി ഒരു വീട് എന്ന യാഥാർത്ഥ്യത്തിലെത്താൻ സംസ്ഥാന സർക്കാരിനൊപ്പം കൈകോർത്തത് നിരവധി സന്മനസ്സുകളാണ്.

സുതാര്യകേരളം പരിപാടിയിലൂടെ 2011 ൽ ഇവർക്ക് മൂന്നു സെന്റ് സ്ഥലവും രണ്ടുലക്ഷം രൂപയും അനുവദിച്ചിരുന്നെങ്കിലും ഒറ്റക്കാലിൽ സ്ട്രക്ച്ചറിന്റെ സഹായത്താൽ ജീവിക്കുന്ന ബേബിക്ക് വീട് നിർമ്മാണം ഏറ്റെടുക്കാനുള്ള ശേഷിയില്ലായിരുന്നു. മാത്രമല്ല, ആദ്യം കെട്ടിയ അടിത്തറ കനത്ത മഴയിൽ വെള്ളം കയറി നശിച്ചു. ഇതറിഞ്ഞ ജില്ലാകളക്ടർ വീടിന്റെ നിർമ്മാണച്ചുമതല പേയാട് മിണ്ണംകോട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സത്യാന്വേഷണ ചാരിറ്റബിൾ സൊസൈറ്റിയെ ഏൽപ്പിച്ചു. ഇവർ സഹായസന്നദ്ധരായ നിരവധി ആൾക്കാരിൽ നിന്നും ആറുലക്ഷത്തോളം രൂപ സ്വരൂപിച്ച് വീടുനിർമ്മിച്ചു നൽകുകയായിരുന്നു. കുണ്ടമൺകടവ് പാലത്തിനു സമീപമുള്ള മൂന്നുസെന്റ് സ്ഥലത്ത് ബേബിക്കും കുടുംബത്തിനും വേണ്ടി നിർമ്മിച്ച വീടിന് 7,97,550 രൂപയാണ് ചെലവ്.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു പുറമെ ആദ്യമായാണ് സത്യാന്വേഷണ ചാരിറ്റബിൾ സൊസൈറ്റി ഇത്തരമൊരു പ്രവർത്തി ഏറ്റെടുത്തു നടത്തിയത്. ജില്ലാ നിർമ്മിതി കേന്ദ്രത്തിനായിരുന്നു നിർമ്മാണച്ചുമതല. പലരും സ്വന്തം വീടു നിർമ്മാണത്തിനായി വച്ചിരുന്ന സാധനസാമഗ്രികൾ പോലും നിറഞ്ഞമനസ്സോടെ നല്കി. മാത്രമല്ല, സൗജന്യമായി പെയിന്റ് നൽകുകയും തുച്ഛമായ തുകയ്ക്ക് വയറിംഗ് പണികൾ ചെയ്തു കൊടുക്കുകയും ചെയ്ത സ്ഥാപനങ്ങളും വ്യക്തികളുമൊക്കെ സമൂഹത്തിന് നല്ലൊരു മാതൃകയാണ് സൃഷ്ടിച്ചത്.

കെട്ടിടനിർമ്മാണത്തൊഴിലാളിയായിരുന്ന ബേബിക്ക് പന്ത്രണ്ടു വർഷം മുൻപ് ജോലിക്കിടയിൽ കെട്ടിടത്തിനുമുകളിൽ നിന്നുള്ള വീഴ്ചയിലാണ് ഇടതുകാൽ നഷ്ടപ്പെട്ടത്. കാലു മുറിച്ചു മാറ്റിയ ദിവസം തന്നെ ഭർത്താവ് ഉപേക്ഷിച്ചു. ഒരു തുണ്ടു ഭൂമിപോലും സ്വന്തമായില്ലാതെ ആരാധനാലയങ്ങളിൽ അന്തിയുറങ്ങിയ ഇവർ നാട്ടുകാരിലൊരാളുടെ കാരുണ്യത്താൽ കാട്ടുവിളയിൽ താമസിക്കുകയായിരുന്നു.

മെയ് ഒന്നിന് കളക്ടറുടെ സാന്നിധ്യത്തിൽ സ്പീക്കർ എൻ. ശക്തൻ സത്യാന്വേഷണസദനമെന്ന വീടിന്റെ താക്കോൽദാനം നടത്തിയപ്പോൾ സന്തോഷത്തിന്റെയും നന്ദിയുടെയും കണ്ണീരിൽക്കുതിർന്ന്, തനിക്ക് സ്വപ്നം കാണാൻ പോലും സാധിക്കാത്ത സൗഭാഗ്യമൊരുക്കിത്തന്ന എല്ലാവരോടും ബേബി നന്ദിപറഞ്ഞു. സുതാര്യകേരളവും, ജനസമ്പർക്കപരിപാടിയുമൊക്കെ സംസ്ഥനസർക്കാരിന് സാധുക്കളോടുള്ള കരുതലിന്റെ ഭാഗമാകുമ്പോൾ തെളിയുന്നത് നിരവധി കുടുംബങ്ങളുടെ പ്രതീക്ഷകളാണ്.

**4**
**വർഷം**

**12,42,599**
**പരാതികൾക്ക്**
**പരിഹാരം**

**168.15**
**കോടി**
**സഹായം**

# ജനസമ്പർക്കം ഒറ്റനോട്ടത്തിൽ

| ജില്ല | മൊത്തം പരാതികൾ | വിതരണം ചെയ്ത തുക (കോടിയിൽ) |
|---|---|---|
| തിരുവനന്തപുരം | 73357 | 7.92 |
| കൊല്ലം | 120201 | 16.19 |
| ആലപ്പുഴ | 99401 | 13.24 |
| പത്തനംതിട്ട | 73746 | 13.01 |
| കോട്ടയം | 115095 | 11.96 |
| ഇടുക്കി | 100062 | 18.54 |
| എറണാകുളം | 44362 | 10.32 |
| തൃശൂർ | 150999 | 11.69 |
| പാലക്കാട് | 102136 | 13.28 |
| മലപ്പുറം | 102340 | 16.37 |
| കോഴിക്കോട് | 56371 | 9.17 |
| വയനാട് | 67897 | 6.81 |
| കണ്ണൂർ | 71091 | 12.38 |
| കാസർകോട് | 65541 | 7.27 |

- ☺ പാലക്കാട് മെഡിക്കൽ കോളേജിന്റെ ആദ്യഘട്ടത്തിന് 360 കോടി
- ☺ അട്ടപ്പാടിയിൽ സംയോജിത കാർഷികവികസന പദ്ധതി
- ☺ പാലക്കാട് 13 ഊരുകളിൽ സൗരോർജ വൈദ്യുതിക്ക് 4.85 കോടി



**മുരുകൻ കാട്ടാക്കട** (കവി, ചലച്ചിത്ര ഗാനരചയിതാവ്)

ഭരണ സിരാകേന്ദ്രത്തിൽ നിന്ന് ഭരണാധികാരികൾ ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നു എന്നത് ഏറെ ശോഭനമായ കാര്യമാണ്. ഇതുവഴി നല്ലൊരു ശതമാനം ജനവിഭാഗങ്ങളുടെ അവശതകൾക്ക് പരിഹാരമാകും എന്നതും ശ്രദ്ധേയമാണ്.





# നല്ല നാളെക്കായ് 4 വാഗ്ദാനങ്ങൾ

ഉമ്മൻചാണ്ടി മന്ത്രിസഭയുടെ നാലാം വാർഷിക വേളയിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ച നാല് പദ്ധതികൾ. അവയുടെ സാമൂഹ്യ പ്രസക്തിയും പുരോഗതിയും വിലയിരുത്തുന്നു.



**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത്-സാമൂഹ്യനീതി മന്ത്രി

## 30 ലക്ഷം ക്ഷേമ പെൻഷനുകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക്

ഏറ്റവും ഒടുവിലെ കണക്കനുസരിച്ച് കേരളത്തിൽ വിവിധ ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവരുടെ എണ്ണം 29,38,867 ആണ്. ഇവരുടെ പ്രതിമാസ പെൻഷൻ തുക 213 കോടി രൂപയാണ്. ഒരു വർഷം വേണ്ടി വരുന്ന തുക 2500 കോടി രൂപയിലധികമാണ്. ഇന്ദിരാഗാന്ധി വാർധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ, കർഷക ത്തൊഴിലാളി പെൻഷൻ എന്നിവയാണ് പ്രധാന ക്ഷേമ പെൻഷനുകൾ.

വാർധക്യകാല പെൻഷൻകാരാണ് എണ്ണത്തിൽ കൂടുതൽ - 10,17,600. ഇവരിൽ 8,97,829 പേർ 80 വയസ്സിനു താഴെയും 1,19,771 പേർ 80 ന് മുകളിലും പ്രാ




യമുള്ളവരാണ്. ഇവരുടെ പ്രതിമാസ പെൻഷൻ 68.24 കോടി രൂപയാണ്. വിധവാ പെൻഷൻ 10,44,944 പേർക്ക് ലഭിക്കുന്നു. ഇതിന് വേണ്ടിവരുന്ന പ്രതിമാസ തുക 83.59 കോടി രൂപയാണ്. വികലാംഗ പെൻഷൻ ലഭിക്കുന്നവരായ 3,11,423 ഗുണഭോക്താക്കളുണ്ട്; ഇവരിൽ 33,816 പേർ 80 ശതമാനത്തിലധികം വൈകല്യമുള്ളവരാണ്. ഇവരുടെ പെൻഷനായി മാസം തോറും 25.92 കോടി രൂപയാണ് വിതരണം ചെയ്യേണ്ടത്. അമ്പത് വയസ്സിന് മുകളിൽ പ്രായമുള്ള 67,404 അവിവാഹിതകൾക്ക് പെൻഷൻ നൽകാനായി 5.39 കോടി രൂപയും 4,97,496 പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ നൽകാനായി 29.84 കോടി രൂപയുമാണ് സർക്കാരിന്റെ പ്രതിമാസച്ചെലവ്.

ഈ പെൻഷനുകൾ യഥാവസരം ഗുണഭോക്താക്കളുടെ സ്വന്തം അക്കൗണ്ടുകളിലേക്ക് അതത് മാസം 5-ാം തീയതിക്ക് മുമ്പ് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത 'സേവന പെൻഷൻ' സോഫ്റ്റ് വെയർ മുഖേന എത്തുന്ന പദ്ധതിയുടെ ഉദ്ഘാടനം 2015 ജൂലൈ 6 ന് ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി നിർവഹിച്ചു. തിരുവനന്തപുരം ജില്ലയിൽ തുടക്കമായ ഈ പദ്ധതി ഉടൻ തന്നെ ഇതര ജില്ലകളിലും പ്രാവർത്തികമാക്കുന്നതാണ്. കേരള ജനസംഖ്യയുടെ പത്തിലൊന്നോളം വരുന്ന ക്ഷേമ പെൻഷൻകാരെ സംബന്ധിച്ചിടത്തോളം ഏറെ ആശ്വാസം പകരുന്നതാണ് സ്വന്തം അക്കൗണ്ടുകളിൽ കൃത്യമായി പെൻഷൻ എത്തുന്ന ഈ സംവിധാനം. ക്ഷേമകാര്യങ്ങളിൽ ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന കേരളത്തിന് 'ഡയറക്റ്റ് ബനിഫിറ്റ് ട്രാൻസ്ഫർ - ഡിബിറ്റി' പദ്ധതി വേഗതയുടെയും കരുതലിന്റെയും മുഖം കൂടുതൽ തിളക്കമാർന്നതാക്കുന്നു. ■



**പി.കെ. അബ്ദുറബ്ബ്**
വിദ്യാഭ്യാസ മന്ത്രി



# വിരൽത്തുമ്പിൽ അറിവുമായി ഡിജിറ്റൽ പാഠപുസ്തകങ്ങളുടെ വിപ്ലവ കാലം

അറിഞ്ഞതിലുമധികം അറിയാൻ അവസരമൊരുക്കി ഡിജിറ്റൽ ടെക്സറ്റുകൾ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ വിപ്ലവമാകും. അടുത്ത അധ്യയന വർഷം മുതൽ ഇത് നടപ്പിൽ വരും. വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബിന്റെ പ്രത്യേക താത്പര്യത്തിലാണ് ഡിജിറ്റൽ ടെക്സ്റ്റ് ബുക്ക് പദ്ധതി പ്രാവർത്തികമാവുക.

വിദ്യാഭ്യാസമേഖലയിൽ ഈ ദിശയിലുള്ള രാജ്യത്തെ ആദ്യ ചുവടുവെപ്പാണിത്. പൊതുവിദ്യാഭ്യാസ വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്. ഡിജിറ്റൽ കൊളാബ്രേറ്റീവ് ടെക്സ്റ്റ് ബുക്ക് സംവിധാനമെന്ന് ഇതിനെ സാങ്കേതികമായി പറയുന്നു. ഇലക്ട്രോണിക് സങ്കേതങ്ങളുപയോഗിച്ച് പാഠപുസ്തകത്തിലുള്ള അറിവിനെ ക്ലാസ്മുറിയിലെത്തിക്കു

☺ കേരളത്തിലെ ആദ്യത്തെ ആകാശപ്പാതയുടെ നിർമാണം കോട്ടയത്ത് ആരംഭിച്ചു.

☺ ശുചിത്വ കോട്ടയത്തിന് ഒരു കോടി, ചിങ്ങവനത്ത് കായിക ഇൻസ്റ്റിറ്റ്യൂട്ട്

☺ ഇടുക്കിയിൽ ഭിന്നശേഷിക്കാരുടെ ചികിത്സാ സൗകര്യത്തിന് അഞ്ച് സംരക്ഷണ കേന്ദ്രങ്ങൾ, ഒപ്പം കാൻസർ, ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങളും.



**ശങ്കർ** (ആർക്കിടെക്റ്റ്)

ജനപ്രതിനിധികളിലൂടെയും ഉദ്യോഗസ്ഥരിലൂടെയും നിയമവഴികളിലൂടെയും ജനങ്ങൾക്ക് അവരുടെ അവകാശങ്ങൾ നേടിയെടുക്കാനാകും. കോടതിവിധികളിലൂടെ പരിഹാരം തേടാൻ ശ്രമിക്കുന്ന കാര്യങ്ങൾക്കും ഓഫീസ് മുറികളിൽ തീർപ്പ് കാത്തുകിടക്കുന്ന ഫയലുകൾക്കും കാലതാമസം നേരിടുമെന്നത് വേദനാകരമാണ്. ഈ സന്ദർഭത്തിലാണ് ജനസമ്പർക്കപരിപാടികൾക്ക് പ്രസക്തിയേറുന്നത്. ജനങ്ങളുമായി നേരിട്ട് സംവദിക്കുന്ന അവരുടെ കണ്ണീരൊപ്പുന്ന ഉമ്മൻ ചാണ്ടിയുടെ ജനസമ്പർക്ക പരിപാടി ശ്ലാഘനീയമാണ്.

ന്നതാണ് പദ്ധതി. പാഠപുസ്തകത്തിലെ അറിവിനെ സമയനഷ്ടമില്ലാതെ വിദ്യാർഥികൾക്ക് ലഭ്യമാക്കുകയെന്ന ദൗത്യമാണ് ഡിജിറ്റൽ കൊളാബ്രേറ്റീവ് ടെക്സ്റ്റ് ബുക്കുകൾ നിർവഹിക്കുക.

പഠിക്കാൻ ബുദ്ധിമുട്ടുള്ള പാഠഭാഗങ്ങൾ പ്രത്യേകം അടയാളപ്പെടുത്തിയാകും അവതരിപ്പിക്കുന്നത്. ഏറ്റവും വലിയ ഗുണവശവും ഇതാണ്. ഈ ഭാഗങ്ങളെപ്പറ്റി വിശദമായി പറയാൻ



കഴിവുള്ള ഏതൊരാൾക്കും ലോകത്തെവിടെനിന്നും വിശദീകരണം അപ്‌ലോഡ് ചെയ്യാം. വീഡിയോ ഓഡിയോ സൗകര്യവും ലഭ്യം. ഇങ്ങനെ കിട്ടുന്ന വിശദീകരണങ്ങൾ പ്രത്യേക സമിതി പരിശോധിച്ച് ഉറപ്പാക്കിയശേഷം പാഠപുസ്തകത്തിന്റെ ഭാഗമാക്കി മാറ്റുന്നു. ഡിജിറ്റൽ പാഠപുസ്തകത്തിൽ ബഹിരാകാശമേഖലയാണ് പ്രതിപാദ്യമെങ്കിൽ ഏത് ബഹിരാകാശ ശാസ്ത്രജ്ഞനും തനിക്ക് വിദ്യാർഥികളോട് പറയാനുള്ളത് പറയാം. ഹൃദയത്തെക്കുറിച്ചാണെങ്കിൽ ഹൃദ്രോഗവിദഗ്ധനും വൈദ്യുതിയെക്കുറിച്ചാണെങ്കിൽ എൻജിനീയർമാർക്കും കൂടുതൽ കാര്യങ്ങൾ അപ്‌ലോഡ് ചെയ്യാമെന്ന പ്രത്യേകതയുണ്ട്. അനേകം പ്രഗത്ഭർ പങ്കുവെക്കുന്ന അറിവ് ഒരേ സമയം വിദ്യാർഥികൾക്ക് പകർന്നുനൽകാൻ കഴിയും.

അച്ചടിച്ച ടെക്സ്റ്റ് ബുക്കിന്റെ പോരായ്മ അറിവിന്റെ ഭാഗമായി ലഭിച്ച പുത്തൻ അനുഭവങ്ങൾ പങ്കുവെക്കാൻ അധ്യാപകർക്കോ വിദ്യാർഥികൾക്കോ കഴിയുന്നില്ല എന്നതാണ്. ഈയൊരു പോരായ്മ ഡിജിറ്റൽ ബുക്കുകൾ നികത്തും. പാഠപുസ്തകത്തിലില്ലാത്ത ചോദ്യങ്ങൾക്കു കൂടി നൽകും. ആധികാരികമായി അറിവ് ലഭിക്കുന്നുവെന്നത് വളരെ പ്രാധാന്യമർഹിക്കുന്നു.

നിലവിലുള്ള അച്ചടിച്ച പാഠപുസ്തകങ്ങളെ അതേപടി നിലനിർത്തിയാണ് ഡിജിറ്റൽ ടെക്സ്റ്റ് ബുക്ക് അവതരിപ്പിക്കുന്നത്. അച്ചടിച്ച പാഠപുസ്തകത്തിലെ ഒരു വാക്കോ, വരിയോ മാറ്റമില്ലാതെ സ്കാൻ ചെയ്ത് ഡിജിറ്റൽ പാഠപുസ്തകത്തിലേക്ക് അപ്‌ലോഡ് ചെയ്യാം. ഈ പാഠപുസ്തകത്തെ അടിസ്ഥാനപ്പെടുത്തി തന്നെയാണ് അധ്യാപകൻ ക്ലാസ്സെടുക്കുക. ഡിജിറ്റൽ ടെക്സ്റ്റ് ബുക്ക് ഉപയോഗിക്കാത്ത അധ്യാപകന് പഴയ പാഠപുസ്തകങ്ങൾ ഉപയോഗിക്കാം. അധ്യാപകനില്ലാതെയും വിദ്യാർഥികൾക്ക് സ്വയം ഡിജിറ്റൽ കൊളാബ്രേറ്റീവ് ടെക്സ്റ്റ് ബുക്ക് ഉപയോഗിക്കാം. ലളിതമായ കംപ്യൂട്ടർ ആപ്ലിക്കേഷൻ എന്ന നിലയിലാണ് ഡിജിറ്റൽ കൊളാബ്രേറ്റീവ് ടെക്സ്റ്റ് ബുക്ക് ആവിഷ്കരിച്ചിട്ടുള്ളത്. ഡിജിറ്റൽ കൊളാബ്രേറ്റീവ് ടെക്സ്റ്റിൽ രണ്ട് സെർവറുകളാണുള്ളത്. ഒന്ന് ഉള്ളടക്കം വിതരണം ചെയ്യാനുള്ളതും മറ്റൊന്ന് കൂട്ടിച്ചേർക്കുന്ന വിവരങ്ങൾ സ്വീകരിക്കാനുള്ളതും. കൂട്ടിച്ചേർക്കപ്പെട്ട വിവരങ്ങൾ കരിക്കുലം ഒബ്ജക്ടീവുമായി യോജിച്ചുപോകുന്നതാണെന്ന് കണ്ടെത്തിയാൽ അത്തരം വിവരങ്ങൾ ഡിജിറ്റൽ ടെക്സ്റ്റ് ബുക്കിനോട് കൂട്ടിച്ചേർക്കും. ഈ രണ്ടു സെർവറുകളും പരിപാലിക്കുന്നത് ഐ.ടി@സ്കൂളാണ്. വിദ്യാഭ്യാസ വകുപ്പിന്റെ ധീരമായ ചുവടുവെപ്പാണ് ഡിജിറ്റൽ ടെക്സ്റ്റ്ബുക്ക് പദ്ധതി. ■

## ഇടഞ്ഞ കൊമ്പന്റെ മുന്നിലും പതറാത്ത മാതൃകാ സേവനത്തിന് സർക്കാർ വക 10 ലക്ഷം

*ഇടഞ്ഞ ആനയെ മയക്കുവെടിവയ്ക്കുമ്പോൾ ഡോ. ഗോപകുമാർ ഓർത്തില്ല ഇത് തന്റെ അന്ത്യനിമിഷമാണെന്ന്. കൊല്ലപ്പെട്ട മല്ലപ്പള്ളി ആർ.ഐ.സിയിലെ എലിഫന്റ് സ്ക്വാഡ് വിദഗ്ധനും മൃഗഡോക്ടറുമായ ഡോ. ഗോപകുമാറിന്റെ മാതൃകാ സേവനത്തിന് 10 ലക്ഷം രൂപ കൃഷി മന്ത്രി മരണാനന്തര ധനസഹായമായി നൽകി. ഭർത്താവിന്റെ മാതൃകാ സേവനത്തിന് ലഭിച്ച തുക മുഖ്യമന്ത്രിയിൽ നിന്നും കൈപ്പറ്റിയപ്പോൾ പത്നി ഡോ. ബിന്ദു ലക്ഷ്മി വിതുമ്പി.*

*2015 ജനുവരി 11 നായിരുന്നു കേരളത്തെ ഞെട്ടിച്ച ആ സംഭവം നടന്നത്. വായ്പൂര് ക്ഷേത്രത്തിലെ ഉത്സവത്തിന് എഴുന്നള്ളിച്ച ആന ഇടഞ്ഞ സമീപത്തെ ഒരു കോളനിയെ ലക്ഷ്യമാക്കി പാഞ്ഞപ്പോൾ ആയിരത്തോളം വരുന്ന പ്രദേശവാസികളെ രക്ഷിക്കാൻ മയക്കുവെടിവയ്ക്കാൻ നിയോഗിച്ചതാണ് കരുനാഗപ്പള്ളി കാക്കരുവീട്ടിൽ ഡോ. ഗോപകുമാറിനെ. 20 വർഷത്തെ സർവീസിനിടെ 95 ൽപരം തവണ ആനയെ മയക്കുവെടിവച്ച് തളച്ചതായിരുന്നു ഡോ. ഗോപകുമാർ. ഇടച്ചങ്ങലയില്ലാതെ ആനയെ എഴുന്നള്ളിച്ച അധികൃതരുടെ അനാസ്ഥയായിരുന്നു അപകടകാരണമെന്ന് വേദനയോടെ ചൂണ്ടിക്കാട്ടുന്നു. തിരുവനന്തപുരം നേമം ശ്രീവിദ്യാധിരാജ ഹോമിയോ കോളേജിലെ ലക്ചറർ ആണ് ഡോ. ബിന്ദു ലക്ഷ്മി. മകൾ ഗോപിക പ്ലസ്ടുവിദ്യാർത്ഥിനിയാണ്.*



**ഡോ. ഗോപകുമാറിന്റെ ഭാര്യ ഡോ. ബിന്ദുലക്ഷ്മി മുഖ്യമന്ത്രിയിൽ നിന്ന് സഹായധനം ഏറ്റുവാങ്ങുന്നു**



കെ. ബാബു
ഫിഷറീസ് മന്ത്രി



നല്ല നാളെക്കായ് 4 വാഗ്ദാനങ്ങൾ

# 68 മത്സ്യത്തൊഴിലാളി കോളനികൾ

മത്സ്യത്തൊഴിലാളി കോളനികളിലെ ശോചനീയാവസ്ഥയിലായ കെട്ടിടങ്ങൾ പൊളിച്ച് പുതിയവ നിർമിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കുന്നതിനും സർക്കാർവക ധനസഹായം

സംസ്ഥാനത്ത് തിരഞ്ഞെടുത്ത 68 മത്സ്യത്തൊഴിലാളി കോളനികൾ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതനുസരിച്ച് മത്സ്യത്തൊഴിലാളി കോളനികളിലെ ശോചനീയാവസ്ഥയിലായ ഇരട്ട കെട്ടിടങ്ങൾ പൊളിച്ച് പുതിയവ നിർമിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കുന്നതിനും ധനസഹായം അനുവദിക്കുന്നു. പദ്ധതിയുടെ ഭാഗമായി 556 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുതിയ ഭവനം നിർമിക്കുന്നതിന് രണ്ടു ലക്ഷം രൂപ വീതവും 911 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നിലവിലെ ഭവനം നവീകരിക്കുന്നതിന് 50,000 രൂപ വീതവും ധനസഹായം നൽകുന്നു. ഇതിൽ 158 പുതിയ ഭവനങ്ങളുടെയും നിർമാണവും 690 ഭവനങ്ങളുടെ നവീകരണവും പൂർത്തിയായി കഴിഞ്ഞു. ബാക്കിയുള്ളവയുടെ നിർമാണ-നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. കൂടാതെ കോളനിയുടെ പൊതു അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, ഇലക്ട്രിഫിക്കേഷൻ, നടപ്പാത, അംഗൻവാടി, ലൈബ്രറി തുടങ്ങിയവയുടെ വികസനവും ഇതിൽപ്പെടുത്തി നടപ്പിലാക്കുന്നു. ഇതിനായി 30 കോടി രൂപ ചെലവഴിക്കുന്നു. ■

- ☺ മാനന്തവാടിയിൽ ട്രൈബൽ കോളേജ് ഈ വർഷം
- ☺ പയ്യന്നൂർ കേന്ദ്രമായി പുതിയ താലൂക്ക്, മേലേ ചൊവ്വ മുതൽ പുതിയതെരു വരെ ഫ്ളൈ ഓവർ
- ☺ പയ്യന്നൂരിൽ പൂരക്കളി അക്കാദമി, കണ്ണൂർ ജില്ലയിൽ ടൂറിസം സർക്യൂട്ട്



**മോഹനകൃഷ്ണൻ കാലടി** (കവി)

ജനാധിപത്യ വ്യവസ്ഥയിൽ ഒരു ഭരണാധികാരി ജനസമക്ഷം നേരിട്ടെത്തി അവരുടെ നീറുന്ന ആകുലതകൾക്ക് ഉടനടി പരിഹാരം കാണുന്നുവെന്നത് പ്രശംസാർഹമാണ്. ചുവപ്പുനാടകളിൽ കുരുങ്ങിക്കിടന്ന കീറാമുട്ടി പ്രശ്നങ്ങൾക്ക് ഇതോടെ ശാശ്വതപരിഹാരമായി. മാതൃകാപരമായ പ്രവർത്തനമാണ് ജനസമ്പർക്ക പരിപാടി.

**കെ.എൽ. മോഹനവർമ** (നോവലിസ്റ്റ്, സാഹിത്യകാരൻ)

ജനാധിപത്യത്തിൽ അധികാരകേന്ദ്രത്തിന് പ്രജകളുമായി അടുക്കാൻ ഉദ്യോഗസ്ഥന്റെ ആവശ്യമുണ്ടായിരുന്നു. ഒട്ടുമിക്ക കേസുകളിലും പ്രശ്നപരിഹാരത്തിന് ഉന്നതാധികാരികളുടെ അടുക്കലെത്തുകയെന്നതിന് ഈ ഉദ്യോഗസ്ഥവൃന്ദം തടസ്സമായിരുന്നു. ശതമാനക്കണക്കുകളിലെ തീർപ്പുകളെക്കാളും ജനസമ്പർക്കപരിപാടി സാധാരണക്കാരന് ലഭിക്കുന്ന അവകാശമായി എന്നതാണ് നേട്ടം.



# പുനരുദ്ധരിക്കുന്നു



- കാസർകോട് സാഫല്യം പദ്ധതിയിൽ എൻഡോസൾഫാൻ ദുരിതബാധിതരായ 100 പേർക്ക് വീട്
- മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്ക് ആശുപത്രി ഉടൻ
- ഓട്ടിസം, സെറിബ്രൽ പാൾസറി മാനസിക വെല്ലുവിളി ബാധിച്ച കുട്ടികൾക്ക് പ്രത്യേക പദ്ധതി

## അന്ധതയുടെ ഇരുളിലും ജീവിതത്തിന് പുതുവെളിച്ചം

*47 വർഷമായി തൃശൂരിലെ മായന്നൂർ അംഗലൂർ വീട്ടിൽ സുശീലയ്ക്ക് കൂട്ടായിരുന്നത് അന്ധത നൽകിയ ഇരുൾ മാത്രം. അമ്മയും സഹോദരി ജാനകിയും രണ്ട് പെൺമക്കളുമുള്ള കുടുംബം ഏറെ പ്രാരാബ്ധങ്ങളിലാണ് ജീവിതം നയിച്ചിരുന്നത്. അന്ധതയും പ്രായാധിക്യവും സുശീലയ്ക്ക് താങ്ങാവുന്നതിലും അധികം ഭാരം സമ്മാനിച്ചപ്പോഴാണ് മുഖ്യമന്ത്രിയുടെ ജനസമ്പർക്കത്തിലേക്ക് അപേക്ഷ നൽകിയത്. ഇവരുടെ കഥകൾ കേട്ടറിഞ്ഞ മുഖ്യമന്ത്രി അമ്പതിനായിരം*



*രൂപയുടെ സഹായവും പെൻഷനും അനുവദിച്ചു.*

*വിധവയായ സഹോദരി ജാനകിക്ക് എംപ്ലോയ്മെന്റ് മുഖേന അനുയോജ്യമായ ജോലി ലഭ്യമാക്കുമെന്നും സുശീലയുടെ പെൺമക്കളുടെ വിദ്യാഭ്യാസത്തിനായി സ്നേഹപൂർവം പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുമെന്നും മുഖ്യമന്ത്രി ഉറപ്പു നൽകി. ജനസമ്പർക്ക വേദിയിൽനിന്നും ലഭിച്ച സഹായം സുശീലയുടെ ജീവിതത്തിൽ പ്രതീക്ഷയുടെ പ്രകാശമായി.*



**നല്ല നാളെക്കായ് 4 വാഗ്ദാനങ്ങൾ**

കേരളത്തിൽ ആശാ പദ്ധതിക്ക് തുടക്കം കുറിച്ചത് 2007 ലാണ്. ദുർബല ജനവിഭാഗങ്ങൾക്കിടയിൽ, സർക്കാർ നടത്തുന്ന ആരോഗ്യ സേവനങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തുക, അവ നേടിയെടുക്കാൻ അവരെ സഹായിക്കുക എന്നിവയാണ് ആശമാരുടെ പ്രധാന കർത്തവ്യം. പോഷകാഹാരം, അടിസ്ഥാന ശുചിത്വം, ശുചിത്വ പരിപാലനം, ആരോഗ്യകരമായ ജീവിതരീതി, ആരോഗ്യ സേവനങ്ങളെ അവസരോചിതമായി ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത എന്നിങ്ങനെ ആരോഗ്യ നിർണ്ണയ ഘടകങ്ങളെക്കുറിച്ച് സമൂഹത്തെ ബോധവത്ക്കരിക്കുന്നതിൽ ആശമാർ ഏറെ മുന്നേറിക്കഴിഞ്ഞു



**വി.എസ്. ശിവകുമാർ**
ആരോഗ്യ മന്ത്രി

# ആശാകിരണം

കേരളത്തിന്റെ പൊതുജനാരോഗ്യ രംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിവരുന്ന ആരോഗ്യപ്രവർത്തകരാണ് ആശമാർ (Accredited Social Health Activist). 26,002 ആശമാരാണ് വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്നത്. ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനായി, സംസ്ഥാന സർക്കാർ ആശാകിരണം എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുകയാണ്.

- ☺ കോഴിക്കോട്ട് രണ്ടു ഫ്ളൈ ഓവറുകൾക്ക് 20 കോടി രൂപവീതം
- ☺ 400 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സംരക്ഷണം. കനോലി കനാൽ നവീകരണം
- ☺ വയനാട്ടിലെ സുൽത്താൻബത്തേരിയിൽ വൈറോളജി ലാബ്
- ☺ 9500 പേർക്ക് പട്ടയം, 8763 ഭൂരഹിതർക്ക് ഭൂമി

**സിദ്ദിഖ്** (നടൻ)

മുഖ്യമന്ത്രിയോട് നേരിട്ട് പരാതി പറയാൻ അവസരം നൽകുന്നുവെന്നതാണ് ഏറ്റവും വലിയ കാര്യം. എത്രയോ സമയം മുഖ്യമന്ത്രി ജനസമ്പർക്കത്തിനായി ചെലവഴിച്ചു. ഇത് വരും തലമുറയ്ക്കും പാഠമാണ്. ജനങ്ങളിൽ നിന്ന് അകലെയല്ല ഭരണകൂടമെന്ന് ഓർമപ്പെടുത്തുന്ന ഈ പരിപാടി അങ്ങേയറ്റം അഭിനന്ദനം അർഹിക്കുന്നു.



യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതുപ്രകാരം അപകടമരണം സംഭവിക്കുന്ന ആശയുടെ ആശ്രിതർക്ക് രണ്ട് ലക്ഷം രൂപയും, പൂർണമായി അംഗവൈകല്യം സംഭവിച്ച ആശയ്ക്ക് രണ്ട് ലക്ഷം രൂപയും, ഭാഗികമായ അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപയും, അപകടത്തെത്തുടർന്നുള്ള ആശുപത്രിച്ചെലവിന് 10,000 രൂപയുമാണ് ലഭിക്കുക. മരണാനന്തര സംസ്കാരച്ചെലവിലേക്ക് 50,000 രൂപയും ഇൻഷ്വറൻസ് തുകയായി ആശ്രിതർക്ക് അനുവദിക്കും.

കേരളത്തിൽ ആശാ പദ്ധതിക്ക് തുടക്കം കുറിച്ചത് 2007 ലാണ്. ദുർബല ജനവിഭാഗങ്ങൾക്കിടയിൽ, സർക്കാർ നടത്തുന്ന ആരോഗ്യസേവനങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തുക, അവ നേടിയെടുക്കാൻ അവരെ സഹായിക്കുക എന്നിവയാണ് ആശമാരുടെ പ്രധാന കർത്തവ്യം. പോഷകാഹാരം, അടിസ്ഥാന ശുചിത്വം, ശുചിത്വ പരിപാലനം, ആരോഗ്യകരമായ ജീവിതരീതി, ആരോഗ്യ സേവനങ്ങളെ അവസരോചിതമായി ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത എന്നിങ്ങനെ ആരോഗ്യ നിർണ്ണയ ഘടകങ്ങളെക്കുറിച്ച് സമൂഹത്തെ ബോധവത്ക്കരിക്കുന്നതിൽ ആശമാർ ഏറെ മുന്നേറിക്കഴിഞ്ഞു. പൊതുജനാരോഗ്യ സംവിധാനം വഴി ലഭ്യമാകുന്ന ജെ.എസ്.എസ്.കെ, ആർ.ബി.എസ്.കെ കൂടാതെ ഡി.ഇ.ഐ.സി, ജെ.എസ്.വൈ, ഇ.എം.ആർ.ടി എന്നിവയെയും താലോലം, ആർ.ബി.എസ്.കെ, ക്യാൻസർ സുരക്ഷ തുടങ്ങിയ ഫലവത്തായ മറ്റു പ്രോഗ്രാമുകളെക്കുറിച്ചും, അവർ പൊതുജനങ്ങൾക്ക് അറിവു നൽകുന്നു. സ്ത്രീകളേയും കുടുംബത്തേയും സംബന്ധിച്ച നിരവധി ആരോഗ്യ വിഷയങ്ങളുണ്ട്. പ്രസവത്തിനുള്ള മുന്നൊരുക്കം, സുരക്ഷിതമായ പ്രസവം, മുലയൂട്ടലും അനുബന്ധ ഭക്ഷണവും, പ്രതിരോധ കുത്തിവയ്പ്, ഗർഭനിരോധന മാർഗങ്ങൾ, ജനനേന്ദ്രിയങ്ങളിലുണ്ടാകുന്ന അണുബാധ, ലൈംഗികജന്യരോഗങ്ങൾ, ശിശുപരിപാലനം തുടങ്ങിയവയെക്കുറിച്ചെല്ലാം അവർ സ്ത്രീ സമൂഹത്തിന് അവബോധം നൽകുന്നു.

**കേരളത്തിന്റെ സാമൂഹിക ഭൂപടത്തിൽ സ്ത്രീശക്തിയും വഴികാട്ടിയുമായ ആശാ വർക്കർമാർക്ക് സർക്കാർ കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ തയാറെടുക്കുകയാണ്**

സബ്സെന്ററുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവവഴി നടപ്പിലാക്കിവരുന്ന പ്രതിരോധ കുത്തിവയ്പ്, പ്രസവ പൂർവപരിശോധന മുതലായ സേവനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിലും ആശമാർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകൾക്കുനേരെയുള്ള അക്രമങ്ങൾക്കെതിരെ പ്രതികരിക്കുന്നതിനും പ്രതിരോധിക്കുന്നതിനും ജനങ്ങളെ പ്രാപ്തരാക്കുന്നതിൽ വലിയ സംഭാവനകളാണ് ആശമാർ നൽകുന്നത്. നവീകരിച്ച ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതിക്കു കീഴിൽ ഡോട്സ് (Directly Observed Treatment Short) കോഴ്സിന്റെ ദാതാവായും ആശമാർ പ്രവർത്തിക്കുന്നു.

ഈവിധം ആരോഗ്യസംവിധാനത്തിന്റെ അടിസ്ഥാന മേഖലയിലെ ചാലകശക്തികളായി മാറിയ ആശമാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ട്. 2011 ഏപ്രിൽ മുതൽ ഓരോ ആശമാർക്കും പ്രതിമാസ ഓണറേറിയം ലഭ്യമാക്കിത്തുടങ്ങിയതും അതിൽ വർഷംതോറും വർധനവ് ഏർപ്പെടുത്തിയതും ഇതിന്റെ അടിസ്ഥാനത്തിലാണ്. ■

**ആരോഗ്യസംവിധാനത്തിന്റെ അടിസ്ഥാനമേഖലയിൽ ചാലകശക്തിയാണ് ആശമാർ. സാമൂഹിക ആരോഗ്യ നവീകണത്തിൽ സ്ത്രീകൾക്ക് അവബോധം നൽകുന്നതിൽ ഇവരുടെ പങ്ക് നിസ്തുലമാണ്.**

**അക്ബർ കക്കട്ടിൽ** (സാഹിത്യകാരൻ)

ഒട്ടേറെ പാവങ്ങൾക്കും അശരണർക്കും ആശ്വാസവും തണലുമേകുന്നതാണ് മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടി. ഗുണവശങ്ങൾ ഏറെ ഉണ്ടായിട്ടും ഈ പരിപാടിയുടെ ദോഷങ്ങളാണ് പലരും കാണാൻ ശ്രമിക്കുന്നത്. ഒരു മുഖ്യമന്ത്രി സാധാരണക്കാരുടെ അടുത്തെത്തി അവരുടെ പ്രശ്നങ്ങളിൽ നേരിട്ടിടപെടുന്നത് മികവുള്ള കാര്യം തന്നെയാണ്.



- എറണാകുളത്തെ മാലിന്യപരിഹാരത്തിന് കൊച്ചി സിറ്റി സ്വീവേജ് ട്രിറ്റ്മെന്റ് പ്രോജക്ട്
- മലപ്പുറത്ത് ചരിത്രമ്യൂസിയം, അരീക്കോട് ഐടി പാർക്ക്
- പൊന്നാനിയിൽ 18 കോടി ചെലവിൽ കടൽ ഭിത്തി
- വണ്ടൂരിൽ അഞ്ചു കോടിയുടെ സയൻസ് പാർക്ക്, കൊടികുത്തി മലയിൽ ഇക്കോ ടൂറിസം പദ്ധതി



**വിഴിഞ്ഞത്തിന്റെ പ്രതീക്ഷകൾ തീരമടുത്തുകഴിഞ്ഞു. പ്രതിസന്ധികളെ അതിജീവിച്ചും വെല്ലുവിളികളെ കടപുഴക്കിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ കേരളത്തിന് അതൊരു സ്വപ്നസാക്ഷാത്കാരമാണ്. കേരളത്തിൽ വികസനമില്ലെന്ന വിമർശനങ്ങളെ കാറ്റിൽപ്പറത്തി കടലാസ്സിൽ നിന്നും യാഥാർത്ഥ്യത്തിലേക്ക് ഉയരുന്ന അന്താരാഷ്ട്ര തുറമുഖ പദ്ധതിയെക്കുറിച്ചും അതിന്റെ പ്രതീക്ഷകളെക്കുറിച്ചും...**

**കെ. ബാബു**
ഫിഷറീസ്-തുറമുഖ മന്ത്രി

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർഥ്യമാകുന്നു. എല്ലാ മലയാളികൾക്കുമൊപ്പം ഞാനും സന്തോഷിക്കുന്നു. അടിസ്ഥാനരഹിതമായ ആരോപണങ്ങളാൽ വേട്ടയാടപ്പെടുമ്പോഴും ഞാൻ ഈ സ്വപ്നപദ്ധതിയുടെ സാക്ഷാത്കാരത്തിനായുള്ള പ്രയത്നത്തിലായിരുന്നു. പദ്ധതി യാഥാർഥ്യമാക്കുവാൻ സഹായിച്ച സഹപ്രവർത്തകരോടും എല്ലാവരോടും പദ്ധതിയ്ക്ക് നേതൃത്വം നൽകിയ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയോടും സഹപ്രവർത്തകരോടും സർവോപരി ഈശ്വരനോടും സഹസ്രകോടി നന്ദി.

ഇത് ഇച്ഛാശക്തിയുടെ വിജയമാണ്. സംസ്ഥാനത്ത് ഒരു വികസന പദ്ധതിയും നടപ്പിലാകില്ല എന്ന വർഷങ്ങളായുള്ള പ്രചാരണം ഇതോടെ അവസാനിക്കുകയാണ്. ചിട്ടയായ പ്രവർത്തനങ്ങളും പ്രഫഷനലായ സമീപനങ്ങളും




സഹപ്രവർത്തകരുടെ അർപ്പണബോധവും സംഘ ശക്തിയോടെയുള്ള പരിശ്രമങ്ങളുമാണ് വിഴിഞ്ഞം പദ്ധതിയെ കരയ്ക്കടുപ്പിച്ചത്. 2011 ജൂണിൽ യു.ഡി.എഫ്. സർക്കാർ അധികാരമേൽക്കുമ്പോൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി കടലാസിൽ മാത്രമായിരുന്നു. ഈ പദ്ധതിയാണ് ഇന്ന് കടലാസിൽ നിന്നും യാഥാർഥ്യത്തിലേയ്ക്ക് എത്തിയിരിക്കുന്നത്. മുൻ കാലങ്ങളിൽ വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്ക് നേതൃത്വം നല്കിയ എല്ലാവരെയും ഞാൻ നന്ദിയോടെ ഓർക്കുന്നു.

### തുടക്കമിട്ടത് കെ. കരുണാകരൻ മുഖ്യമന്ത്രി ആയിരുന്നപ്പോൾ

വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്ക് തുടക്കമിട്ടത് 1991 ൽ കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ കാലത്താണ്. അന്ന് തുറമുഖ വകുപ്പ് മന്ത്രിയായിരുന്ന എം.വി. രാഘവൻ ആയിരുന്നു ഇതിന് ചുക്കാൻ പിടിച്ചത്. എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള സർക്കാർ, 1995 ൽ പദ്ധതിക്കായി കുമാർ എനർജി കോർപറേഷനുമായി ധാരണാപത്രം ഒപ്പിടുകയും ചെയ്തു. എന്നാൽ തുടർന്നു വന്ന ഇടതു മുന്നണി സർക്കാരിന് പദ്ധതിയുമായി മുന്നോട്ടു പോകാൻ കഴിഞ്ഞില്ല. തുടർന്ന് 2004 ൽ സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി

നടപ്പിലാക്കാനുള്ള രൂപരേഖ തയാറാക്കുകയും, 2005ൽ പി.പി.പി മോഡലിൽ ടെണ്ടർ വിളിയ്ക്കുകയും ചെയ്തു. ടെണ്ടറിൽ പങ്കെടുത്ത ചൈനീസ് പങ്കാളിത്തമുള്ള കൺസോർഷ്യത്തിന് സുരക്ഷാ കാരണങ്ങളാൽ കേന്ദ്രാനുമതി ലഭിച്ചില്ല. തുടർന്ന് ഇതേ മോഡലിൽ പദ്ധതി 2008 ൽ ടെണ്ടർ ചെയ്യുകയും ലാൻകോ നേതൃത്വം നല്കുന്ന കൺസോർഷ്യത്തിന് ലെറ്റർ ഓഫ് ഇന്റന്റ് നല്കുകയും ചെയ്തു. തിരഞ്ഞെടുക്കപ്പെടാതെ പോയ മറ്റൊരു കമ്പനി ഉയർത്തിയ നിയമ കുരുക്കുകളിൽപ്പെട്ട് ധാരണാപത്രത്തിലോ അന്തിമ കരാറിലോ എത്തിപ്പെടാൻ കഴിഞ്ഞില്ല. സ്വകാര്യപങ്കാളിത്തത്തോടെയുള്ള ഈ മോഡലിൽ സംസ്ഥാന സർക്കാരിന്റെ ചിലവിലാണ് പദ്ധതിയ്ക്കാവശ്യമായുള്ള റോഡ്, ജലം, വൈദ്യുതി, റെയിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ. എന്നാൽ ഇതിനായി അന്നത്തെ സർക്കാർ യാതൊന്നും ചെയ്തതായി കാണുന്നില്ല.

ഈ അവസരത്തിലാണ് ഇടത് സർക്കാർ ലോക ബാങ്കിന്റെ സ്വകാര്യ മേഖലാ വിഭാഗമായ ഇന്റർ നാഷണൽ ഫിനാൻസ് കോർപറേഷന്റെ (ഐ.എഫ്.സി) സഹായത്തോടെ പദ്ധതിയുടെ രൂപരേഖ ലാൻഡ് ലോർഡ് ആയി മാറ്റുന്നത്. പ്രസ്തുത മോഡൽ 2010 ഒക്ടോബർ 18 ലെ ഉത്തരവ് (GO(MS)No.75/10/F&PD) മുഖേന സർക്കാർ അംഗീകരിയ്ക്കുകയും ചെയ്തു. ഈ ഉത്തരവിൽ തന്നെ സർക്കാർ മുതൽമുടക്ക് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ അനിവാര്യമാണെന്ന് പദ്ധതിയുടെ ഉപദേശകർ അഭിപ്രായപ്പെട്ടതായി കാണുന്നുണ്ട്. ഐ.എഫ്.സിയുടെ നിർദേശ പ്രകാരം സർക്കാർ പി.പി.പി ഘടകം ഉൾപ്പെട്ട ലാൻഡ് ലോർഡ് മോഡൽ പദ്ധതി അംഗീകരിച്ചു.

**ഈ സർക്കാർ അധികാരത്തിലേറിയ 2011 മുതൽ പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തി. രണ്ടു വർഷം നീണ്ട പ്രയത്നങ്ങൾക്കൊടുവിലാണ് പാരിസ്ഥിതിക അനുമതി ലഭിച്ചത്. ഏതാണ്ട് നാല്പതോളം പബ്ലിക് കൺസൽട്ടേഷനുകൾ ഉൾപ്പെടുന്ന നീണ്ട പ്രവർത്തനങ്ങൾ മൂലമാണ് ഇത് സാദ്ധ്യമായത്**

ഈ ലാൻഡ് ലോർഡ് മോഡൽ തിരഞ്ഞെടുത്ത അവസരത്തിൽ ഒരു സർവകക്ഷി യോഗം നടത്തിയതായി തെറ്റിദ്ധരിപ്പിക്കുന്ന വാദങ്ങളുണ്ട്. എന്നാൽ അത് ശരിയല്ല. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചില തർക്കങ്ങൾ ഒഴിവാക്കാൻ വേണ്ടി മാത്രമാണ് സർക്കാർ സർവകക്ഷി യോഗം വിളിച്ചത്. ഐ.എഫ്.സി. നടത്തിയ സ്ട്രാറ്റജിക് ഓപ്ഷൻ റിപ്പോർട്ടിന്റെ നിഗമനങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ ലാൻഡ് ലോർഡ് മോഡൽ പൂർണമായും സർക്കാർ ഉടമസ്ഥതയുള്ള മാതൃകയാണെന്നുള്ള പ്രചാരണം വെറും പുകമറ മാത്രമാണ്. കഴിഞ്ഞ സർക്കാർ വിഭാവനം ചെയ്ത ലാൻഡ് ലോർഡ് മാതൃകയിൽ പദ്ധതിയുടെ 85 ശതമാനത്തോളം വരുന്ന സിവിൽ ഇൻഫ്രാസ്ട്രക്ചർ, ബാഹ്യ-അടിസ്ഥാന സൗകര്യങ്ങൾ, ഭൂമി എന്നിവയുടെ ചിലവ് സർക്കാരും സൂപ്പർ സ്ട്രക്ചറിനും എക്യുപ്മെന്റിനുമുള്ള ചിലവ് തിരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ പങ്കാളിയും വഹിക്കും. പ്രസ്തുത മോഡലിലെ സർക്കാർ ഉടമസ്ഥാവകാശം വെറും നാമമാത്രമാണ്. യാതൊരു വരുമാന വിഹിതവുമില്ലാതെ ഒരു പി.പി.പി. നിക്ഷേപകന് കുറഞ്ഞ മുതൽമുടക്കിൽ പദ്ധതിയുടെ മൊത്ത വരുമാനം നല്കുന്നതുമായിരുന്നു അന്നത്തെ ലാൻഡ് ലോർഡ് മോഡൽ. കൂടാതെ സിവിൽ ഇൻഫ്രാസ്ട്രക്ചറിനുള്ള ഇ.പി.സി. ടെണ്ടറിൽ ഫസ്റ്റ് റൈറ്റ് ഓഫ് റെഫ്യൂസൽ സ്വകാര്യ കരാറുകാരന് ഉണ്ടായിരിയ്ക്കുന്നതാണ്. ഇത് സംസ്ഥാനത്തിന്റെ താത്പര്യങ്ങൾക്ക് അനുസൃതമല്ലാത്തതും അനവധി വ്യവഹാരങ്ങൾക്ക് ഹേതുവാകുന്നതുമാണ്. ഇങ്ങനെ വിളി





ച്ച ടെണ്ടറിൽ പങ്കെടുത്ത കമ്പനിയായ വെൽസ്പൺ 970 കോടി രൂപ മുതൽ മുടക്കുള്ള പി.പി.പി. ഘടകം നടപ്പിലാക്കാനായി 479.54 കോടി രൂപ ഗ്രാന്റായി ചോദിയ്ക്കുകയാണുണ്ടായത്.

### ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഇടപെടലുകൾ

ഈ സർക്കാർ അധികാരത്തിലേറിയ 2011 മുതൽ പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തി. രണ്ടു വർഷം നീണ്ട ഭഗീരഥ പ്രയത്നങ്ങൾക്കൊടുവിലാണ് പാരിസ്ഥിതിക അനുമതി ലഭിച്ചത്. ഏതാണ്ട് നാല്പതോളം പബ്ലിക് കൺസൽട്ടേഷനുകൾ ഉൾപ്പെടുന്ന നീണ്ട പ്രവർത്തനങ്ങൾ മൂലമാണ് ഇത് സാദ്ധ്യമായത്. പദ്ധതിയുടെ വിജയത്തിലേയ്ക്കായി വി.ജി.എഫിന്റെ സാദ്ധ്യതകൾ കൂടി പരമാവധി ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടു കൂടി ലാൻഡ് ലോർഡ് മോഡലിലെ പി.പി.പി. ഘടകങ്ങൾ നവീകരിച്ചു. പുതുക്കിയ പദ്ധതി രൂപരേഖ പ്രകാരം 18000 ടി.ഇ.യു. വരെ ശേഷിയുള്ള കണ്ടെയ്നർ കപ്പലുകൾക്ക് വിഴിഞ്ഞം തുറമുഖത്ത് ചരക്കിറക്കുവാൻ സാധിയ്ക്കും. മുമ്പ് ഇത് 9000 ടി.ഇ.യു. ആയിരുന്നു. ബർത്തിന്റെ നീളം 650 ൽ നിന്നും 800 മീറ്ററാക്കി നവീകരിച്ചു. പദ്ധതിയുടെ ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി. ഘടകവും, 1463 കോടി രൂപ സർക്കാർ ചിലവിൽ നിർമിക്കുന്ന ഫണ്ടഡ് വർക്കിന്റെ തുകയുമാണ്. എല്ലാ മുൻ കരാറുകളിലെയും പോലെ പദ്ധതിയ്ക്കാവശ്യമായ ഭൂമി, ബാഹ്യ-അടിസ്ഥാന സൗകര്യ വികസനങ്ങളായ റെയിൽ, വെള്ളം, വൈദ്യുതി എന്നിവയുടെ ചുമതലയും ചിലവും സംസ്ഥാന സർക്കാരിനാണ്. ഇതിന് നിലവിൽ കണക്കാക്കിയിട്ടുള്ളത് 1973 കോടി രൂപയാണ്.

ബ്രേക്ക് വാട്ടറിന്റെ നിർമാണം കരാറുകാരൻ ചെയ്യുകയും അതിനുള്ള നിശ്ചിത തുകയായ 1463 കോടി രൂപ സർക്കാർ വിവിധ ഘട്ടങ്ങളായി നല്കുകയും ചെയ്യും. പി.പി.പി. ഘടകങ്ങളുടെ തുകയായ 4089 കോടിയിൽ നാല്പത് ശതമാനം ഗ്രാന്റായ 1635 കോടി രൂപയിൽ, 818 കോടി രൂപ കേന്ദ്ര സർക്കാർ വി.ജി.എഫ്. നിബന്ധനകൾക്കനുസൃതമായി നല്കുന്നതായിരിയ്ക്കും. സ്വകാര്യ പങ്കാളി സ്വന്തം മുതൽ മുടക്ക് പൂർണമായും ചിലവഴിച്ചതിനു ശേഷമേ ധനസഹായം നല്കുകയുള്ളൂ. ശേഷിക്കുന്ന 817 കോടി രൂപ ഗ്രാന്റിൽ 10 ശതമാനം തുകയായ 409 കോടി രൂപ നിർമ്മാണ കാലയളവിലും 408 കോടി രൂപ നടത്തിപ്പു കാലയളവിലും ധനസഹായമായി സർക്കാർ നല്കും.

**സ്വകാര്യ പങ്കാളി മുതൽ മുടക്ക് പൂർണമായും ചിലവഴിച്ചതിനു ശേഷമേ ധനസഹായം നല്കുകയുള്ളൂ. ശേഷിക്കുന്ന 817 കോടി രൂപ ഗ്രാന്റിൽ 409 കോടി രൂപ നിർമ്മാണ കാലയളവിലും 408 കോടി രൂപ നടത്തിപ്പു കാലയളവിലും ധനസഹായമായി സർക്കാർ നല്കും.**

### ഘടനമാറ്റിയിട്ടില്ല; പുനഃനിർണയിച്ചു

മുഖ്യമന്ത്രി രഹസ്യമായി ഇതിന്റെ ഘടന മാറ്റി എന്ന ആരോപണം അങ്ങേയറ്റം വാസ്തവ വിരുദ്ധമാണ്. 2009 മേയിലാണ് വി.ജി.എഫിന് വേണ്ടി കേന്ദ്ര സർക്കാരിൽ അപേക്ഷ നൽകിയത്. അതിന് മറുപടിയായി 2009 ജൂണിൽ പദ്ധതി പുനഃനിർണയിച്ച് നൽകുന്നതിന് സംസ്ഥാന സർക്കാരിനോട് കേന്ദ്രം ഉപദേശിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർച്ചയായിട്ട് മാത്രമാണ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി മറ്റു ചില സംസ്ഥാന പദ്ധതികൾക്കൊപ്പം വിഴിഞ്ഞം പദ്ധതിയും വി.ജി.എഫ്. ലഭ്യമാക്കുന്നതിനു വേണ്ടി പുനഃനിർണയിക്കുവാൻ സഹായിക്കണമെന്ന് കേന്ദ്ര പ്ലാനിങ് കമ്മിഷന് കത്ത് എഴുതിയത്. ഇതിന്റെ അടിസ്ഥാനത്തിലാണ് വി.ജി.എഫ്. ലഭിയ്ക്കുന്നതിനു വേണ്ടി പദ്ധതി, സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരത്തോടു കൂടി ഘടന പുനഃനിർണയിക്കുന്നതും ടെണ്ടറിനു വേണ്ടി കരടു കരാർ ഉണ്ടാക്കാൻ കേന്ദ്ര പ്ലാനിങ് കമ്മിഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള മാതൃകാ കരാർ അടിസ്ഥാനമാക്കുന്നതിന് മന്ത്രിസഭാ അനുമതിയോടു കൂടി തീരുമാനിച്ചതും.

### വരുമാനം നേടിത്തരുന്ന പുതിയ കരാർ

ഈ കരാറിനെ ഇതിനു മുമ്പ് വിപണിയിൽ പരീക്ഷിച്ച 2010 ലെ ടെണ്ടറിനോട് താരതമ്യം ചെയ്യാതെ 2007 ലെ ടെണ്ടറുമായി താരതമ്യം ചെയ്യുന്നത് ഉചിതമല്ല. 2007 ലെ സാമ്പത്തിക സാഹചര്യങ്ങളും ഇന്നത്തെ സാഹചര്യങ്ങളും തികച്ചും വ്യത്യസ്തമാണ്. 2007 ലെ ടെണ്ടർ ക്ഷണിയ്ക്കുമ്പോൾ കൊളംബോ തുറമുഖത്തെ കണ്ടെയ്നർ ശേഷി ഇത്ര കണ്ട് വികസിച്ചിരുന്നില്ല. എന്നാൽ 2010 ൽ സ്ഥിതി മാറി. ഇത് ഇടത് സർക്കാർ തന്നെ ഐ.എഫ്.സി മുഖേന നടത്തിയ സ്ട്രാറ്റജിക് ഓപ്ഷൻ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്. ഈ സാഹചര്യങ്ങൾക്കനുസൃതമായാണ് ലാന്റ് ലോർഡ് മാതൃക 2010 ൽ ഇടതു സർക്കാർ വിഭാവനം ചെയതത്. വസ്തുതകൾ ഇതായിരിക്കെ തെറ്റായ താരതമ്യങ്ങൾ നല്കി പൊതു സമൂഹത്തെ സന്ദേഹത്തിലാക്കാനുള്ള ഇടതുമുന്നണി ശ്രമം വിഫലമാകുകയേ



ഉള്ളൂ. അവരുടെ തന്നെ 2010 ലെ കരാറുമായി ഒരു താരതമ്യം ചെയ്താൽ നിലവിലുള്ള കരാർ വളരെയേറെ മെച്ചമാണെന്നതാണ് വസ്തുത. ഈ കരാറുകളും താരതമ്യവും വിഴിഞ്ഞം തുറമുഖ കമ്പനിയുടെ വെബ്സൈറ്റിലൂടെ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്.

കേന്ദ്ര ആസൂത്രണ കമ്മിഷൻ പ്രസിദ്ധീകരിച്ച പൊതുരേഖയായ മാതൃക കൺസഷൻ കരാർ അടിസ്ഥാനമാക്കിയാണ് ഇത്തവണത്തെ കരാർ തയാറാക്കിയത്. ടെണ്ടർ നടപടികൾ തികച്ചും സുതാര്യമായാണ് പൂർത്തിയാക്കിയത്. കേന്ദ്ര വിജിലൻസ് കമ്മിഷന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് നടപടികൾ സ്വീകരിച്ചത്. ആർക്കും അവസരം കിട്ടിയില്ലെന്ന് പരാതി പറയാൻ സാധിക്കില്ല. ഒട്ടേറ തവണ ടെൻഡർ സമയപരിധി നീക്കിക്കൊടുത്തിരുന്നു. അവസാന ഘട്ടത്തിലും താത്പര്യം പ്രകടിപ്പിച്ച മൂന്ന് കമ്പനികളുമായി മുഖ്യമന്ത്രിയും ഞാനും ചർച്ച നടത്തി. അദാനി മാത്രമാണ് ടെൻഡർ സമർപ്പിച്ചത്. ഇത് സർക്കാർ സർവകക്ഷി യോഗത്തിൽ വിശദീകരിയ്ക്കുകയും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ സംബന്ധമായ ഒരു വിവരവും പുറത്തു വിടാതെയില്ല. അദാനി പോർട്ട്സ് സമർപ്പിച്ച ഒപ്പിട്ട ബിഡ് ലെറ്റർ മാത്രമാണ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തത്. പ്രസ്തുത ബിഡ് ലെറ്ററിൽ യാതൊരു വ്യവസ്ഥയും ഇല്ല. ഈ ലെറ്ററിന്റെ മാതൃക ആർ.എഫ്.പിയിൽ ഉണ്ട്. ഈ മാതൃകയിൽ നിന്ന് വിഭിന്നമായി നല്കുന്ന ടെണ്ടർ, ടെണ്ടർ വ്യവസ്ഥ പ്രകാരം സ്വീകരിക്കുന്നതുമല്ല. അദാനി സമർപ്പിച്ച ബിഡ് ലെറ്റർ പ്രസിദ്ധപ്പെടുത്താമെന്ന് നിയമോപദേശം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത രേഖയും തുറമുഖ കമ്പനിയുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. യാഥാർഥ്യം ഇതായിരിക്കെ വസ്തുതകൾ പൂർണ്ണമായും പുറത്തു വിട്ടിട്ടില്ല എന്ന പ്രചാരണം തെറ്റിദ്ധാരണാജനകമാണ്. സർക്കാരിന് ഈ കാര്യത്തിൽ ഒന്നും ഒളിച്ചു വയ്ക്കാനില്ല.

> ഏഷ്യയുടെ തന്നെ കവാടമാകുവാൻ പോകുന്ന തുറമുഖമാണ് വിഴിഞ്ഞം. കേരള സർക്കാരിന്റെ പരിശ്രമഫലമായി രാജ്യത്തിന്റെ തന്നെ വികസന രംഗത്തെ കുതിച്ചു ചാട്ടത്തിന് വഴിയൊരുക്കുന്ന വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുകയാണ്. പദ്ധതിയ്ക്കുള്ള പാരിസ്ഥിതിക അനുമതി ലഭിച്ചു. ഭാവിയിലേക്കു കൂടി ഉപയുക്തമായ ഒരു മാസ്റ്റർ പ്ലാനാണ് തയാറാക്കിയിരിക്കുന്നത്.

## വികസനക്കുതിപ്പേകുന്ന പദ്ധതി

കേരളത്തിന്റെ വികസനത്തിന് കുതിപ്പേകുന്ന പദ്ധതിയാണ് വിഴിഞ്ഞം തുറമുഖം. സംസ്ഥാന സർക്കാരിന്റെ ദീർഘനാളായുള്ള ശ്രമഫലമായാണ് ഇത് സാധ്യമാകുന്ന ഘട്ടത്തിൽ എത്തിച്ചിരിക്കുന്നത്. 2010 ൽ തങ്ങളുടെ കാലത്ത് വിഭാവനം ചെയ്ത മാതൃകയെ അപ്പാടെ വിസ്മരിച്ചുകൊണ്ട് പദ്ധതിയ്ക്കെതിരെ പുകമറ തീർക്കുന്ന പ്രതിപക്ഷത്തിന്റെ നിലപാട് ഇരട്ടത്താപ്പാണ്.

ഏഷ്യയുടെ തന്നെ കവാടമാകുവാൻ പോകുന്ന തുറമുഖമാണ് വിഴിഞ്ഞം. കേരള സർക്കാരിന്റെ പരിശ്രമഫലമായി രാജ്യത്തിന്റെ തന്നെ വികസന രംഗത്തെ കുതിച്ചു ചാട്ടത്തിന് വഴിയൊരുക്കുന്ന വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുകയാണ്. പദ്ധതിയ്ക്കുള്ള പാരിസ്ഥിതിക അനുമതി ലഭിച്ചു. ഭാവിയിലേക്കു കൂടി ഉപയുക്തമായ ഒരു മാസ്റ്റർ പ്ലാനാണ് തയാറാക്കിയിരിക്കുന്നത്. ഇത് പ്രകാരം 18,000 ടി.ഇ.യു ശേഷിയുള്ള മദർ വെസ്സൽസ് അടിപ്പിക്കുന്നതിനുള്ള സൗകര്യം പദ്ധതിയിൽ ലഭ്യമാകും. കൂടാതെ പദ്ധതിയോടനുബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനകരമാകുന്ന ഒരു ഫിഷിങ് ഹാർബർ നിർമിക്കും. ക്രൂയിസ് ടെർമിനലും ഇതോടൊപ്പം വിഭാവനം ചെയ്തിട്ടുണ്ട്.

പുനഃരധിവാസ പാക്കേജ് വിതരണം ചെയ്യാനും അവരർഹിക്കുന്ന അഞ്ച്

സെന്റ് സ്ഥലത്തിന് പുറമെ മറ്റ് ആനുകൂല്യങ്ങളും നൽകുവാനും കഴിഞ്ഞു. പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് വേണ്ടി ആവിഷ്കരിച്ച 3.3 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധജലവിതരണ പദ്ധതി ആരംഭിച്ചത് വിഴിഞ്ഞത്തെ ജനങ്ങൾക്ക് ഏറെ ആശ്വാസമായിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ജനങ്ങൾക്ക് ലഭിക്കുന്ന പ്രഥമ നേട്ടമാണിത്.

കാൽ നൂറ്റാണ്ടായി പ്രഖ്യാപനങ്ങളിലൂടെയും നിരവധി കടമ്പകളിലൂടെയും കടന്നുപോയ കേരളത്തിന്റെ സ്വപ്നപദ്ധതി അവസാനം യാഥാർത്ഥ്യമാകുന്നു. മൊത്തം 7525 കോടി രൂപയുടെ വിഴിഞ്ഞം പദ്ധതിയിൽ 1973 കോടി രൂപ സർക്കാർ നേരിട്ട് ചെലവഴിക്കും. പദ്ധതിക്കുള്ള ഭൂമി ഏറ്റെടുക്കൽ, കുടിവെള്ള വിതരണം, റയിൽ, വൈദ്യുതി എന്നിവയ്ക്കുള്ളതാണ് ഈ തുക. 15 കിലോമീറ്റർ റയിൽപ്പാത നിർമാണത്തിന് തന്നെ 600 കോടി ചെലവഴിക്കേണ്ടി വരുമെന്നാണ് കണക്ക്. കേന്ദ്ര റയിൽവേ മന്ത്രാലയത്തിന്റെ സാഗർമാല പദ്ധതിയിലുൾപ്പെടുത്തി റയിൽപ്പാത നിർമാണം നടപ്പിലാക്കാനാണ് സർക്കാരിന്റെ ഇനിയുള്ള ശ്രമം.

നാലു വർഷം മുമ്പ് ടെൻഡർ വിളിച്ചിരുന്ന രീതിയിൽ സംസ്ഥാന സർക്കാർ 4297 കോടി രൂപ (2015 ലെ നിരക്കു പ്രകാരം) മുടക്കേണ്ടിയിരുന്ന സ്ഥാനത്താണ് പുതിയ മോഡലിൽ 2280 കോടി രൂപ മുടക്കേണ്ടി വരുന്നത്. 30 വർഷത്തേയ്ക്ക് ഭൂമി സ്വകാര്യ കമ്പനിക്കു പാട്ടത്തിന് നൽകുന്നതായിരുന്നു പഴയ കരാർ. പുതിയ കരാർ പ്രകാരം ലൈസൻസ് മാത്രമേ സ്വകാര്യ പങ്കാളിക്കു ലഭിക്കുന്നുള്ളൂ. ഭൂമിയുടെ അവകാശം സർക്കാരിനു തന്നെ. ഏത് നിമിഷവും ഈ അവകാശം തിരിച്ചെടുക്കാം. തുറമുഖ നടത്തിപ്പിന്റെ 15 ാം വാർഷികത്തിനു ശേഷം വരുമാനത്തിന്റെ വിഹിതം സർക്കാരിനു ലഭിച്ചു തുടങ്ങും. ഈ വിഹിതം ഒരു ശതമാനത്തിൽ തുടങ്ങി ഓരോ വർഷവും ഒരു ശതമാനം വീതം കൂടി 40 ശതമാനം വരെ എത്തിച്ചേരുന്നതാണ്.

സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി വിഴിഞ്ഞം പദ്ധതിയോട് അനുബന്ധമായി നിർമിക്കുന്ന ഫുഡ് പാർക്കിനു വേണ്ടി അഞ്ച് ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനെ കുറിച്ചുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണ്. വിഴിഞ്ഞം പദ്ധതിക്കു വേണ്ടി മൊത്തം ഭൂമിയുടെ 90 ശതമാനവും ഏറ്റെടുത്തു കഴിഞ്ഞു. ശേഷിക്കുന്ന ഭൂമി വൈകാതെ ഏറ്റെടുക്കാൻ കഴിയും. പദ്ധതി ഉടൻ ആരംഭിക്കും. നാലു വർഷത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പദ്ധതി പ്രവർത്തിച്ച് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. 25 വർഷമായി കടലാസിലും വായുവിലും ചർച്ചകളിലും മാത്രമായി നിറഞ്ഞ് നിന്നിരുന്നതാണ് ഈ പദ്ധതി. ഇത്തവണ മുടങ്ങിയിരുന്നുവെങ്കിൽ മനുഷ്യ ചരിത്രത്തിലൊരിക്കലും വിഴിഞ്ഞം പദ്ധതി തീരമണയില്ലായിരുന്നു.

## വല്ലാർപാടവുമായുള്ള താരതമ്യം

വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ഒരു ബ്രൗൺ ഫീൽഡ് പ്രോജക്ട് ആയിരുന്നു. അതായത് വല്ലാർ പാടം കണ്ടെയ്നർ തുറമുഖം വരുന്നതിനു മുമ്പു തന്നെ കൊച്ചി തുറമുഖവും അതിന്റെ ഭാഗമായ രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ പ്രവർത്തനക്ഷമം ആയിരുന്നു. വല്ലാർപാടവുമായി വിഴിഞ്ഞം പോലുള്ള ഗ്രീൻ ഫീൽഡ് പദ്ധതിയെ (ഇപ്പോൾ യാതൊരു വിധ തുറമുഖ സംബന്ധമായ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ലാത്ത) താരതമ്യപ്പെടുത്തുന്നത് ശരിയല്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ വിഴിഞ്ഞത്തിന്റെ ട്രാഫിക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ ഐ.എഫ്.സി തയാറാക്കിയതും കഴിഞ്ഞ സർക്കാർ അംഗീകരിച്ചിട്ടുള്ളതുമായ റിപ്പോർട്ടിൽ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. മാത്രവുമല്ല വല്ലാർപാടത്തിന്റെ ഇപ്പോഴുള്ള കരാർ പൊളിച്ചെഴുതണമെന്ന് ആവശ്യപ്പെട്ട് തൊഴിലാളി യൂണിയനുകൾ സമരത്തിലുമാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മത്സരിക്കേണ്ടി വരുന്നത് കൊളംബോ, സിംഗപ്പൂർ, ദുബായ് എന്നീ തുറമുഖങ്ങളുമായി മാത്രമാണ്. ലോകത്ത് ഇന്ന് നിലവിലുള്ള ഏറ്റവും വലിയ കപ്പൽ വരാൻ സാധിക്കുന്ന രീതിയിൽ രൂപക



നാലു വർഷം മുമ്പ് ടെൻഡർ വിളിച്ചിരുന്ന രീതിയിൽ സംസ്ഥാന സർക്കാർ 4297 കോടി രൂപ (2015 ലെ നിരക്കു പ്രകാരം) മുടക്കേണ്ടിയിരുന്ന സ്ഥാനത്താണ് പുതിയ മോഡലിൽ 2,280 കോടി രൂപ മുടക്കേണ്ടി വരുന്നത്. 30 വർഷത്തേയ്ക്ക് ഭൂമി സ്വകാര്യ കമ്പനിക്കു പാട്ടത്തിന് നൽകുന്നതായിരുന്നു പഴയ കരാർ. പുതിയ കരാർ പ്രകാരം ലൈസൻസ് മാത്രമേ സ്വകാര്യ പങ്കാളിക്കു ലഭിക്കുന്നുള്ളൂ.

ല്പന ചെയ്തിട്ടുള്ള ഇന്ത്യയിലെ ഏക തുറമുഖമായ വിഴിഞ്ഞം തുറമുഖത്തിന് വല്ലാർപാടവുമായി മത്സരിക്കേണ്ടി വരികയുമില്ല. മാത്രവുമല്ല വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പ്രവർത്തനക്ഷമമാകുന്നതോടെ വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ വാണിജ്യപരമായ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടും.

## ഇനി 48 മാസങ്ങൾ മാത്രം

48 മാസങ്ങൾക്കകം നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ആദ്യ ചരക്കു കപ്പൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് നങ്കൂരമിടും. കഴിഞ്ഞ രണ്ടര പതിറ്റാണ്ടു കാലം തർക്കങ്ങളുടെയും നടപടികളുടെയും നൂലാമാലകളിൽ കുരുങ്ങിക്കിടന്ന കേരളത്തിന്റെ സ്വപ്ന പദ്ധതി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ യാഥാർഥ്യമാകുമ്പോൾ സംസ്ഥാനത്തിന് സാമ്പത്തിക നേട്ടം കൂടി ലഭിയ്ക്കുന്നു വെന്നതാണ് ഈ കരാറിലെ ഏറ്റവും വലിയ പ്രത്യേകത. മന്ത്രിസഭാ തീരുമാനത്തിനു ശേഷം അദാനി പോർട്ട്സിന് പദ്ധതി നൽകാൻ സന്നദ്ധത അറിയിച്ച് സർക്കാർ കത്ത് നൽകും. തുറമുഖ നിർമാണത്തിനായി കരാറുകാരൻ പ്രത്യേക കമ്പനി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിക്കേണ്ടതാണ്. കാലതാമസമില്ലാതെ പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കും. നാല് വർഷത്തിനുള്ളിൽ ആദ്യഘട്ട നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണം എന്നാണ് വ്യവസ്ഥ.

പരമാവധി ഒന്നര മാസത്തിനകം ഈ നടപടിക്രമങ്ങളെല്ലാം പൂർത്തീകരിയ്ക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്പോൾ തന്നെ ഏറെ വൈകിയാണ് നമ്മൾ കരാർ ഉറപ്പിക്കുന്നത്. വമ്പൻ പദ്ധതികൾക്ക് ടെണ്ടർ അംഗീകരിച്ചു കഴിഞ്ഞാൽ ഒരു മാസത്തിനകം ലെറ്റർ ഓഫ് അവാർഡ് നല്കുക എന്നതാണ് അന്താരാഷ്ട്ര നിയമം. വിഴിഞ്ഞത്തിന്റെ ടെണ്ടർ വ്യവസ്ഥയിലും ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം മെയ് 24 ന് കരാർ അംഗീകരിച്ച് സമ്മതപത്രം നല്കേണ്ടിയിരുന്നു. എന്നാൽ ചില കേന്ദ്രങ്ങളിൽ നിന്നുണ്ടായ എതിർപ്പു മൂലം സമയബന്ധിതമായി സമ്മതപത്രം നല്കുവാൻ കാലതാമസമുണ്ടായി. ബിഡിന്റെ കാലാവധി ആഗസ്റ്റ് 24 ന് അവസാനിക്കുമെന്നിരിക്കെ പരമാവധി സുതാര്യത ഉറപ്പാക്കിയാണ് സർക്കാർ ടെണ്ടർ ഉറപ്പിച്ചിരിക്കുന്നത്. പദ്ധതിയ്ക്ക് ടെണ്ടർ ഉറപ്പിയ്ക്കാനുള്ള നാലാമത്തെ ശ്രമമായിരുന്നു ഇപ്പോഴത്തേത്. 2008 ൽ പൂർണമായും പി.പി.പി. മോഡലിൽ തുറമുഖം നിർമ്മിക്കുന്നതിനുള്ള ലെറ്റർ ഓഫ് ഇന്റന്റ് നല്കിയ ലാൻകോ കൺസോർഷ്യം ടെണ്ടറിൽ നിന്ന് പിന്മാറിയ ചരിത്രവും നമ്മുടെ മുന്നിൽ ഉണ്ടായിരുന്നതിനാൽ ജാഗ്രതയോടെയാണ് ഈ വിഷയത്തെ സർക്കാർ സമീപിച്ചത്. നിയമ സെക്രട്ടറിയുടെയും സ്റ്റോർ പർച്ചേസ് വകുപ്പിന്റെയും ആസൂത്രണ കമ്മിഷന്റെയും ഉപദേശം തേടിയ ശേഷമാണ് അദാനി പോർട്ട് ആൻഡ് സ്പെഷ്യൽ എക്കണോമിക് സോണിന്റെ ടെണ്ടർ മന്ത്രിസഭ അംഗീകരിച്ചത്. ആഗോള സാമ്പത്തിക മാന്ദ്യം കണക്കിലെടുത്താലും ഭാവിയിൽ ഇതിലും മികച്ച ടെണ്ടർ ലഭിയ്ക്കില്ലെന്നും ഇപ്പോൾ നടന്നില്ലെങ്കിൽ ഒരിക്കലും വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാകില്ലെന്നുമായിരുന്നു എല്ലാവരുടെയും ഉപദേശം.

സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് വരുമാനം ലഭിയ്ക്കത്തക്ക രീതിയിലാണ് വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കരാർ അംഗീകരിച്ച് മന്ത്രിസഭ തീരുമാനമെടുത്തിരിയ്ക്കുന്നത്. 1996 മുതൽ 2001 വരെ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രോഗ്രസ് റിപ്പോർട്ട് വട്ടപ്പൂജ്യമായിരുന്നു. 2006 മുതൽ 2011 വരെയുള്ള കാലഘട്ടത്തിലെ സർക്കാരിനും വിഴിഞ്ഞം പദ്ധതിയ്ക്ക് വേണ്ടി ഒന്നും ചെയ്യാനായില്ല. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള ഉറച്ച നടപടികളാണ് വിഴിഞ്ഞം തുറമുഖ പദ്ധതിയെ യാഥാർഥ്യമാക്കിയത്. ■



■ ഡോ. മേരി ജോർജ്

# പ്രതീക്ഷകൾ നങ്കൂരമിടുന്ന വിഴിഞ്ഞം



വികസിതരാജ്യങ്ങളുമായും ഏതാനും വികസ്വര രാജ്യങ്ങളുമായുള്ള താരതമ്യത്തിൽ ഇന്ത്യ ജലഗതാഗതത്തിൽ വളരെ പിന്നിലാണ്. അർധ ദ്വീപിന്റെ സ്വഭാവമുള്ള ഇന്ത്യയ്ക്ക് ജലഗതാഗതവികസനത്തിന് അനന്തസാധ്യതകളാണുള്ളത്. ആഭ്യന്തര ചരക്കു നീക്കത്തിനും അന്താരാഷ്ട്ര ചരക്ക്, മനുഷ്യഗതാഗതത്തിനും ഏറ്റവും ചെലവുകുറഞ്ഞ മാർഗമാണ് കപ്പൽ ഗതാഗതം. എങ്കിലും ഇന്ത്യയുടെ ആഭ്യന്തര ചരക്കുഗതാഗതത്തിന്റെ ഏഴു ശതമാനം മാത്രമാണ് കപ്പൽ വഴി നടക്കുന്നത്. അതേസമയം, ബ്രസീൽ 23 ശതമാനം, ചൈന 20 ശതമാനം, ജപ്പാൻ 42 ശതമാനം, യൂറോപ്പ് 43 ശതമാനം ഇങ്ങനെ പോകുന്നു മറ്റു നഗരങ്ങളുടെ ആഭ്യന്തര ചരക്കുനീക്കത്തിൽ ജലഗതാഗതത്തിന്റെ പങ്ക്. അടിസ്ഥാന സൗകര്യവികസനത്തിന്റെ അഭാവമാണ് ജലഗതാഗതവികസനത്തിന് വിഘാതം സൃഷ്ടിക്കുന്നത്. ഇന്ത്യയിൽ ഒരുപക്ഷേ, ജലഗതാഗതത്തിന് പ്രകൃത്യാതന്നെ ഏറ്റവും അനുയോജ്യമായ സംസ്ഥാനമാണ് കേരളം. 540 കിലോമീറ്റർ കടൽത്തീരം എന്ന അനുഗ്രഹം വളരെ കുറച്ചു മാത്രം വികസനാവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തിയ കേരളത്തെ സംബന്ധിച്ച് വിഴിഞ്ഞം തുറമുഖവികസന കരാറിൽ ഒപ്പിടുന്ന ദിനം തങ്കലിപികളിൽ കുറിക്കാം. തുറമുഖം പൂർണമായും പ്രവർത്തന സജ്ജമാകുമ്പോൾ കേരളത്തിന്റെ വികസന കൊടിക്കൂറ മറ്റൊരു കേരള വികസനമോഡൽ രചിച്ചുകൊണ്ട് ഭൂപടത്തിൽ ജ്വലിച്ചുനിൽക്കും

**1991** ലാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്ന ആശയം രൂപപ്പെടുന്നത്. അന്നു മുതൽ നിലവിൽ വന്ന ഓരോ സർക്കാരും വിഴിഞ്ഞം പദ്ധതിയുടെ ചർച്ച സജീവമായി നിലനിർത്തി. അവസാനം ഇടതുപക്ഷ ഭരണകാലത്ത് പാട്ടത്തിനു കൊടുക്കുകയെന്ന ആശയത്തിന് മേൽക്കൈവന്നു. എന്നാൽ ഐക്യ ജനാധിപത്യ ഗവൺമെന്റ് പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതിയെന്ന ലക്ഷ്യം മുന്നിൽ കണ്ട് മുന്നോട്ടുപോയി. അന്താരാഷ്ട്ര ടെൻഡർ വിളിച്ചപ്പോൾ എട്ടു ലക്ഷം രൂപ കെട്ടിവെച്ച് ടെൻഡർ ഫോം വാങ്ങിയ കമ്പനികൾ ടെൻഡർ ഫോം സമർപ്പിക്കാൻ മുന്നോട്ടുവന്നില്ല. എന്തുകൊണ്ട് എന്ന ചോദ്യം ഇപ്പോഴും ഉത്തരം കിട്ടാതെ കിടക്കുന്നു. ഭരണകക്ഷി കൈക്കൊള്ളുന്ന ഏതു മേൽത്തരം പദ്ധതി തീരുമാനത്തെയും എതിർക്കാൻ വേണ്ടി എതിർക്കുന്ന പ്രതിപക്ഷം, ഹർത്താലുകൾ, നോക്കുകൂലി ഇതൊക്കെയാവാം അവരെ പിന്തിരിപ്പിച്ചത്. അതുമല്ലെങ്കിൽ മറ്റെല്ലാ ടെൻഡറുകളിലെയും പോലെ റിങ് ഫോർമേഷൻ. അതായത് ടെൻഡർ ലഭിക്കാൻ താത്പര്യമുള്ള കമ്പനി മറ്റു കമ്പനികൾക്ക് മോശമല്ലാത്ത തുക കൊടുത്ത് പിന്തിരിപ്പിക്കുക എന്ന തന്ത്രം പ്രയോഗിച്ചിരിക്കാം. എന്നാൽ ഇത്തരം ആരോപണങ്ങൾ സംശയത്തിന്റെ ആനുകൂല്യം നൽകി തള്ളിക്കളയാം. കാരണം ഇപ്പോൾ പദ്ധതി നടക്കും എന്ന പ്രത്യാശയ്ക്ക് സാഹചര്യം ഉരുത്തിരിഞ്ഞിരിക്കുന്നു. അങ്ങനെ 24 വർഷം മുമ്പ് സ്വപ്നം കണ്ട പദ്ധതിയുടെ ലെറ്റർ ഓഫ് അവാർഡ് അദാനി പോർട് ആൻഡ് സ്പെഷ്യൽ ഇക്കണോമിക് സോൺ ലിമിറ്റഡ് എന്ന സ്വകാര്യ ബഹുമുഖ തുറമുഖ കമ്പനിക്ക് കൈമാറുന്നതോടെ വിഴിഞ്ഞം അന്താരാഷ്ട്ര ബഹുമുഖ തുറമുഖ പദ്ധതിക്ക് ചിറകുകൾ മുളയ്ക്കും. തുറമുഖനിർമാണത്തിനും നടത്തിപ്പിനുമായി ഒരു പ്രത്യേക കമ്പനി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) അദാനി ഗ്രൂപ്പ് രൂപവത്കരിക്കണം. അതോടെ തുറമുഖ നിർമാണം, നടത്തിപ്പ് എന്നിവയ്ക്ക് ഈ പ്രത്യേക കമ്പനിക്ക് (എസ്.പി.വി.)ലൈസൻസ് നൽകും.

തുറമുഖ നടത്തിപ്പിന്റെ 15 ാം വർഷം മുതൽ ഓരോ വർഷവും വരുമാനത്തിന്റെ ഒരു ശതമാനം വീതം കൂട്ടുന്ന രീതിയിൽ റവന്യൂ വിഹിതം സർക്കാരിന് നൽകണം.

തുറമുഖ നിർമാണത്തിനും നടത്തിപ്പിനുമുള്ള ലൈസൻസ് സംസ്ഥാന സർക്കാർ കമ്പനിക്ക് ഇപ്പോൾ നൽകുന്നത് നാലു വർഷം നിർമാണകാലാവധി ഉൾപ്പെടെ 40 വർഷത്തേക്കാണ്. അതിനുശേഷം രണ്ടാം ഘട്ട വികസനം പൂർണമായും കമ്പനി (സ്വകാര്യപങ്കാളി) അവരുടെ മുതൽമുടക്കിൽ ഏറ്റെടുത്ത് നടത്തുകയാണെങ്കിൽ മാത്രം അടുത്ത 20 വർഷത്തേക്ക് കാലാവധി നീട്ടിക്കൊടുക്കും. ഈ കരാറനുസരിച്ച് തുറമുഖം നിർമിച്ചു നടത്താനുള്ള അനുമതിയാണ് കരാർ നേടുന്ന കമ്പനിക്ക് കിട്ടുക. ഭൂമിയുടെ അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും. തുറമുഖ നടത്തിപ്പിന്റെ ഏഴാം വർഷം മുതൽ പുതിയ ഇ-ടെൻഡർ വ്യവസ്ഥ പ്രകാരം പങ്കാളി മുതൽമുടക്കി നടത്തുന്ന തുറമുഖേതര വാണിജ്യ പ്രവർത്തനങ്ങളിൽ നിന്നുള്ള മൊത്ത വരുമാനത്തിന്റെ പത്തു ശതമാനം വീതം സർക്കാരിന് നൽകേണ്ടതാണ്. കൂടാതെ തുറമുഖ നിർമാണ കാലയളവായ നാലു വർഷത്തിനുശേഷം തുറമുഖ നടത്തിപ്പിന്റെ 15 ാം വർഷം മുതൽ ഓരോ വർഷവും മൊത്ത വരുമാനത്തിന്റെ ഒരു ശതമാനം, രണ്ടു ശതമാനം, മൂന്നു ശതമാനം എന്നീ ക്രമത്തിൽ ഓരോ വർഷവും ഒരു ശതമാനം വീതം കൂട്ടുന്ന രീതിയിൽ റവന്യൂ വിഹിതം സർക്കാരിന് നൽകണം. അതായത് 40 ാം വർഷം സംസ്ഥാന സർക്കാരിന് തുറമുഖ നടത്തിപ്പിൽ നിന്ന 21 ശതമാനം വരുമാനവിഹിതം ലഭിക്കുമെന്നർഥം.

## പശ്ചാത്തലമൊരുക്കൽ

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ചുമതലകൾ നിരവധിയാണ്. അതിൽ ഒന്നാണ് നേമത്തു നിന്ന് വിഴിഞ്ഞത്തേക്കുള്ള റെയിൽ പദ്ധതി. ഇത് കേന്ദ്ര സർക്കാർ 'സാഗർമാല' പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിക്കാമെന്ന് തത്ത്വത്തിൽ അംഗീകരിച്ചുകഴിഞ്ഞു. റെയിൽ വികാസം നിഗം ലിമിറ്റഡ് പാതയുടെ രൂപരേഖ അംഗീകരിച്ചാൽ ഉടൻ സ്ഥലമേറ്റെടുക്കൽ ആരംഭിക്കും. തുറമുഖത്തിന് റെയിൽ കണക്ടിവിറ്റി ആവശ്യമായി വരുന്നത്, ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റ് (ഡി.സി.എ) പ്രകാരം ആറാം വർഷം മുതലാണ്. കഴക്കൂട്ടം കാരോട് ദേശീയപാത 66 ബൈപ്പാസിൽ തലക്കോട്ടുനിന്ന് വിഴിഞ്ഞത്തേക്ക് രണ്ടു കിലോമീറ്റർ റോഡിനുള്ള ഭൂമി ഏറ്റെടുത്തു കഴിഞ്ഞു.

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സവിശേഷതകൾ


തുറമുഖ പദ്ധതിയുടെ പുതുക്കിയ അംഗീകൃത മൊത്തം ചെലവ് 7525 കോടി രൂപയാണ്. അടങ്കൽ തുകയുടെ 40 ശതമാനം സർക്കാർ ധനസഹായമായി നൽകണമെന്നതാണ് അദാനി മുമ്പോട്ടുവെച്ചിരിക്കുന്ന ആവശ്യം. അതോടൊപ്പം ഭൂമി ഏറ്റെടുക്കൽ, ഭൂമി നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കൽ, മറ്റു പശ്ചാത്തലമൊരുക്കൽ എന്നിവയുടെ ചെലവുകളെല്ലാം



ചേർത്തുവെച്ചാൽ പദ്ധതി ചെലവിന്റെ മൂന്നിൽ രണ്ട് ആകുമെന്നുതന്നെ വിശ്വസിക്കാം. എന്തുതന്നെ ആയാലും ഈ പദ്ധതി പൂർത്തീകരിക്കപ്പെട്ടുകഴിഞ്ഞാലുള്ള അനന്തസാധ്യതകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ചെലവ് തീരെ നിസ്സാരമാണ്. തന്നെയുമല്ല ബഹുമുഖ കമ്പനികളുടെ ഉടമയാണ് അദാനി എന്നോർക്കുമ്പോൾ അത്യാധുനിക സാങ്കേതികവിദ്യയും മാനേജ്മെന്റ് വൈദഗ്ധ്യവും ചേർന്ന് ആധുനിക സൗകര്യങ്ങളോടുകൂടിയ തുറമുഖം തന്നെ സജ്ജമാകുമെന്നുറപ്പ്. ഇനി വിഴിഞ്ഞം തുറമുഖം പൂർത്തീകരിച്ചുകഴിഞ്ഞാൽ എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാവും എന്നു നോക്കാം.

- ഏറ്റവും തിരക്കുള്ള അന്താരാഷ്ട്ര കപ്പൽ ചാലായ മലാക്ക സ്ട്രെയിറ്റിൽ നിന്ന് 18-20 നോട്ടിക്കൽ മൈൽ (സമുദ്ര യാത്രയിലെ ദൂരം കണക്കാക്കുന്ന രീതി. ഒരു നോട്ടിക്കൽ മൈൽ എന്നുവച്ചാൽ ഏകദേശം 1852 മീറ്റർ) ദൂരം മാത്രമേ വിഴിഞ്ഞത്തേക്കുള്ളു. ഇതുമൂലം കപ്പൽ ഗതാഗത സാന്ദ്രതയിൽ വൻ കുതിച്ചുചാട്ടമുണ്ടാവും.
- 18,000 മുതൽ 20,000 വരെ കണ്ടെയ്നറുകൾ (കണ്ടെയ്നർ എന്നാൽ ചരക്കുനിറച്ച വലിയ ലോഹപ്പെട്ടികൾ) നിറയ്ക്കാവുന്ന വൻ കപ്പലുകൾക്ക് (മദർഷിപ്പുകൾ) നങ്കൂരമിടാനുള്ള സൗകര്യം. തീരത്തുനിന്ന് ഒരു നോട്ടിക്കൽ മൈൽ അകലം വരെ സ്വാഭാവികമായ 24 മീറ്റർ ആഴമാണ് ഈ സാധ്യതയിലേക്ക് നയിക്കുന്നത്. ഇത്തരം സൗകര്യമുള്ള തുറമുഖം അത്യപൂർവമാണ്. സ്വാഭാവികമായി ആഴമുള്ളതുകൊണ്ട് ഡ്രഡ്ജിങ്ങിന്റെ ആവശ്യമില്ല. ഇത് പദ്ധതി ചെലവ് കുറയ്ക്കും. ന്യൂയോർക്ക്, സതാംപ്ടൺ, സിംഗപ്പൂർ, ദുബായ്, കൊളംബൊ, ഹോങ്കോങ്ങ് തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിലെ തുറമുഖങ്ങൾക്ക് 15 മീറ്ററാണ് ആഴം.

> 18,000 മുതൽ 20,000 വരെ കണ്ടെയ്നറുകൾ നിറയ്ക്കാവുന്ന വൻ കപ്പലുകൾക്ക് നങ്കൂരമിടാനുള്ള സൗകര്യം. തീരത്തുനിന്ന് ഒരു നോട്ടിക്കൽ മൈൽ അകലം വരെയുള്ള സ്വാഭാവികമായ 24 മീറ്റർ ആഴമാണ് ഈ സാധ്യതയിലേക്ക് നയിക്കുന്നത്. ഇത്തരം സൗകര്യമുള്ള തുറമുഖം അത്യപൂർവമാണ്.



ഇവിടെയൊക്കെ ഡ്രഡ്ജിങ്ങ് ആവശ്യമായി വരുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ കടലിന്നടിത്തട്ടിൽ കല്ലായതിനാൽ എല്ലാവിധ അറ്റകുറ്റപ്പണിച്ചെലവും കുറഞ്ഞിരിക്കും.

- വിഴിഞ്ഞം തുറമുഖം ഒരു ഗ്രീൻഫീൽഡ് പദ്ധതിയാണെന്ന് തുറമുഖ പദ്ധതിയുടെ വെബ്സൈറ്റിലുണ്ട്. അതായത് ജനവാസ കേന്ദ്രത്തിൽ നിന്നും തിരക്കുള്ള റോഡ്, റെയിൽ യാത്രാമേഖലകളിൽ നിന്നും അകലെ. ഇന്ത്യയിലെ ആദ്യത്തെ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലായ വിഴിഞ്ഞം തുറമുഖം പ്രവർത്തനസജ്ജമായാൽ ഇന്ത്യൻ കയറ്റുമതിക്കാർക്ക് കണ്ടെയ്നറുകൾ കയറ്റി അയയ്ക്കാൻ ദുബായ്, സിംഗപ്പൂർ മുതലായ രാജ്യങ്ങളെ ആശ്രയിക്കേണ്ടിവരില്ല. ഇതുമൂലം കയറ്റുമതിക്കാർക്ക് ഇപ്പോഴത്തെ കണക്കനുസരിച്ച് ഏതാണ്ട് 1000 കോടി രൂപയോളം ചെലവിനത്തിൽ ലാഭിക്കാനാകും.
- വിഴിഞ്ഞത്ത് പ്രതീക്ഷിക്കുന്ന ബങ്കർ ടെർമിനൽ (കപ്പലുകൾക്ക് ഇന്ധനം നിറയ്ക്കുന്നതിനുള്ള സൗകര്യം) കൂടി വന്നുകഴിഞ്ഞാലുണ്ടാകുന്ന മുന്നേറ്റം വളരെ വലുതായിരിക്കും.

## സർക്കാരിനുണ്ടാകുന്ന നേട്ടങ്ങൾ

- തുറമുഖ നികുതി, കയറ്റിറക്കു ഫീസുകൾ, തുറമുഖ പരിസരത്തും തുറമുഖത്തും കപ്പലിൽ അയക്കേണ്ട സാധനങ്ങൾ പായ്ക്കു ചെയ്യുന്നതിനുള്ള ഫീസ് (സ്റ്റോറേജ് ഫീ), ടാഗ് നിരക്കുകൾ (ടഗുകൾ ചരക്കുകളുടെ ഗതാഗതത്തിനുള്ളവയാണ്. കപ്പലുകളെ ആഴങ്ങളിൽ നിന്ന് വലിച്ചുകയറ്റുകയും ഇറക്കുകയും ചെയ്യുന്നതിന് പ്രത്യേക 'ടഗു'കൾ ഉണ്ട്. കണ്ടെയ്നറുകൾ തുറമുഖപരിസരത്ത് പാർക്ക് ചെയ്യുന്നതിനുള്ള ഫീ, ഇവയൊക്കെ തുറമുഖത്തിന്റെ വളർച്ചക്കനുസരിച്ച്



രാജ്യത്തെ ആദ്യത്തെ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലായ വിഴിഞ്ഞം തുറമുഖം പ്രവർത്തനസജ്ജമായാൽ ഇന്ത്യൻ കയറ്റുമതിക്കാർക്ക് കണ്ടെയ്നറുകൾ കയറ്റി അയയ്ക്കാൻ ദുബായ്, സിംഗപ്പൂർ മുതലായ രാജ്യങ്ങളെ ആശ്രയിക്കേണ്ടിവരില്ല. ഇതുമൂലം കയറ്റുമതിക്കാർക്ക് ഇപ്പോഴത്തെ കണക്കനുസരിച്ച് ഏതാണ്ട് 1,000 കോടി രൂപയോളം ചെലവിനത്തിൽ ലാഭിക്കാനാകും

വളർന്നുകൊണ്ടിരിക്കും.

- ഇപ്പോൾ ഇന്ത്യൻ കപ്പലുകൾ ട്രാൻസ്ഷിപ്മെന്റ് സൗകര്യം ഉപയോഗപ്പെടുത്തുന്നത് കൊളംബോ, സിംഗപ്പൂർ, മുംബൈ തുടങ്ങിയ രാജ്യങ്ങളിലാണ്. വിഴിഞ്ഞം തുറമുഖം സജ്ജമായാൽ ഇന്ത്യ ഇക്കാര്യത്തിൽ സ്വാശ്രയത്വം പ്രാപിക്കും. എക്സിം കമ്പനികളുടെ (എക്സ്പോർട്ട്, ഇംപോർട്ട്) ചെലവ് കുറയും. സമയലാഭത്തോടൊപ്പം കാര്യക്ഷമതയും വർധിക്കും.
- കപ്പൽ ക്രൂ ചെയ്ഞ്ച് ഉദ്യോഗസ്ഥരുടെ ജോലിയിൽ നിന്നിറങ്ങലും പുതിയവരുടെ കയറലും തിരുവനന്തപുരത്താവും. ഇപ്പോൾ ക്രൂ ചെയ്ഞ്ചിങ് സൗകര്യം സിംഗപ്പൂരിലാണ്. വിമാനയാത്രാവരുമാനത്തിൽ വൻ കുതിപ്പുണ്ടാകുന്നതിന് ഇത് സഹായിക്കും.
- വിഴിഞ്ഞത്ത് നങ്കുരമിടുന്ന കപ്പലുകളിലെ ജീവനക്കാർ, യാത്രക്കാർ തുടങ്ങിയവരുടെയൊക്കെ അനുദിനാവശ്യങ്ങൾക്കുള്ള സാധനങ്ങൾ, സേവനങ്ങൾ എന്നിവ വാങ്ങുന്നത് തിരുവനന്തപുരത്തു നിന്നായിരിക്കും. ഇത് പൊതുവെ കേരള സാമ്പത്തികമേഖലയ്ക്ക് ഉണർവുണ്ടാക്കും, പ്രത്യേകിച്ച് തിരുവനന്തപുരത്തിന്.
- തിരുവനന്തപുരത്ത് സാങ്കേതിക, അർധസാങ്കേതിക മികവ് വേണ്ടതും അല്ലാത്തതുമായ തൊഴിലവസരങ്ങൾ കൂടും. ഇത് നഗരത്തിന്റെ അതിവേഗത്തിലുള്ള വളർച്ചയ്ക്ക് ഹേതുവാകും. കോർപറേഷന്റെയും ഗവൺമെന്റിന്റെയും ഉത്തരവാദിത്വം വർധിക്കുമെങ്കിലും വരുമാനത്തിലും കുതിപ്പുണ്ടാകും.

## കപ്പൽ കമ്പനികൾക്കും ചാർട്ടർ ചെയ്യുന്നവർക്കുമുള്ള പ്രയോജനങ്ങൾ

- ട്രാൻസ്ഷിപ്മെന്റ് ഇന്ത്യൻ തുറമുഖങ്ങളിൽ നിന്ന് നേരിട്ടാവും. ഇപ്പോഴത് കൊളംബോവഴിയാ ണ്.
- വിഴിഞ്ഞത്ത് ബങ്കർ ടെർമിനൽ (കപ്പൽ റീ ഫ്യൂവൽ ചെയ്യുന്ന സൗകര്യം) വരുന്നതോടെ ബങ്കറിങ്ങിനായി സിങ്കപ്പൂരിൽ പോകേണ്ട ആവശ്യമില്ലാതാകും.
- മദർഷിപ്പുകൾക്ക് തുറമുഖത്ത് നങ്കുരമിടാം മാത്രമല്ല ബങ്കറിങ്ങും നടത്താമെന്നത് സമുദ്രഗതാഗതരംഗം വഴി കപ്പൽ കമ്പനികൾക്കും സംസ്ഥാനത്തിനും വൻ വരുമാനത്തിനും വളർച്ചയ്ക്കും പശ്ചാത്തലമൊരുക്കും.
- പ്രത്യേക ബങ്കർ ബർജ് വേണ്ടാത്തതിനാൽ കപ്പൽ കമ്പനികൾക്ക് ചെലവ് ചുരുക്കാം.
- വലിയ കണ്ടെയ്നറുകൾക്ക് തുറമുഖത്തു തങ്ങാം എന്നതിനാൽ കപ്പൽ ചാർട്ടേറേഴ്സ് അത്തരം തന്നെ ഉപയോഗിക്കും. ചരക്ക്, പാസഞ്ചർ ചെലവുകൾ കുറയും അവരുടെ ലാഭവും വർധിക്കും.
- ക്രൂ ചെയ്ഞ്ചിനുവേണ്ടി സിംഗപ്പൂർ വരെ പോകേണ്ടാത്തതിനാൽ ചെലവ് കുറയുന്നു.
- പ്രൊവിഷൻസ് തിരുവനന്തപുരത്തു നിന്നെടുക്കുന്നതിനാൽ ദുബായ്, സിംഗപ്പൂർ എന്നിവിടങ്ങളിൽ നിന്നൊക്കെ എടുക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിൽ ലഭ്യം.

## സംസ്ഥാനത്തിന്റെ പ്രയോജനം

- സംസ്ഥാനത്ത് ജലഗതാഗത സാധ്യതകൾ കൂടുതലായി വികസിപ്പിക്കാൻ വിഴിഞ്ഞം തുറമുഖം കാരണമാകും.
- വിനോദസഞ്ചാര വികസനത്തിന് രാസത്വരകമായി ഭവിക്കും വിഴിഞ്ഞം തുറമുഖം. ദൈവത്തിന്റെ സ്വന്തം നാട്ടിലേക്ക് ചാർട്ടർ ചെയ്ത വൻകിട ആഡംബര ക്രൂയിസ് കപ്പലുകൾ വരാൻ തുടങ്ങും, പെയിന്റിങ്ങുകൾ, പരമ്പരാഗത കലകൾ എന്നിവയുടെ ഉയർത്തെഴുന്നേൽപ്പിനും വളർച്ചയ്ക്കും കാരണമാകും. മൺസൂൺ ടൂറിസം വലിയൊരു വിൽപ്പനച്ചരക്കാകും.
- വിഴിഞ്ഞം പൂർത്തിയാകുന്നതോടെ കുളച്ചൽ, തങ്കശ്ശേരി, വല്ലാർപാടം തുടങ്ങിയ തുറമുഖങ്ങളും കൂടുതലായി വികസിക്കുമെന്ന് കണക്കാക്കപ്പെടുന്നു. ഇത് ഈ മേഖലകളിലൊക്കെ തൊഴിൽ സാധ്യതകൾ വർധിപ്പിക്കും.
- വിഴിഞ്ഞം കുടികൊള്ളുന്ന തിരുവനന്തപുരം ഒരുപക്ഷെ അതിവേഗം ഒരു മെട്രോനഗരമായി വളരാം. ഇപ്പോൾ വ്യാവസായികമായി വളരെ പിന്നിൽ നിൽക്കുന്ന തിരുവനന്തപുരം, കപ്പൽ വഴി അസംസ്കൃതവസ്തുക്കളും ഉത്പന്നങ്ങളും വന്നുപോകുമെന്നതിനാൽ ഒരു വ്യവസായ നഗരമായി വളരും.
- നൂതനാശയങ്ങളുമായി, സ്റ്റാർട്ട് അപ്പുകൾ വഴി വളരാൻ കാത്തിരിക്കുന്ന സാങ്കേതിക വിദ്യാഭ്യാസമേഖലയിലെ പുതു തലമുറയ്ക്ക് മോഹങ്ങളിൽ കുളിരുകോരിയിടുന്ന സംഗീതമഴയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. ■

*(സാമ്പത്തികകാര്യ വിദഗ്ദയാണ് ലേഖിക*

# മരിക്കാത്ത ഓർമകൾക്കായി ഒരു സ്മാരകം



**ലോകചരിത്രത്തിലെ സമാനതകളില്ലാത്ത സഹന സമരമാണ് ഇന്ത്യൻ സ്വാതന്ത്ര്യസമരം. ഒരു നൂറ്റാണ്ടിലേറെ നീണ്ടുനിന്ന ഈ സമരത്തിലൂടെ നിരവധി വീരപുരുഷന്മാർ രക്തസാക്ഷികളായി. അവരുടെ ഓർമകളുടെ തിളക്കം നിലനിർത്തേണ്ടത് സമൂഹത്തിന്റെ കടമയും ഭാവിയുടെ ആവശ്യവുമാണ്. സ്വാതന്ത്ര്യ സമരത്തിന്റെ സ്മരണകളിരമ്പുന്ന വട്ടിയൂർക്കാവ് സ്മാരകത്തെപ്പറ്റി...**

സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി കോളനിവാഴ്ചയ്ക്കും ജാതിവ്യവസ്ഥയ്ക്കും സാമൂഹിക അസമത്വങ്ങൾക്കും എതിരെ ജനാധിപത്യത്തിനും ഉത്തരവാദിത്വഭരണത്തിനും വേണ്ടി നാടിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി പ്രക്ഷോഭങ്ങൾ നടന്നു. ദിവാൻ സർ. സി.പി. രാമസ്വാമി അയ്യരുടെ ദുർഭരണത്തിൽ പ്രതിഷേധിച്ച് തിരുവിതാംകൂറിലും സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃത്വത്തിൽ നിരവധി പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു.

1938 ഫെബ്രുവരി 25 ാം തീയതി തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആദ്യ സമ്മേളനത്തിന് സർ. സി. പി.യുടെ സർക്കാർ അനുമതി നിഷേധിച്ചു. എന്നാൽ സർക്കാരിന്റെ എതിർപ്പിനെ മറികടന്ന് ആയിരക്കണക്കിന് കോൺഗ്രസ് വോളന്റിയർ പ്രവർത്തകർ തിരുവനന്തപുരം സ്റ്റേറ്റ് കോൺഗ്രസ് ലീഡർ എ. കുഞ്ഞൻ നാടാരുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്തെ വട്ടിയൂർക്കാവിൽ ഒത്തുകൂടി യോഗം നടത്തി. ഇത് ഉത്തരവാദിത്വ സർക്കാരിനുവേണ്ടിയുള്ള തിരുവിതാംകൂറിലെ ആദ്യ നിയമലംഘന പ്രസ്ഥാനത്തിന്റെ ചരിത്രമായി.

സ്മാരകത്തിൽ മുഖ്യ
കെ.സി.ജോസഫ്, വ

സ്വാതന്ത്ര്യസമര ചരിത്രത്തിൽ തങ്കലിപികളാൽ എഴുതിച്ചേർക്കപ്പെട്ട പോരാട്ടത്തിൽ പങ്കെടുത്ത് ധീരരക്തസാക്ഷിത്വം വരിച്ചവരുടെ സ്മരണയ്ക്ക് ഉചിതമായൊരു സ്മാരകമാണ് വട്ടിയൂർക്കാവിലെ പേരൂർക്കട വില്ലേജ് ഓഫീസിനോട് ചേർന്നുള്ള സ്ഥലത്ത് പണിതിരിക്കുന്നത്. കേരളമെന്ന ഒരൊറ്റ സംസ്ഥാനമായി ഉദയം കൊണ്ടതിനെ പ്രതീകാത്മകമായി സൂചിപ്പിക്കുന്നതാണ് ശില്പം. 175 ലക്ഷം രൂപ ചെലവു ചെയ്ത സംസ്ഥാന ആർക്കൈവ്സ് വകുപ്പാണ് ഈ സംരംഭം ഏറ്റെടുത്തത്. ഇതിന്റെ നിർമാണ ചുമതല നിർവഹിച്ചിട്ടുള്ളത് കേരള ചരിത്രപൈതൃക മ്യൂസിയമാണ്. പ്രശസ്ത ശില്പിയും ജയ്പൂർ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറുമായ തോമസ് ജോൺ കോവൂരിന്റേതാണ് രൂപകല്പന. സിവിൽ വർക്കുകളാകട്ടെ കോസ്റ്റ് ഫോർഡിന്റേതും.

പ്രത്യേക രീതിയിൽ കളിമണ്ണുകൊണ്ട് ഉണ്ടാക്കിയെടുത്ത് ഉയർന്ന ഊഷ്മാവിൽ ചുട്ടെടുത്ത ഇഷ്ടിക കൊണ്ട് നിർമിച്ച സ്മാരകത്തിന്റെ മധ്യത്തിലുള്ള ആകാരം കാഴ്ചക്കാർക്ക് കൗതുകം പകരും. സ്മാരക സ്തൂപത്തിനു ചുറ്റും ദേശീയ സമരത്തിന്റെ വിവിധ ഘട്ടങ്ങളെ സൂചിപ്പിക്കുന്ന രംഗങ്ങൾ രേഖാരൂപത്തിൽ ആലേഖനം ചെയ്തിരിക്കുന്നു. ഈ ഡ്രോയിങ്ങുകൾക്കായി ഉപയോഗിച്ചിരിക്കുന്നതാകട്ടെ ബ്ലാക്ക് സ്റ്റെയിൻ ചെയ്ത കള്ളിമണ്ണാണ്. പ്രധാന സ്തൂപത്തിനു ചുറ്റും നാലു കോണുകളിലായി വെങ്കലത്തിൽ നിർമിച്ച നാല് രൂപങ്ങൾ സ്വാതന്ത്ര്യം, രാജ്യസ്നേഹം, അഹിംസ, പ്രതിരോധം എന്നിവയെ പ്രതിനിധാനം ചെയ്യുന്നു. സ്തൂപത്തിനു ചുറ്റും കൽപ്പടവുകളും കാൽനടക്കാർക്കായി നടപ്പാതകളും ചുറ്റുമതിലുകളിൽ കേരളത്തിന്റെ സ്വാതന്ത്ര്യസമരത്തിലെ ഉജ്ജ്വല മുഹൂർത്തങ്ങൾ അനാവരണം ചെയ്യുന്ന മ്യൂറലുകളും ലാൻഡ്സ്കേപ്പ് ചെയ്തു മനോഹരമാക്കിയിട്ടുള്ള പരിസരവുമാണ് രൂപകല്പന ചെയ്തിരിക്കുന്നത്.

കാഴ്ചകൾ മാത്രമല്ല, ഒരുകാലഘട്ടത്തിന്റെ ഓർമക്കുറിപ്പായി മാറുന്ന ഈ സ്മാരകം മരിക്കാത്ത ഓർമയാണ്. നാടിന്റെ സ്വാതന്ത്ര്യത്തിനായി ഉയിരർപ്പിച്ചവരുടെ സമരഗാഥകൾ വിളിച്ചുപറയുന്നു ഓരോ ശില്പവും ഇവിടുത്തെ കാഴ്ചകളും. ■



മുഖ്യമന്ത്രി ഉമ്മൻചാണ്ടി മന്ത്രിമാരായ
ഫ്, വി.എസ്.ശിവകുമാർ തുടങ്ങിയവർ



എ.ജയകുമാർ

# വേണം ഒരു നവമാധ്യമ സംസ്കാരം

വർഷങ്ങൾക്കു മുമ്പ് ഇംഗ്ലണ്ടിൽ നടന്ന രസകരമായ ഒരു സംഭവം. പത്രമാധ്യമങ്ങൾ രാജകുടുംബത്തിന് പലപ്പോഴും തലവേദന സൃഷ്ടിച്ചുകൊണ്ടിരിക്കെ ചാൾസ് രാജകുമാരൻ വിമർശനത്തിന്റെ ഒരു കൂരമ്പ് പ്രയോഗിച്ചു.

"മാധ്യമങ്ങൾ നിറയെ അശുഭ വാർത്തകൾ കൊണ്ട് നിറയുന്നു. ശുഭ വാർത്തകൾ തേടി കണ്ടെത്താനോ അവ പ്രസിദ്ധീകരിക്കാനോ അവർക്ക് ഒരു താത്പര്യവുമില്ല. നിഷേധാത്മകത ഒരു ഭൂഷണമായി മാധ്യമങ്ങൾ കൊണ്ടുനടക്കുന്നു. മാധ്യമ ധർമം അവർ പാടേ മറക്കുന്നു".

അടുത്ത ദിവസം ലണ്ടൻ ടൈംസ് രാജകുമാരന്റെ വിമർശനത്തോട് വിചിത്രമായി പ്രതികരിച്ചു. അതിങ്ങനെ –

ടൈംസ് പത്രത്തിന്റെ ഒന്നാം പേജ് മുഴുവൻ ശൂന്യമാക്കിക്കൊണ്ട് എട്ടാം കോളത്തിന്റെ അടിത്തട്ടിൽ ശുഭവാർത്ത എന്ന ശീർഷകത്തിൽ രണ്ടുവരി വാർത്ത മാത്രം ഉൾപ്പെടുത്തി.

"ലണ്ടനിൽ ഇന്നലെ 633 കുഞ്ഞുങ്ങൾ പിറന്നു. എല്ലാം ശുഭ പ്രസവം"

നർമം കലർന്ന ഈ പ്രതികരണം ചെൾസ് രാജകുമാരൻ ആവോളം ആസ്വദിച്ചുകാണാനാണ് സാധ്യത.

മാധ്യമലോകം നിശിതമായ വിമർശനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ആത്മസംയമനത്തിന്റേതായ ഒരതിർത്തിരേഖ മാധ്യമങ്ങൾ സൃഷ്ടിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്ന് സുപ്രീം കോടതി വരെ സമീപകാലത്ത് അഭിപ്രായപ്പെടുകയുണ്ടായി. പലമുതിർന്ന മാധ്യമപ്രവർത്തകരും ഇതേ അഭിപ്രായം ഉന്നയിച്ചിരുന്നു.

> സാമൂഹിക നന്മയും നാടിന്റെ പുരോഗതിയും ലക്ഷ്യമിടുന്ന ഒരു നവമാധ്യമ സംസ്കാരം ഇവിടെ ആവിർഭവിക്കേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു.

ഹിന്ദു ദിനപ്പത്രത്തിന്റെ അസോസിയേറ്റ് എഡിറ്ററായിരുന്ന പി. സായ്നാഥിന്റെ നിരീക്ഷണം ശ്രദ്ധേയമായിരുന്നു. മാധ്യമങ്ങൾ അറിഞ്ഞോ അറിയാതെയോ ആരുടെയൊക്കെയോ വാക്കുകളായി പരിണമിക്കുന്ന അഭൂതപൂർവമായ സ്ഥിതിവിശേഷം സംജാതമായിരിക്കുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു.

എന്തുമേതും വിവാദമാക്കുക,അത്തരം വാർത്തകളുടെ നിജസ്ഥിതിയെന്തെന്ന് അന്വേഷിക്കാതിരിക്കുക, പ്രതിലോമകരമായ കുറ്റകൃത്യങ്ങൾക്ക് അമിതപ്രാധാന്യം നൽകുക തുടങ്ങിയ പ്രവണതകൾ; മാധ്യമലോകത്ത് സജീവം നിലകൊള്ളുന്നുവെന്നത് ആർക്കും നിഷേധിക്കാനാകാത്ത യാഥാർഥ്യമാണ്. ദൃശ്യമാധ്യമങ്ങൾ തങ്ങളുടേതായ മത്സര ശൈലിയിൽ 'ബ്രേക്കിങ് ന്യൂസു'കളുടെ വേലിയേറ്റത്തിനുതന്നെ വഴിയൊരുക്കുന്നു. ഇത് അഭികാമ്യമായ ഒരു സ്ഥിതിയല്ല.

സാമൂഹിക പ്രതിബദ്ധതയുള്ള മാധ്യമമേഖലയാണ് ഇന്ത്യയിൽ പൊതുവെയും കേരളത്തിൽ പ്രത്യേകിച്ചും നിലനിന്നിരുന്നത്. രാജ്യ സ്വാതന്ത്ര്യത്തിനു വേണ്ടി രാജ്യത്തെ ഒന്നടങ്കം മുന്നോട്ടു നയിക്കുകയെന്ന ധർമാത്മകമായ സമീപനവും ദർശനവും ആദർശവുമായിരുന്നു മാധ്യമലോകത്തിന്റെ മുഖമുദ്ര. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നവഭാരതസൃഷ്ടിയിലും രാജ്യ പുനർനിർമാണത്തിലും മാധ്യമരംഗം വഹിച്ച നിസ്തുലമായ പങ്ക് ശ്ലാഘനീയമാണ്.

തികഞ്ഞ 'ശ്ലാഘനീയത'യിൽ നിന്നുള്ള മാധ്യമങ്ങളുടെ പിന്മാറ്റം എപ്പോൾ, എങ്ങനെ ആരംഭിച്ചുവെന്ന് ചിന്തനീയമാണ്. ഇത് സംഭവിച്ചിട്ട് ഏതാണ്ട് കാൽ നൂറ്റാണ്ടായെന്ന് സസൂക്ഷ്മ നിരീക്ഷണത്തിൽ നിന്ന്



നമുക്ക് മനസ്സിലാകാനാകും. സമൂഹത്തിൽ ഈ കാലയളവിൽ ഒട്ടേറെ പരിവർത്തനങ്ങൾ ഉണ്ടായി എന്നതും വസ്തുതാപരമായി വിലയിരുത്തപ്പെടേണ്ട ഒന്നാണ്. മൂല്യശോഷണം സമൂഹത്തിന്റെ സമസ്ത മേഖലകളെയും ഗ്രസിച്ചുവെന്ന സത്യത്തിനു നേരെ ആർക്കും കണ്ണടയ്ക്കാനാവില്ല. സമ്പത്തിലൂടെയും അതിലൂടെയുള്ള ആധിപത്യ സ്വഭാവ ശൈലിയും വലിയൊരുതോതിൽ സമൂഹത്തിന്റെ അടിത്തറയിൽ നിർണായക വിള്ളലുകളുണ്ടാക്കി. ഈ സാമൂഹിക പരിവർത്തനത്തിന്റെ പ്രതിധ്വനിയല്ലേ മാധ്യമരംഗത്തു പ്രതിഭലിച്ചതും ഇപ്പോൾ പ്രതിഫലിക്കുന്നതും.

നിക്ഷിപ്ത താത്പര്യങ്ങളുടെ മേൽക്കോയ്മ സമൂഹത്തിൽ ആധിപത്യം കരസ്ഥമാക്കിയപ്പോൾ രൂപംകൊണ്ട വികല ചിത്രങ്ങൾ അതേപടി മാധ്യമങ്ങൾ പകർത്തി സാമൂഹ്യജീർണതയുടെ ആക്കം കൂട്ടിയെന്നതാണ് വസ്തുത. വർഷങ്ങൾക്കു മുൻപ് മലയാള പത്രങ്ങളുടെ ഒന്നാം പേജിൽ ഒരിക്കലും ഒരു കുറ്റകൃത്യമോ നരഹത്യയോ ബലാൽസംഗമോ ഒന്നുംതന്നെ വാർത്തകളായി സ്ഥാനം പിടിച്ചിരുന്നില്ല. ഇത്തരം വാർത്തകൾ റിപ്പോർട്ട് ചെയ്യുന്നതിലും പ്രസിദ്ധീകരിക്കുന്നതിലും മാതൃകാപരമായ മിതത്വം മാധ്യമങ്ങൾ പരിപാലിച്ചിരുന്നു. എന്നാൽ വർത്തമാനകാല സ്ഥിതിയിൽ 'കറുത്ത വാർത്ത'കൾ ഒന്നാം പേജിൽ ഇടംപിടിക്കുന്നു.

ഇവിടെയാണ് ഒരു ലക്ഷ്മണ രേഖയുടെയും സംയമനശൈലിയുടെയും അനിവാര്യത പ്രസക്തമാകുന്നത്. എന്തും ഏതും എങ്ങനെയുമാവാമെന്ന നിലയിലുള്ള ദൃശ്യമാധ്യമങ്ങളുടെ അരാജകത്വ ശൈലിയാണ് അച്ചടിമാധ്യമങ്ങളുടെയും കാൽവെപ്പുകൾ പിഴയ്ക്കുന്നതിന് മുഖ്യകാരണം.


ഒരു ദൃശ്യത്തെക്കുറിച്ച് ചിന്തിച്ചു നോക്കുക - പലപ്പോഴും ആവർത്തിക്കപ്പെടുന്ന ഒന്നാണിത്. സംസ്ഥാനത്ത് ഏതെങ്കിലുമൊരു വമ്പിച്ച വികസനപദ്ധതിയുടെ തുടക്കംകുറിക്കുന്നതിന് എത്തുന്ന മുഖ്യമന്ത്രിയെ ദൃശ്യമാധ്യമങ്ങൾ വളയുന്നത് അന്ന് ചൂടുപിടിച്ചു നിൽക്കുന്ന ഏതെങ്കിലുമൊരു വിവാദ വിഷയത്തെക്കുറിച്ചുള്ള ചോദ്യങ്ങളുമായിട്ടായിരിക്കും. വികസന സംരംഭത്തിന്റെ പ്രാധാന്യവും പ്രസക്തിയും അതോടെ നിഷേധിക്കപ്പെടുന്നു. തമസ്കരിക്കപ്പെടുന്നു.

സാമൂഹിക നന്മയും നാടിന്റെ പുരോഗതിയും ലക്ഷ്യമിടുന്ന ഒരു നവമാധ്യമ സംസ്കാരം ഇവിടെ ആവിർഭവിക്കേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞു. 'നാളെ'കളെക്കുറിച്ചുള്ള തിളങ്ങുന്ന പ്രത്യാശകളും പ്രതീക്ഷകളുമായി വളർന്നുവരുന്ന ഒരു പുതിയ തലമുറയെ മാധ്യമങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. അഴിമതിയും പീഡനങ്ങളും കുറ്റകൃത്യങ്ങളും തേർവാഴ്ചയെന്ന പ്രതീതി വ്യാപകമാകുന്നത് വിപരീതഫലംസൃഷ്ടിക്കുന്നു.

ചാൾസ് രാജകുമാരന് ലണ്ടൻ ടൈംസ് നൽകിയ നർമത്തിൽ ചാലിച്ച പ്രതികരണമല്ല നമുക്കുവേണ്ടത്. സൃഷ്ടിപരമായ ശുഭാത്മകമായ പുതിയ പ്രഭാതങ്ങൾ കണികണ്ടുണരാനും നവോന്മേഷദായകമായ സന്ദേശങ്ങൾ നല്കാനും ഈ മേഖല ബാധ്യസ്ഥമാണ്; വിട്ടുവീഴ്ചയില്ലാത്ത കർത്തവ്യവും കടമയുമായി മാധ്യമങ്ങൾ അത് ഏറ്റെടുക്കണം. ■



# വരൂ... ഇതാണ് കേരളം 1



കാഴ്ചയുടെ സൗന്ദര്യമാണ് കേരളം. ഒരൊറ്റ പച്ചപ്പുതപ്പിൽ ചാലിച്ചെടുത്ത ഹരിതാഭ. ദൈവത്തിന്റെ സ്വന്തം നാടെന്ന് ഖ്യാതികേട്ട കേരളത്തിന്റെ നാടിനും മേടിനും ലോകസഞ്ചാരിയുടെ സ്വപ്നത്തോളം സൗന്ദര്യമുണ്ട്. ചേതോഹരമാർന്ന കേരളീയ പ്രകൃതിയും നമ്മുടെ വിനോദസഞ്ചാരകേന്ദ്രങ്ങളെയും അടുത്തറിയാൻ ഒരു യാത്ര. നാടിന്റെ സൗന്ദര്യവും അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ പ്രകൃതിയുടെ വശ്യതകളും പങ്കുവെക്കുന്ന പരമ്പര...

താമരശ്ശേരി ചുരം- വയനാട്ടിലേക്കുള്ള പ്രവേശന കവാടം

## പച്ചപ്പിൽ നിറഞ്ഞ്; കാഴ്ചയിൽ അലിഞ്ഞ്...



■ രമേഷ് കുമാർ വെള്ളമുണ്ട

# വയനാട് വിളിക്കുന്നു

പച്ചപ്പ് നിറഞ്ഞ വയനാട്ടിലെ സ്വാഭാവിക വിനോദ കേന്ദ്രങ്ങൾ കാലം നോക്കാതെയാണ് സഞ്ചാരികളെ സ്വീകരിക്കുന്നത്. മഞ്ഞും മഴയുമെല്ലാം ഇവിടെ കാഴ്ചയുടെ ഉത്സവമാണ്. പ്രകൃതി പച്ചപ്പുതപ്പണിഞ്ഞ വയനാട്. കൃത്രിമങ്ങളുടെ കലർപ്പില്ലാതെ പ്രകൃതിയുടെ ഈ മടിത്തട്ടിലേക്ക് സഞ്ചാരികൾ വിരുന്നെത്തുന്നു. വയനാട്ടിലെ ഹൃദയഹാരിയായ കാഴ്ചയിലേക്ക്...

പച്ചപ്പിനുള്ളിലൂടെ വളഞ്ഞും പുളഞ്ഞും മലകയറിപോകുന്ന പാതകൾ താമരശ്ശേരിയിൽ നിന്നേ കാണാം.അങ്ങകലെ മേഘ മുടിക്കെട്ടിലേക്ക് കയറി പോകുന്ന തീപ്പെട്ടി കൂടുകൾ പോലെയുള്ള വാഹനങ്ങൾ. വയനാടൻ ചുരം സഞ്ചാരികൾക്ക് അത്ഭുതമാണ്. നീലഗിരി പർവതത്തോട് ചേർന്ന് കിടക്കുന്ന പശ്ചിമഘട്ടത്തിന്റെ വശ്യതകളും ചേതോഹരം. പ്രകൃതിയൊരുക്കിയ കളിപ്പൊയ്കകളും കാടും കാട്ടാറും വയലുകളും ചേർന്ന ഭൂതലം വയനാടിനെ മറ്റ് നാടുകളിൽ നിന്നും വേർതിരിക്കുന്നു.കുടിയേറ്റകാലത്തോളം പഴക്കമുള്ള റബ്ബർത്തോട്ടങ്ങൾ പിന്നിട്ട് അടിവാരത്ത് നിന്നും ചുരം ഒന്നാം വളവ് പിന്നിട്ട് ഉയരങ്ങളിലേക്ക് യാത്ര തുടങ്ങുമ്പോൾ കോഴിക്കോട് എന്ന ദേശം താഴ്വാരങ്ങളിൽ പരന്ന് പരന്ന് കഴ്ചകളിൽ നിന്നും ചിതറി കലങ്ങിപോകുന്നു.ഇടതൂർന്ന ചോലവനങ്ങൾ ഇടയ്ക്കിടെ കുളിരിന്റെ കൂടാരത്തിലേക്ക് വിളിച്ചു കൊണ്ടുപോകും സഞ്ചാരികളെ. അകലങ്ങളിലേക്ക് കാഴ്ചയുടെ വാതിൽ തുറക്കുമ്പോൾ കടലുപോലെ താഴെ ദേശത്തിന്റെ അതിർത്തികളെ മായ്ച്ച് സമതലം മേഘങ്ങൾക്ക് താഴെയായി കാണാം. യാത്ര ഉയരങ്ങളെ കീഴടക്കും തോറും അഗാധ ഗർത്തങ്ങളും പാറക്കെട്ടുകളും നെഞ്ചി

ടിപ്പിന് വേഗത കൂട്ടും. എങ്കിലും സാഹസികമായ ചുരം വഴികൾ യാത്രികർക്കെല്ലാം ഒരു ആവേശമായി മാറിപ്പോകും.പതിവായി ചുരം കയറുന്ന യാത്രികർ പോലും ഓരോ സമയവും വേറിട്ട രീതിയിൽ ആകാശം വരച്ചിടുന്ന മേഘങ്ങളെ വിസ്മയം പൂണ്ട് നോക്കിയിരിക്കുന്നു.

ഇലപൊഴിക്കാത്ത നിത്യ ഹരിത വനങ്ങൾ. ഫോറസ്റ്റ് ഫ്ളെയിം എന്ന് ബ്രിട്ടീഷികാർ പേരിട്ടു വിളിച്ച സപുഷ്പികളായ മരങ്ങൾ. വഴി വക്കിൽ സഞ്ചാരികളെ സ്വാഗതം ചെയ്യുന്ന വാനരക്കൂട്ടങ്ങൾ. പാറ പിളർന്നൊഴുകുന്ന ഉറവകൾ. ഇവയെല്ലാം ചുരത്തിന്റെ വഴികളിൽ സഞ്ചാരികൾക്ക് കൂട്ടുണ്ടാകും. എട്ടു ഹെയർ പിൻ വളവുകൾ പിന്നിട്ട് ഒമ്പതാം വളവിലേക്ക് പാത പിന്നിടുമ്പോൾ ഏറ്റവും മുകളിൽ നിന്നുള്ള കാഴ്ചയായി. ചുരം നവീകരിച്ചതിനാൽ വാഹനങ്ങൾക്ക് ഇവിടെ പാർക്കിങ് സൗകര്യങ്ങളുണ്ട്. സഞ്ചാരികൾക്ക് ഇവിടെ യഥേഷ്ടം സമയം ചെലവിടാം. വൈകുന്നേരം ചെമ്പട്ടുപുതയ്ക്കുന്ന ആകാശത്തിനു താഴെ ചുവന്നു തുടിക്കുന്ന ഭൂതലം കാണാൻ ഒട്ടറെ ഇവിടെ എത്താൻ തുടങ്ങിയതോടെ ചുരം വ്യൂപോയിന്റ് പുതിയൊരു ഡസ്റ്റിനേഷനായി. പണ്ട് കരിന്തണ്ടൻ എന്ന ആദിവാസിയാണ് ബ്രിട്ടീഷുകാർക്ക് വയനാട്ടിലേക്കുള്ള ചുരം പാത കാണിച്ചു കൊടുത്തുപോലും. വഴി മനസ്സിലാക്കിയ വെള്ളക്കാരാവട്ടെ ഈ പാത മറ്റാരും മനസ്സിലാക്കാതിരിക്കാൻ കരിന്തണ്ടനെ തലയറുത്ത് കൊന്നതായാണ് വിശ്വാസം. എന്നാൽ കരിന്തണ്ടന്റെ പ്രേതം ഈ വഴിക്ക് യാത്ര ചെയ്യാൻ ആരെയും അനുവദിച്ചില്ല. വാഹനങ്ങളെല്ലാം പലപ്പോഴും അഗാധമായ ഗർത്തത്തിലേക്ക് പതിക്കുന്നതിന് കാരണമായി. പരിഹാരം തേടിയ വെള്ളക്കാർക്ക് മന്ത്രവാദിയാണ് അറുതിയുണ്ടാക്കിയത്. കോളിമരത്തിനു മുകളിൽ ഉരുക്ക് ചങ്ങലയിൽ കരിന്തണ്ടനെ മന്ത്രവാദി പിടിച്ചു കെട്ടിയതോടെ ശല്യം കുറഞ്ഞു. ചരിത്രവും ഐതീഹ്യങ്ങളും ഇഴപിരിഞ്ഞു കിടക്കുന്ന കഥകൾ കൂടി ഈ കാഴ്ചകളോട് ചേരുമ്പോൾ വിസ്മരിക്കാൻ കഴിയാത്ത യാത്രാനുഭവമായി മാറും വയനാടൻ ചുരം. കാലത്തോട് കഥ പറയാൻ ഇന്നും ചുരം കവാടത്തിലുള്ള ചങ്ങലമരമുണ്ട്.വയനാട്ടിലേക്ക് വാതിൽ തുറക്കുമ്പോൾ തണുത്ത കാറ്റിനൊപ്പം ലക്കിടിയെന്ന ചിറാപുഞ്ചി ഏവരെയും സ്വാഗതം ചെയ്യും. സമുദ്ര നിരപ്പിൽ നിന്നും രണ്ടായിരം അടി ഉയരത്തിൽ പച്ചപ്പട്ടു പുതച്ചുകിടക്കുന്ന ദേശം പിന്നെ എല്ലാവരെയും വിസ്മയ കാഴ്ചകളിലേക്ക് വഴി കാണിച്ചു കൊണ്ടുപോകും.

### പൂക്കോട് തടാകം

പ്രവേശന സമയം രാവിലെ 9 മുതൽ വൈകിട്ട് 6 വരെ

**പ്രവേശന ഫീസ്** – മുതിർന്നവർ 20 രൂപ –കുട്ടികൾ 10 രൂപ

**ബോട്ട് സവാരി** – പെഡൽ ബോട്ട് (രണ്ടു സീറ്റ്) 100 രൂപ

പെഡൽ ബോട്ട് –(നാലു സീറ്റ് ) 200 രൂപ

റോബോട്ട് –(ഏഴു സീറ്റ്) 350 രൂപ

ക്യാമറ 20 രൂപ

വീഡിയോ ക്യാമറ 180 രൂപ

ടൂറിസം പ്രമോഷൻ കൗൺസിൽ 04936 202134

പൂക്കോട് തടാകം 04936 255207

### ബാണാസുര സാഗർ

**പ്രവേശന സമയം** രാവിലെ 8.30 മുതൽ വൈകിട്ട് 5.30വരെ

**പ്രവേശന ഫീസ്** മുതിർന്നവർ 20 രൂപ കുട്ടികൾ 10 രൂപ

ക്യാമറ 20 രൂപ

വീഡിയോ ക്യാമറ 180 രൂപ

ബാണാസുര സാഗർ 04936 273562

കെ.എസ്.ഇ.ബി.ഐ.ബി. പടിഞ്ഞാറത്തറ 04936 273449

### എടയ്ക്കൽ ഗുഹ

**പ്രവേശന സമയം** രാവിലെ 9 മുതൽ വൈകിട്ട് 4.30 വരെ

**പ്രവേശന ഫീസ്** മുതിർന്നവർ 20 രൂപ കുട്ടികൾ 10 രൂപ

ക്യാമറ 20 രൂപ

എടയ്ക്കൽ ഗുഹ 9446052134

### വയനാട് വന്യജീവിസങ്കേതം

**പ്രവേശന സമയം** രാവിലെ 7 മുതൽ വൈകിട്ട് 10 വരെ

വൈകിട്ട് 3 മണി മുതൽ 6 മണിവരെ

**പ്രവേശന ഫീസ്** മുതിർന്നവർ 75 രൂപ

ജീപ്പ് വാടക 500

ക്യാമറ 20 രൂപ

വീഡിയോ ക്യാമറ 180 രൂപ

തോൽപ്പെട്ടി വന്യജീവി സങ്കേതം 04935 250853

മുത്തങ്ങ വന്യജീവി സങ്കേതം 04936 271010



പൂക്കോട് തടാകം



## പൂക്കോട് തടാകം എന്ന വയനാടിന്റെ വാൽക്കണ്ണാടി

ചുരം യാത്രകഴിഞ്ഞ് ചങ്ങല ഗേറ്റ് കടന്ന് അരകിലോമീറ്ററോളം ദേശീയ പാതയിലൂടെ മുന്നോട്ട് പോയാൽ തളിപ്പുഴ എന്ന സ്ഥലത്തെത്തും.അവിടെ നിന്നും ഇടത്തോട്ട് തിരിഞ്ഞ് പോകുന്ന റോഡിലൂടെ നേരെ പോയാൽ പൂക്കോട് തടാകമായി. വയനാട്ടിൽ ഏതു സമയത്തും ഏറ്റവും കൂടുതൽ സഞ്ചാരികൾ വരുന്ന വിനോദ സഞ്ചാര കേന്ദ്രമാണീ വയനാടിന്റെ വാൽക്കണ്ണാടി. മൂന്നുകുന്നുകൾക്കിടയിൽ ഒരിക്കലും വറ്റാതെ നിറഞ്ഞുനിൽക്കുകയാണ് തെളിനീരുമാത്രമുള്ള ഈ ശുദ്ധജല തടാകം. നീലാമ്പൽ പൂക്കൾ സൗരഭ്യം വിതറുന്ന തടാകക്കരയിൽ തിരക്കൊഴിഞ്ഞ നേരമില്ല.

പതിമൂന്ന് ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന തടാകത്തിന് ഇന്ത്യയുടെ ഭൂപടത്തിനോട് സാദൃശ്യമുണ്ട്.ശുദ്ധജലമായതിനാൽ അനേകം മത്സ്യങ്ങളും ഉഭയ ജീവികളും തടാകത്തിലുണ്ട്. മുൻപ് വന്യ ജീവികൾ ഇവിടെ ദാഹം തീർക്കാൻ എത്തിയിരുന്നു. അന്യം നിന്നുപോകുന്ന വേനൽതുമ്പികളുടെ ആവാസമേഖലകൂടിയാണിത്. പരിസ്ഥിതി സന്തുലിത വിനോദ സഞ്ചാര കേന്ദ്രമെന്ന ഖ്യാതികൂടിയുണ്ടിതിന്. സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനു കീഴിലാണ് തടാകം. എന്നാൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലാണ് ടൂറിസം നടപ്പാക്കുന്നത്.

## മലനിരകൾ മുഖംനോക്കുന്ന ബാണാസുരസാഗർ

വയനാട്ടിലെ ഏക ഹൈഡൽ വിനോദ കേന്ദ്രമാണ് ബാണാസുരസാഗർ. മാനം തൊട്ടുനിൽക്കുന്ന മലനിരകൾക്ക് അഭിമുഖമായി കടൽ പോലെ പരന്നുകിടക്കുകയാണ് ഈ അണക്കെട്ടിന്റെ വൃഷ്ടി പ്രദേശങ്ങൾ. സായാഹ്നമായപ്പോഴേക്കും അഭ്യന്തര സഞ്ചാരികളും മറുനാടൻ സഞ്ചാരികളുമായി പ്രദേശമാകെ നിറഞ്ഞു കവിയും. പതിനായിരത്തിലധികം സഞ്ചാരികളാണ് ഇവിടം പ്രതിദിനം സന്ദർശിച്ചു മടങ്ങുന്നത്. വയനാടിന്റെ വിനോദസഞ്ചാര ഭൂപടത്തിലേയ്ക്കു ഒടുവിലാണ് ബാണാസുര സാഗർ ഒരുങ്ങിയെത്തിയത്. ഇന്ന് സഞ്ചാരികളുടെ പറുദീസയായി ഈ ജലാശയം മാറിക്കഴിഞ്ഞു. ഓളപ്പരപ്പുകളും ചെറുദ്വീപുകളും അതിനെ തൊട്ടുരുമ്മി നില്ക്കുന്ന ബാണാസുരമലയും സഞ്ചാരികളുടെ മനം കവരുന്നു. ഏഷ്യയിലെ രണ്ടാമത്തെ വലിയ മണ്ണണയ്ക്ക് മുകളിൽ നിന്നും വിദൂരദൃശ്യങ്ങളിലേയ്ക്ക് കണ്ണുപായിക്കാൻ അന്യ സംസ്ഥാനങ്ങളിൽ നിന്നും ഒട്ടേറെ പേരാണ് ഇവിടെയെത്തുന്നുണ്ട്.

ജില്ലാ ആസ്ഥാനമായ കൽപ്പറ്റയിൽ നിന്നും ഇരുപത് കിലോമീറ്റർ ദൂരമുണ്ട് ഇവിടേക്ക്. പൂക്കോട് തടാക കരയിൽ നിന്നും ഇതിലും എളുപ്പത്തിൽ തിരക്കൊഴിഞ്ഞ പാതയുമുണ്ട്. ഏതു സീസണിലും ഇവിടെ സഞ്ചാരികൾക്ക് പ്രവേശിക്കാം.


പ്രകൃതിയുടെ സന്തുലിത വിനോദ സഞ്ചാരത്തിന്റെ മനോഹര ദൃശ്യമാണ് തരിയോട് നിന്നുമുള്ള ബാണാസുര സാഗറിന്റെ മുഖം.വയനാട്ടിലെത്തുന്നവർക്ക് ഈ കേന്ദ്രം സന്ദർശിക്കാതെ മടങ്ങുക എന്നത് നിരാശജനകമാണ്.സഞ്ചാരികൾക്ക് താമസിക്കാൻ ഒട്ടനവധി റിസോർട്ടുകൾ ഇവിടെയുണ്ട്.ഹോം സ്റ്റേകളിലും താമസിക്കാം.

## മീൻമുട്ടി കുളിരണിയുന്നു

കുറ്റൻ പാറക്കെട്ടുകൾ ചാടി നൂറടിയോളം താഴത്തേക്ക് പതഞ്ഞൊഴുകി പോകുന്ന കാട്ടരുവിയുടെ ഇരമ്പമാണ് മലയോരങ്ങളിൽ ആർത്തലയ്ക്കുന്നത്. ഇവിടെ നിന്നുമുള്ള കുന്നുകളുടെയും ബാണാസുരസാഗറിന്റെയും വിദൂരക്കാഴ്ചകൾ ആരുടെയും മനം കവരും. മറ്റു വെള്ളച്ചാട്ടങ്ങളൊക്കെ അടുത്തുകാണണമെങ്കിൽ കിലോമീറ്റർ യാത്ര ചെയ്യണമെങ്കിൽ ബാണാസുരസാഗർ അണക്കെട്ടിൽ നിന്നും വിളിപ്പാട് അകലെ മാത്രമാണ് ഈ ഇക്കോ ടൂറിസം കേന്ദ്രം.കാപ്പിക്കളത്ത് നിന്നും ഒരു കയറ്റം കയറിയാൽ കാഴ്ചയുടെ വാതിൽ തുറക്കുകയായി. തനിമ മാറാത്ത പച്ചപ്പിനുള്ളിൽ ഇവിടെ കൃത്രിമങ്ങളുടെ കലർപ്പില്ലാത്ത കാഴ്ചകൾ മാത്രം.

## കാലത്തിന്റെ കയ്യെഴുത്തുകൾ അഥവാ എടയ്ക്കൽ ഗുഹ

ആകാശം തൊട്ടുനിൽക്കുകയാണ് അമ്പുകുത്തി മലനിരകൾ.ഉയരത്തിൽ കയറും തോറും താഴെ പച്ചപരവതാനി പോലെ വയനാടൻ വയലുകൾ. കോടമഞ്ഞുപുതഞ്ഞ് പാഞ്ഞെത്തുന്ന തണുപ്പിലേക്ക് എടയ്ക്കൽ ഗുഹാമുഖം തുറന്നിട്ടിരിക്കുന്നു. ഏതുവേനലിലും കുളിരിന്റെ കൂടാരമാണ് ഈ ലോകം. അമ്പുകുത്തി മലയിലെ പാറക്കെട്ടുകൾ താണ്ടി ചരിത്ര ലിഖിതങ്ങളെ അടുത്തറിയാൻ ആയിരങ്ങളാണ് ഇവിടെ എത്തുന്നത്. വയനാട്ടിൽ എത്തുന്ന വിദേശികൾ പോലും കഠിന പ്രയത്നം ചെയ്ത് ഈ മല കയറി ചരിത്രലിഖിതങ്ങളുടെ പൈതൃ



മീൻമുട്ടി

## ചെമ്പ്ര മല

**പ്രവേശന സമയം** രാവിലെ 7 മുതൽ വൈകിട്ട് 5 വരെ

പത്ത് പേരടങ്ങിയ സംഘം 500 രൂപ

ഡി എഫ് ഒ സൗത്ത് വയനാട്
04936 203928
ഫോറസ്റ്റ് ഓഫീസ് മേപ്പാടി
04936 282001

## ഹെറിറ്റേജ് മ്യൂസിയം അമ്പലവയൽ

**പ്രവേശന സമയം** രാവിലെ 9 മുതൽ വൈകിട്ട് 6 വരെ

**പ്രവേശന ഫീസ്** മുതിർന്നവർ 20 രൂപ

കുട്ടികൾ 10

മൾട്ടീമീഡിയ തീയ്യേറ്റർ (20 പേർക്ക്) 200 രൂപ

## പക്ഷി പാതാളം

**പ്രവേശന സമയം** രാവിലെ 7 മുതൽ ഉച്ചയ്ക്ക 11 വരെ

മുൻകൂട്ടി ബുക്ക് ചെയ്തവർക്ക് മാത്രം പ്രവേശനം

ബുക്കിങ്ങിന് ഫോറസ്റ്റ് സെക്ഷൻ ഓഫീസുമായി ബന്ധപ്പെടാം

ഫോൺ 04935 240233
പക്ഷിപാതാളം 04935 210377

കം അന്വേഷിക്കുന്നു. ഏകദേശം മുപ്പതിനായിരം വർഷങ്ങൾക്ക് മുൻപുണ്ടായ ഭൂകമ്പത്തിൽ ഈ ഗുഹ രൂപപ്പെട്ടെന്നാണ് ചരിത്ര പണ്ഡിതരുടെ അനുമാനം. നൂറ്റാണ്ടുകൾ പഴക്കമുള്ള ഗുഹ ഏറെക്കാലം കാടിനുള്ളിലായിരുന്നു.

ആറായിരം വർഷം മുമ്പ് നവീന ശിലായുഗത്തിൽ ജീവിച്ചിരുന്നവർ എടയ്ക്കൽ ഗുഹയെ വീടാക്കി മാറ്റിയതായും ചരിത്ര രേഖകൾ പറയുന്നു.

ലോക പൈതൃക പട്ടികയിലേക്ക് നാമനിർദ്ദേശം ചെയ്ത കേരളത്തിലെ ഏക ശിലാഗുഹയാണിത്.

## മുത്തങ്ങയിൽ കാട്ടാനകളെ കാണാം

സ്വാഭാവിക വന സൗന്ദര്യത്തിന് പേരുകേട്ട വയനാട്ടിലെ പ്രധാന വിനോദ കേന്ദ്രം.ജില്ലാ ആസ്ഥാനമായ കൽപ്പറ്റയിൽ നിന്നും 41 കിലോമീറ്റർ ദൂരം കോഴിക്കോട് മൈസൂർ ദേശീയ പാതയിലൂടെ സഞ്ചരിച്ചാൽ ഇവിടെയെത്താം.വനത്തെയും വന്യജീവികളെയും അടുത്തറിയാനുള്ള യാത്രകൾ.രാവിലെ ഏഴു മുതൽ ഒമ്പതുമണിവരെയും വൈകിട്ട് മൂന്നര മുതൽ അഞ്ചുമണിവരെയുമാണ് പ്രവേശനം. ജീപ്പുകളിൽ സഞ്ചാരികളെ കാടിനുള്ളിൽ ചുററിക്കറക്കി തിരികെയെത്തിക്കും.വേറിട്ട കാടനുഭവങ്ങൾക്കിടയിൽ എന്നും അനുഭൂതി പകരുന്നതാണ് മുത്തങ്ങയിലെ വനയാത്ര.

മുത്തങ്ങയിലൂടെ കടന്നുപോകുന്ന കോഴിക്കോട് മൈസൂർ ദേശീയ പാതയോരത്ത് പോലും വന്യമൃഗങ്ങളെ അടുത്തുകാണാം.നിരന്നുകിടക്കുന്ന ഭൂപ്രദേശമായതിനാൽ വന്യജീവികൾക്ക് യഥേഷ്ടം തീറ്റതേടി നടക്കാനുള്ള സൗകര്യം ഈ കാടിനുള്ളിലിണ്ട്.അതിനാൽ തന്നെ മൃഗങ്ങളുടെ വംശപെരുപ്പത്തിൽ ഇവിടെ വർദ്ധനവുണ്ട്.കടുവകളുടെ സാന്നിദ്ധ്യം കൊണ്ട് ഈ വനാന്തരങ്ങൾ ഇപ്പോൾ ആഗോള ശ്രദ്ധനേടുകയാണ്.

മുത്തങ്ങയിലെ ആനപ്പന്തിക്കുമുണ്ട് ചരിത്ര പ്രാധാന്യം. ബ്രിട്ടീഷ് ഭരണകാലത്ത് നിലവിലുണ്ടായിരുന്ന ആനപിടുത്തത്തിന്റെ സാക്ഷ്യമാണ് ഇവിടെയുള്ള മരക്കൂടുകൾ. വാരിക്കുഴിയിൽ വീഴുന്ന കാട്ടാനകളെ മെരുക്കിയെടുക്കുന്നതിന് താപ്പാനകളും ഇവിടെയുണ്ടായിരുന്നു. ലക്ഷണമൊത്ത കൊമ്പനാനകളാണ് ഈ കാടിന്റെ സൗന്ദര്യം.

മുത്തങ്ങയിൽ നിന്നും ഗുണ്ടൽപേട്ട വരെയുള്ള വനപാതയിലൂടെ സഞ്ചരിക്കുന്നവർക്കു പോലും കൂട്ടം കൂട്ടമായുള്ള ആനകളുടെ ഘോഷയാത്രകൾ അപൂർവകാഴ്ചയല്ല. തോൽപ്പെട്ടി വന്യജീവി സങ്കേതത്തിലും ആനകൾ തന്നെയാണ് പ്രധാന ആകർഷണം.

## തിരുനെല്ലി, തീർഥാടകരുടെ പുണ്യഭൂമി

മാനന്തവാടിയിൽ നിന്നുമുള്ള ബസ്സ് യാത്ര തിരുനെല്ലിയിലേക്കാണ്. ചെറിയ നഗരക്കാഴ്ചകളെ പിന്നിട്ട് കാടിന്റെ കുളിരിലേക്ക് നിറയെ യാത്രക്കാരുമായി നമ്മുടെ സ്വന്തം കെ.എസ്.ആർ.ടി.സി ബസ് കുതിച്ചുപായുന്നു.

വിശാലമായ ഹരിത ഭൂപടത്തിന്റെ നടുവിൽ വാഹനമിറങ്ങുമ്പോൾ പൗരാണികതയിൽ നിന്നും മുഴങ്ങുന്ന അമ്പലമണികൾ സഞ്ചാരികളെ മറ്റൊരു ലോകത്തേക്ക് ആനയിക്കും.

## പക്ഷിപാതാളം, ആത്മാക്കളുടെ ഒളിത്താവളം

ബ്രഹ്മഗിരി മലനിരകളുടെ മഴക്കാടുകൾ താണ്ടി ക്ലേശങ്ങൾ നിറഞ്ഞ വനപാത പിന്നിട്ടാൽ ചിത്രകൂടൻ പക്ഷികളുടെ ഒളിത്താവളമായി. ഇതാണ് ഇന്നും നിഗൂ


മുത്തങ്ങ വന്യജീവി സങ്കേതം

ഢതകൾ മാത്രം ബാക്കിയാക്കുന്ന പക്ഷി പാതാളം. നൂറ്റാണ്ടുകളായി അനേകം മഴ പക്ഷികളും വവ്വാലുകളും ഈ ശിലാഗുഹയിൽ അഭയം തേടിയിരിക്കുന്നു. അടുക്കുകളായുള്ള പാറകൾക്കിടയിലൂടെ നുഴഞ്ഞിറങ്ങി വഴിപിരിഞ്ഞ് താണിറങ്ങിയാൽ മഴപക്ഷികളുടെ ഗന്ധം വമിക്കുന്ന ഇരുൾ നിറഞ്ഞ ഗുഹയിലെത്താം. ഇരുട്ടിനെ പ്രണയിച്ചെത്തിയ ആത്മാക്കളുടെ വാസസ്ഥലമാണിത്. സദാസമയം അന്ധകാരത്തിലാണ്ടു നിൽക്കുന്ന പാതാളത്തിലേക്ക് ഭൂമിയിൽ നിന്നുമുള്ള ഏകവഴിയായാണ് ഇതിനെ കണക്കാക്കുന്നത്.

തിരുനെല്ലി അമ്പലത്തിൽ നിന്നും ഏഴുകിലോമീറ്റർ വനപാത പിന്നിട്ടുവേണം പക്ഷിപാതളത്തിലെത്താൻ.വനംവകുപ്പിന്റെ വാച്ചർമാർ വഴികാട്ടിയാകും. സഞ്ചാരികൾക്ക് താമസിക്കാൻ വനം വകുപ്പിന്റെ തന്നെ ഡോർമറ്ററിയും തിരുനെല്ലിയിലുണ്ട്. മുൻ കൂട്ടി യാത്ര ബുക്ക് ചെയ്തുവേണം ഇവിടെയെത്താൻ.കാൽ നട യാത്രയും കുത്തനെയുള്ള മലകയറ്റവും ഇറക്കവുമെല്ലാം സഞ്ചാരികൾക്ക് അടങ്ങാത്ത ആവേശമാണ് മനസ്സിൽ നിറയ്ക്കുക.

## കുറുവ, അത്ഭുതങ്ങളുടെ ദ്വീപ്

ഇന്ത്യയിലെ ആൾപാർപ്പില്ലാത്ത ഏക ദ്വീപാണ് കുറുവ. പ്രകൃത്യാ രൂപപ്പെട്ട അനേകം തടാകങ്ങൾ ഈ ദ്വീപിന്റെ മനോഹാരിത കൂട്ടുന്നു. അപൂർവ സസ്യജാലങ്ങളുടെയും ദേശാടന പക്ഷിയുടെയും സ്വന്തം ദ്വീപാണിത്. 900 ഏക്കർ വിസ്തൃതിയിലേക്ക് കൈകൾ നീട്ടി കബനിയെ പിളർന്ന് നിലകൊള്ളുന്ന പച്ചത്തുരുത്തുകൾ ആർക്കാണ് ഇഷ്ടപ്പെടാത്തത്. മുളങ്കാടുകളും സപുഷ്പികളായ കുള്ളൻ മരങ്ങളും കാട്ടുചെടികളും ധാരാളമുണ്ടിവിടെ. വന്യമൃഗങ്ങളും ദ്വീപിലേക്ക് നീന്തിക്കയറും. മഴക്കാലത്ത് ചുറ്റിലും പുഴ നിറഞ്ഞു നിൽക്കുന്നതിനാൽ ആർക്കും ഈ ദ്വീപിലേക്ക് പ്രവേശിക്കാനാവില്ല. മഴ ശമിക്കുമ്പോൾ കെട്ടുചങ്ങാടങ്ങളിലൂടെ ഈ ദ്വീപിലേക്ക് സഞ്ചാരികളുടെ പ്രവാഹമായി.

ജൂൺ മുതൽ സെപ്തംബർ വരെ ഇവിടേക്ക് പ്രവേശനമില്ല. മഴ കഴിയുന്നതോടെ ഈ കേന്ദ്രം ഉണരും. ■

### കുറുവ ദ്വീപ്

**പ്രവേശന സമയം** രാവിലെ 9 മുതൽ വൈകിട്ട് 3.30വരെ

**പ്രവേശന ഫീസ്** മുതിർന്നവർ 20 രൂപ കുട്ടികൾ 10 രൂപ

ക്യാമറ 20 രൂപ

വീഡിയോ ക്യാമറ 180 രൂപ

കുറുവാ ദ്വീപ് 04936 245180

### സൂചിപ്പാറ

**പ്രവേശന സമയം** രാവിലെ 8 മുതൽ വൈകിട്ട് 5 വരെ

**പ്രവേശന ഫീസ്** മുതിർന്നവർ 30 രൂപ കുട്ടികൾ 10 രൂപ

ക്യാമറ 20 രൂപ

വീഡിയോ ക്യാമറ 180 രൂപ

ഫോറസ്റ്റ് ഓഫീസ് മേപ്പാടി 04936 282001


ഫാന്റം പാറ

സ്മിതേഷ് എസ്.





സ്ത്രീകൾക്കും കുട്ടികൾക്കും അർപ്പിതമായി ലോക ജനസംഖ്യാദിനം. എഴുന്നൂറ് കോടിയിലേറെ വരുന്ന ജനങ്ങളുടെ ഭാരം പേറുന്ന ഭൂമിയിൽ സ്ത്രീകളും കുട്ടികളും നേരിടുന്ന അപകടഭീതി വലുതാണ്. ഐക്യരാഷ്ട്രസഭയുടെ കണ്ടെത്തൽ ഇത് ശരിവയ്ക്കുന്നു. ലോകജനസംഖ്യയെക്കുറിച്ച് ചില ഓർമപ്പെടുത്തലുകൾ

# സ്ത്രീരക്ഷയെന്ന
## ഉത്തരവാദിത്വം

അപകടഭീഷണി നേരിടുന്ന ലോകമെമ്പാടുമുള്ള സ്ത്രീകൾക്കും കൗമാരപ്രായക്കാർക്കുമാണ് ഐക്യരാഷ്ട്രസഭ ഈ വർഷത്തെ ലോകജനസംഖ്യാദിനം സമർപ്പിച്ചിരിക്കുന്നത്. ആഭ്യന്തരകലാപങ്ങൾ, പ്രകൃതിദുരന്തങ്ങൾ, പകർച്ചവ്യാധികൾ എന്നിവയെത്തുടർന്ന് ഏതാണ്ട് 60 ദശലക്ഷം ജനങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അഭയാർഥികളായി കഴിയുന്നുണ്ട്. ജീവരക്ഷാർഥം വീടും നാടും വിട്ട് ഓടുന്നവരിൽ സ്ത്രീകളും കൗമാരപ്രായക്കാരും നേരിടേണ്ടിവരുന്ന അപകടഭീഷണി മറ്റുള്ളവരെ അപേക്ഷിച്ച് വളരെകൂടുതലാണെന്ന് വിവിധ പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ലോകജനസംഖ്യാദിനത്തോടനുബന്ധിച്ച് 'ആപത്ഘട്ടങ്ങളിൽ അപകടഭീഷണി നേരിടുന്ന ജനവിഭാഗങ്ങൾ' (Vulnerable Population in Emergencies) എന്ന വിഷയംഐക്യരാഷ്ട്രസഭ തിരഞ്ഞെടുത്തത്.

സിറിയയിൽ തുടർന്ന് കൊണ്ടിരിക്കുന്ന ആഭ്യന്തരകലാപം, നേപ്പാളിനെ തകർത്തെറിഞ്ഞ ഭൂകമ്പം, പശ്ചിമ ആഫ്രിക്കയിൽ മരണം വിതച്ച എബോള എന്നിവയെതുടർന്ന് നിരവധി ആളുകൾ അഭയാർഥി ക്യാമ്പുകളിൽ ദിവസങ്ങൾ തള്ളിനീക്കുന്നുണ്ട്. ഇവർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കാൻ അതത് രാജ്യങ്ങളും മറ്റ് രാഷ്ട്രങ്ങളും ആവുന്നത് ചെയ്യുന്നുണ്ടെങ്കിലും അതിന്റെയൊക്കെ പരിമിതി മനസ്സിലാക്കാവുന്നതേയുള്ളൂ.




ഇത്തരം സാഹചര്യങ്ങളിൽ സ്ത്രീകൾക്കും കൗമാരപ്രായക്കാർക്കും അടിസ്ഥാന ശുചിത്വം, ആരോഗ്യം, മാന്യത, സുരക്ഷിതത്വം, സംരക്ഷണം എന്നിവ പോലും ലഭിക്കാറില്ല.

സ്ത്രീകൾ ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാവാനുള്ള സാധ്യത ഇത്തരം സാഹചര്യങ്ങളിൽ കൂടുതലാണ്. ഇതുമൂലം എച്ച്.ഐ.വി ബാധ പോലുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നു. മറ്റ് പലവിധത്തിലുള്ള ചൂഷണങ്ങൾക്കും സ്ത്രീകൾ ഇരകളായികൊണ്ടിരിക്കുകയാണ്. ഗർഭനിരോധന മാർഗങ്ങളുടെ ലഭ്യതക്കുറവുമൂലം അനാവശ്യ ഗർഭധാരണം ഉണ്ടാവുകയും പ്രസവവുമായി ബന്ധപ്പെട്ട് വലിയ സങ്കീർണതകൾ ഉണ്ടാവുകയും ചെയ്യുന്നതായി ഐക്യരാഷ്ട്രസഭ പുറത്തുവിട്ട റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

ആഭ്യന്തരയുദ്ധങ്ങൾ, പ്രകൃതി ദുരന്തങ്ങൾ, പകർച്ചവ്യാധികൾ എന്നിവമൂലമുണ്ടാകുന്ന ആപത്ഘട്ടങ്ങളിൽ സ്ത്രീകളുടെ ലൈംഗിക-പുനരുത്പാദന ആരോഗ്യവും അപകടത്തിലാകും. ആരോഗ്യകാര്യങ്ങൾ അവഗണിക്കുന്നത് മൂലമാണ് ഇത് സംഭവിക്കുന്നത്.

ആഭ്യന്തരയുദ്ധം കൊടുമ്പിരി കൊണ്ടിരിക്കുന്ന സിറിയയിലെ പകുതിയിലധികം ജനങ്ങൾ അഭയാർഥി ക്യാമ്പുകളിലാണ്. ഇവരിൽ ഏഴ് ദശലക്ഷത്തിലധികം ജനങ്ങൾ സ്വന്തം വീടുകൾ ഉപേക്ഷിച്ച് സിറിയയിൽ തന്നെ വിവിധയിടങ്ങളിൽ കഴിയുന്നു. ഏകദേശം നാല് ദശലക്ഷം സിറിയക്കാർ അയൽ രാജ്യങ്ങളിൽ അഭയം നേടിക്കഴിഞ്ഞു. 2015 മാർച്ച് മാസത്തെ കണക്കുകൾ പ്രകാരം അഭയാർഥി ക്യാമ്പുകളിൽ കഴിയുന്നവർ ഉൾപ്പെടെയുള്ള അഞ്ച് ലക്ഷം സിറിയൻ സ്ത്രീകൾ ഗർഭിണികളാണ്. ഇവർക്ക് ആവശ്യമായ ശ്രദ്ധയോ പരിരക്ഷയോ ലഭിക്കുന്നില്ല. അതുകൊണ്ട് തന്നെ അവരുടെ ജീവനും അവർക്ക് പിറക്കാൻ പോകുന്ന കുഞ്ഞുങ്ങളും അപകടഭീഷണിയിലാണ്. യുദ്ധം സമ്മാനിച്ച മറ്റൊരുകെടുതി. നേപ്പാളിലെയും പശ്ചിമ ആഫ്രിക്കയിലെയും സ്ഥിതിയും ഏറെക്കുറെ സമാനമാണ്.

ആപത്ഘട്ടങ്ങളിൽ കഴിയുന്ന സ്ത്രീകളും കൗമാരപ്രായക്കാരും നേരിടുന്ന അപകടഭീഷണിയുടെ ആഴത്തെ കുറിച്ച് കൂടുതൽ വിശദീകരിക്കേണ്ടതില്ലല്ലോ? അത് ലോകജനതയ്ക്ക് മുന്നിൽകൊണ്ടുവരികയും അതേക്കുറിച്ച് അവബോധം സൃഷ്ടിക്കുകയുമാണ് ഈ വർഷത്തെ ലോകജനസംഖ്യാദിനത്തിന്റെ ലക്ഷ്യം. ആ ലക്ഷ്യത്തിലേക്കുള്ള ദൂരംവളരെ വലുതാണ്. പക്ഷെ ഇതൊരു നല്ല തുടക്കമാകട്ടെയെന്ന് ആശിക്കാം.

> വികസ്വര രാജ്യങ്ങളിൽ ജീവിക്കുന്ന 225 ദശലക്ഷം സ്ത്രീകൾ ഗർഭധാരണം ഒഴിവാക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ അവർ ആധുനിക ഗർഭനിരോധന മാർഗങ്ങൾ ഉപയോഗിക്കുന്നില്ല. ഇവർക്ക് ആധുനിക ഗർഭനിരോധന മാർഗങ്ങൾ ലഭ്യമാക്കിയാൽ പ്രസവത്തെ തുടർന്നുള്ള മരണം 67 ശതമാനം വരെകുറയും.

### ലോകജനസംഖ്യയെകുറിച്ച് ചിലകാര്യങ്ങൾ

1. ലോകജനസംഖ്യയിൽ യുവാക്കളുടെ എണ്ണം ഏറ്റവുംകൂടുതലുള്ള കാലഘട്ടമാണിത്. 10 നും 24 നും ഇടയിൽ പ്രായമുള്ളവരുടെഎണ്ണം 1.8 ബില്യൺ ആണ്. ഇവരിൽ ഭൂരിഭാഗവും വികസ്വര രാജ്യങ്ങളിലാണ്. ഈ മനുഷ്യവിഭവശേഷി കാര്യക്ഷമമായി വിനിയോഗിച്ചാൽ വൻതോതിലുള്ള സാമ്പത്തിക-സാമൂഹിക വളർച്ച കൈവരിക്കാനാകും.
2. സബ് സഹാറൻ ആഫ്രിക്കയിൽ ഇപ്പോഴും പ്രസവത്തെ തുടർന്നുള്ള മരണം സാധാരണമാണ്. ഇവിടെ ഒരു ലക്ഷം കുട്ടികൾ ജനിക്കുമ്പോൾ 510 അമ്മമാർ മരണത്തിന് കീഴടങ്ങുന്നു. ലോകത്ത് ഒരുദിവസം പ്രസവത്തെ തുടർന്ന് 800 സ്ത്രീകൾ മരിക്കുന്നുണ്ടെന്നാണ്കണക്ക്.
3. വികസ്വര രാജ്യങ്ങളിൽ ജീവിക്കുന്ന 225 ദശലക്ഷം സ്ത്രീകൾ ഗർഭധാരണം ഒഴിവാക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ അവർ ആധുനിക ഗർഭനിരോധന മാർഗങ്ങൾ ഉപയോഗിക്കുന്നില്ല. ഇവർക്ക് ആധുനിക ഗർഭനിരോധന മാർഗങ്ങൾ ലഭ്യമാക്കിയാൽ പ്രസവത്തെ തുടർന്നുള്ള മരണം 67 ശതമാനം വരെകുറയും. ശിശുമരണനിരക്കിൽ 77 ശതമാനം കുറവ് വരുത്താനും ഇത് സഹായിക്കും.
4. നിരോധനം ഉണ്ടെങ്കിലുംശൈശവ വിവാഹങ്ങൾ ഇപ്പോഴും നടക്കുന്നു. ലോകത്ത് ഒരുദിവസം ഏതാണ്ട് 37000 ശൈശവ വിവാഹങ്ങൾ നടക്കുന്നുണ്ടെന്ന് ഐക്യരാഷ്ട്രസഭയുടെ കണക്കുകൾ സൂചിപ്പിക്കുന്നു. ദാരിദ്ര്യവുംലിംഗ അസമത്വവുമാണ് ഇതിന്റെ പ്രധാന കാരണങ്ങൾ.
5. വികസ്വര രാജ്യങ്ങളിൽകൗമാരപ്രായക്കാരായ പെൺകുട്ടികളിലെ മരണത്തിന് ഏറ്റവും പ്രധാനപ്പെട്ട കാരണങ്ങളിൽ രണ്ടാംസ്ഥാനം പ്രസവമാണ്. ഇവിടങ്ങളിൽ ഒരു ദിവസം 18 വയസ്സിൽതാഴെ പ്രായമുള്ള 20000 പെൺകുട്ടികൾ പ്രസവിക്കുന്നുണ്ട്.
6. ഈ നൂറ്റാണ്ടിന്റെ അവസാനത്തിൽ ലോകജനസംഖ്യ 17 ബില്യൺ ആയി ഉയരും, അല്ലെങ്കിൽ ഏഴ് ബില്യൺ ആയികുറയും.
7. 2005 ന് ശേഷം എച്ച്.ഐ.വി. ബാധമൂലമുള്ള മരണനിരക്ക് 35 ശതമാനമായികുറഞ്ഞു. എന്നാൽ കൗമാരപ്രായക്കാർക്കിടയിലെ മരണനിരക്ക് കൂടുന്നു.
8. ലോകജനസംഖ്യയിൽ പകുതിയിലധികം പട്ടണങ്ങളിലാണ് വസിക്കുന്നത്. ഇത് വരും വർഷങ്ങളിലും തുടരും. ഇതുമൂലം പല ഗുണങ്ങളും ഉണ്ടെങ്കിലും ദോഷങ്ങളും കുറവല്ല. സുസ്ഥിരവികസനവും മനുഷ്യാവകാശ സംരക്ഷണവും പ്രോത്സാഹിപ്പിച്ചില്ലെങ്കിൽ നഗരവത്ക്കരണം അസമത്വത്തിലേക്ക് നയിക്കും. ■

*(കടപ്പാട്: യു.എൻ.എഫ്.പി.എ).*

ടി.വി. അബ്ദുറഹിമാൻകുട്ടി

**മധുരിക്കുന്ന സ്മരണകളാൽ സമ്പന്നമായിരുന്ന ചെറിയ മക്കയെന്ന പൊന്നാനിയിലെ പെരുന്നാൾ വിശേഷങ്ങൾ. പെരുന്നാളിനേക്കാൾ ഹരംപകർന്ന പെരുന്നാൾ രാവും കലയുടെ മേളനവും കേരളത്തിൽ മറ്റെവിടെയും കാണാത്ത പൊലിമകളും ആചാരങ്ങളും കൊണ്ട് സമ്പന്നമാണത്. നാലു പതിറ്റാണ്ട് മുമ്പത്തെ പൊന്നാനിയിലേക്ക്...**

# ചെറിയമക്കയിലെ പെരുന്നാൾ വിശേഷങ്ങൾ



കേരളത്തിൽ മറ്റെവിടെയും കാണാത്ത പൊലിമകളാലും ആചാരങ്ങളാലും മാമൂലുകളാലും കീഴ്‌വഴക്കങ്ങളാലും സമ്പന്നമായിരുന്നു നാല് പതിറ്റാണ്ട് മുമ്പ് പൊന്നാനിയിലെ ചെറിയ പെരുന്നാളും വലിയ പെരുന്നാളും.

പെരുന്നാളിനേക്കാൾ ഹരം പകർന്നത് പെരുന്നാൾ രാവായിരുന്നു. ചെറിയ മക്കയുടെ ആസ്ഥാനകേന്ദ്രമായ വലിയ പള്ളിയിലേക്കും മഊനത്തുൽ ഇസ്‌ലാം സ യിലേക്കും യഥേഷ്ടം തീർത്ഥാടകരും വിപണനത്തിനായി പരിസരവാസികളും ആ രാത്രി ജുമാമസ്ജിദ് റോഡിൽ തിങ്ങിനിറയും. കളിക്കോപ്പുകൾ, പലതരം തുണിത്തരങ്ങൾ, വളകൾ തുടങ്ങിയ ഉത്പന്നങ്ങളുമായി വഴിയോരക്കച്ചവടക്കാർ എത്തും.

കുട്ടികളെ ആദ്യമായി അങ്ങാടി കാണിക്കാൻ കൊണ്ടുവരുന്നത് അന്നാണ്. അർധരാത്രി പിന്നിട്ടാലും ജനത്തിരക്ക് അവസാനിക്കാറില്ല. പെരുന്നാൾ തിരക്കിന് അന്നും ഇന്നും മാറ്റമില്ല.

ട്യൂബ് മൈലാഞ്ചികളും മറ്റു കൃത്രിമ സൗന്ദര്യ വർധക വസ്തുക്കളും കുറവായിരുന്ന അക്കാലത്ത് പുതുപൊന്നാനിയിലെ മൈലാഞ്ചിക്കാട്ടിലെ മൈലാഞ്ചിയിലകളിലാണ് അഭയം.

പെരുന്നാളിനോടനുബന്ധിച്ച് ദിവസങ്ങൾക്ക് മുമ്പേ നാട്ടിലെയും മറുനാട്ടിലെയും ഉപഭോക്താക്കളെക്കൊണ്ട് ഇവിടത്തെ അങ്ങാടി സജീവമാകും. അന്നൊക്കെ മുക്രിമാർ പെരുന്നാൾ നമസ്ക്കാരത്തിന് ഖത്തീബുമാരെയും മുതവല്ലിമാരെയും പള്ളിക്കാരണവന്മാരെയും വീട്ടിൽചെന്ന് പള്ളിയിലേക്ക് ആനയിക്കണം. കാരണവന്മാരും മുതവല്ലിമാരും എത്തിയാൽ ജുമുഅ ആരംഭിക്കുന്ന ചില പള്ളികളും ഉണ്ട്.

മിക്ക പള്ളികളിലും ഖത്തീബുമാർക്കും ഇമാമുമാർക്കും മുക്രിമാർക്കും ക്ലിപ്തമായ ശമ്പളമോ മറ്റു ആനുകൂല്യങ്ങളോ നൽകിയിരുന്നില്ല. പലരുടെയും സേവനം ദൈവീകപ്രീതിക്കു വേണ്ടിയാണ്. പെരുന്നാൾ ദിവസം പള്ളിയിലെത്തുന്ന വിശ്വാസികളിൽനിന്ന് ലഭിക്കുന്ന കൈമടക്ക് തെല്ലൊരാശ്വാസമായിരുന്നു. പൊന്നാനി നഗരത്തിലും പരിസരത്തും ഉള്ള പല വീടുകളിലും കഷ്ടപ്പാടിന്റെയും പട്ടിണിയുടെയും കാലമായിരുന്നു അത്.

പുരുഷന്മാർ അധികവും കൂലിപ്പണിക്കാരും പീടികത്തൊഴിലാളികളും ബീഡിതെറപ്പുകാരും കടൽത്തൊഴിലാളികളുമായിരുന്നു. സ്ത്രീകൾ സമ്പന്നരുടെ വീടുകളിൽ നെല്ലുകുത്തിയും വീട്ടുവേലചെയ്തും കുഞ്ഞനുകുട്ടികളുടെ പൈദാഹം തീർത്തു. ഇല്ലായ്മയുടെ നാളുകളായിരുന്നുവെങ്കിലും ആഘോഷങ്ങളിൽ അധികവും അത് നിഴലിക്കാറില്ല.

മരുമക്കത്തായം ഭാഗികമായി നിലനിന്നിരുന്ന പൊന്നാനി നഗരത്തിൽ കുട്ടികളധികവും മാതൃഗൃഹത്തിലാണ് വസിച്ചിരുന്നത്. ഭക്ഷണം കഴി



പൊന്നാനി വലിയ ജുമുഅത്ത് പള്ളി


ഞാൽ കുട്ടികൾ പിതാവിന്റെ വീട്ടിലേക്ക് (ഇല്ലത്തേക്ക്) സന്ദർശനത്തിനായി പോകും.

തറവാട്ടിലെയും ഇല്ലത്തെയും അംഗങ്ങളിൽ നിന്ന് പെരുന്നാൾ കൈമടക്കായി നിറയെ പൈസകിട്ടും. ഈ പൈസകൊണ്ട് കുലുക്കിക്കുത്തി ആശുപത്രി റോഡിലെ ഉസനിക്കയുടെ ഏന്തൂഞ്ഞാലിൽ ഒന്നിച്ചുള്ള ഊഞ്ഞാലാട്ടം ഉൾപ്പെടെയുള്ള വിനോദങ്ങളിൽ ഏർപ്പെടും. പടക്കം പൊട്ടിക്കലും വാടക സൈക്കിളിൽ ഊരുചുറ്റലും വ്യാപകമായിരുന്നു. കുടുംബവീടുകൾ സന്ദർശിക്കും.

മുക്കാടിക്ക് പടിഞ്ഞാറ് വശം പെരുന്നാളിനോടനുബന്ധിച്ച് മൂന്ന് ദിവസങ്ങളിലായി സംഘടിപ്പിച്ചിരുന്ന തല്ലുപറമ്പിൽ. പൊന്നാനിക്കാരും പരിസരവാസികളും സൗഹൃദപരമായ മൽപ്പിടിത്തത്തിനും ആഹ്ലാദതിമിർപ്പോടെ ആർത്തുല്ലസിക്കാനും എത്താറുണ്ട്. റംസാൻ രാവുകളിലും പെരുന്നാളിനും വെടിപറയാനും നേരംപോക്കിനുമായി സംഗമിക്കുന്ന മറ്റൊരിടമാണ് ജുമാഅത്ത് പള്ളിക്ക് സമീപമുള്ള മാപ്പിള പാർക്ക്.

ചെറിയ പെരുന്നാളിനേക്കാൾ ആസ്വാദ്യകരം വലിയ പെരുന്നാളായിരുന്നു. ഈ പെരുന്നാളിന് തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ ഓത്തുപള്ളികളിൽ ആചരിച്ചു പോന്നിരുന്ന ചടങ്ങായിരുന്ന കൈയെഴുത്ത് പെരുന്നാൾ.

ഭൂരിപക്ഷവും അന്ധവിശ്വാസങ്ങൾക്കും പഴംപുരാണങ്ങൾക്കും അടിമപ്പെട്ട കാലമായിരുന്നു. പല പേരുകളിലുള്ള മറുതകളും ജിന്നുകളും രാത്രികൾ കയ്യടക്കിയിരുന്നു. പത്ത് വയസ്സ് കഴിഞ്ഞ പെൺകുട്ടികളെ വീട്ടിൽനിന്ന് പുറത്തിറക്കാറില്ല. പ്രായമായ സ്ത്രീകൾപോലും ബുർക്ക ധരിച്ച് കുടചൂടി രാത്രികളിൽ മാത്രമെ പുറത്തിറങ്ങി സഞ്ചരിക്കാറുള്ളു. കൂടെ രണ്ടോ മൂന്നോ വേലക്കാരികളും ഉണ്ടാകും. സ്ത്രീകളുടേത് അധികവും വെള്ളക്കാച്ചിയും സൂചികൊണ്ട് അരുമയോടെ തുന്നിത്തോടിച്ച കുപ്പായവും തല മൂടിപ്പുതക്കാൻ കസവുതട്ടവും, പുരുഷന്മാരുടേത് എം.എസ്. വെള്ളത്തുണിയും മൗലാനാ ലുങ്കിയും കഞ്ഞിപ്രാക്കും ഫുൾകൈയ്യുള്ള ഷർട്ടും ഇസ്തിരിയിട്ട തൊപ്പിയുമായിരുന്നു വേഷം. ഒരു സിനിമാ തിയേറ്റർ ദേവി ടാക്കീസായിരുന്നു. കോഴിക്കോട് സ്വദേശി മാധവൻനായരുടെ ഉടമസ്ഥതയിലുള്ള ഈ ടാക്കീസിന്റെ ആദ്യത്തെ പേര് കാലിക്കറ്റ് ടാക്കീസെന്നായിരുന്നു. പെരുന്നാളിനോട് അനുബന്ധിച്ച് ഉമ്മ, ആയിഷ, കുപ്പിവള, കുട്ടിക്കുപ്പായം തുടങ്ങിയ മുസ്ലിം സാമൂഹിക ചിത്രങ്ങളായിരുന്നു പ്രദർശനത്തിനെത്തിയിരുന്നത്.



പൊന്നാനി വലിയ പള്ളിയിലെ തൂക്കു വിളക്ക്

കേരളത്തിലെ ഇതര പ്രദേശങ്ങളെപ്പോലെ 1930 കളിൽ ഇവിടെയും ടൂറിംങ് തിയേറ്ററുകൾ വന്ന് സിനിമകൾ പ്രദർശിപ്പിച്ചിരുന്നു. അന്ന് സ്ഥിരം തിയേറ്ററുകൾ കേരളത്തിൽ വിരളമായിരുന്നു. പ്രൊജക്ടറുകളും, ഫിലിംപെട്ടികളുമായി വന്ന് ടെന്റ് കെട്ടി ആഴ്ചകളോളം സിനിമ പ്രദർശിപ്പിച്ചിരുന്നു. വെള്ളീരി സ്ക്കൂൾ പരിസരത്തെ പാടത്തായിരുന്നു ഇത്തരത്തിലുള്ള നിശബ്ദ സിനിമാ പ്രദർശനം അധികവും നടന്നിരുന്നത്. പ്രദർശന സ്ഥലത്ത് ബാന്റുസെറ്റുകളും, ടിക്കറ്റ് കാളവണ്ടിയിൽ ചെണ്ടകൊട്ടി റോഡിലൂടെ വിറ്റിരുന്നതായും പഴമക്കാർ ഓർക്കുന്നു. സാംസ്കാരിക സംഘങ്ങളുടെ ആഭിമുഖ്യത്തിൽ പൊതുവേദികളിൽ ഗാനമേളകളും മുസ്ലിം സംഘടനകളുടെ നേതൃത്വത്തിൽ മാപ്പിള ഗാനമേളകളും കോൽക്കളിയും സംഘടിപ്പിച്ചിരുന്നു.
ഇങ്ങനെ മധുരിക്കും സ്മരണകളാൽ സമ്പന്നമായിരുന്നു ഇവിടത്തെ പെരുന്നാൾ. ■

*(ലേഖകൻ ചരിത്രകാരനും റിട്ട. അധ്യാപകനുമാണ്)*

ഹ്രസ്വചിത്ര മേള



■ വിനു എ.

ചലച്ചിത്ര കാഴ്ചയുടെ വിസ്മയങ്ങൾ അവസാനിക്കുന്നില്ല. സാമൂഹികജീവിതത്തിനുനേരെ തുറന്നുപിടിച്ച കണ്ണാടിയായി അഭ്രപാളിയിലെ കാഴ്ചകൾ വളരുകയാണ്. എട്ടാമത് അന്താരാഷ്ട്ര ഡോക്യുമെന്ററി ഫിലിം ഫെസ്റ്റിവലിലെ ചിത്രങ്ങൾ സിനിമയെ കൂടുതൽ വേഗത്തിൽ, ആവേശത്തിൽ സമീപിക്കുന്ന പുതിയ കാലത്തിന്റെ കാഴ്ച വസന്തമായി. എട്ടാമത് അന്താരാഷ്ട്ര ഷോർട്ട് ഫിലിം ഫെസ്റ്റിവിനെക്കുറിച്ച്...

# ~~ചെറിയ~~ വലിയ കാഴ്ചകൾ

ഒഴിഞ്ഞ പ്രദേശത്തെ റയിൽവേ ക്രോസിംഗിൽ കാവൽക്കാരനായ ഒരാളുടെ കഥയാണ് ദ ഗേറ്റ് കീപ്പർ എന്ന അതാനു മുഖർജി ചിത്രം പറയുന്നത്. ഈ ചിത്രമാണ് കഥാസിനിമ വിഭാഗത്തിൽ അവാർഡിന് തെരഞ്ഞെടുക്കപ്പെട്ടത്. ലോങ് ഡോക്യുമെന്ററി വിഭാഗത്തിൽ ഫ്ളോട്ടിങ് ലൈഫും ഷോർട്ട് ഡോക്യുമെന്ററി വിഭാഗത്തിൽ തനുമോയ് ബോസിന്റെ മാൻ ആൻഡ് ദി ഓഷനും തിരഞ്ഞെടുക്കപ്പെട്ടു.

പുതിയ ലോകം സിനിമയെ കൂടുതൽ വേഗത്തിൽ അതിന്റെ ആവേശത്തോടെ കൂടുതൽ ഉൾക്കാഴ്ചയോടെ സമീപിക്കുന്ന പുതിയ കാലമാണിത്. സിനിമയുടെ സവിശേഷമായ സാധ്യതകളെ കൂടുതൽ പേർ തേടുന്നതും അതിൽ പുതു ചലനങ്ങൾ ഏറെ ദൃശ്യമാവുകയും ചെയ്യുന്നു. ചെറിയ ചിത്രങ്ങളുടെ നിർമാണം ഇത്തരത്തിൽ അന്വേഷണങ്ങൾക്ക് പുതിയ തലമാണ് നൽകുന്നത്. അത്തരം അന്വേഷണങ്ങളുടെ വിജയമായിരുന്നു തിരുവനന്തപുരത്തു നടന്ന എട്ടാമത് അന്താരാഷ്ട്ര ഹ്രസ്വചലച്ചിത്രമേള.

ഷാവിർ എസ്പദോയുടെ ട്രാൻസ് നസ്റിൻ, മാറ്റ് കിർക്ബിയുടെ ഫോൺ കോൾ എന്നീ ചിത്രങ്ങളോടെയാണ് പ്രദർശനം ആരംഭിച്ചത്. ഫോൺ സിനിമയിലെ വലിയ മാധ്യമമായി മാറുന്നുവെന്നത് പല ചെറിയ ചിത്രങ്ങളുടെയും ന്യൂനതയായി തോന്നാം. ആൽവറോ ഒലിവയുടെ ലോസ്റ്റ് ആന്റ് ഫൗണ്ടൺ എന്ന സിനിമ നഷ്ടപ്പെടലിന്റെയും നേടലിന്റെയും സുഖവും നൈർമല്യവും അനുഭവിപ്പിക്കുന്നു. മൊബൈൽ ഫോൺ വഴി പരിചയപ്പെടുന്ന സ്ത്രീയുടെ ഇഷ്ടാനിഷ്ടങ്ങൾ തിരിച്ചറിഞ്ഞ് അവളുടെ വിശ്വാസ്യത നേടിയെടുക്കാൻ ഒരു യുവാവ് നടത്തുന്ന ശ്രമമാണീ ചിത്രം.


അർധരാത്രിയിൽ ക്ലബ്ബിൽ നിന്നും പുറത്തിറങ്ങിയ അന്നയെ ഒരിടവഴിയിൽ, ഒറ്റപ്പെട്ട സ്ഥലത്ത് വെച്ച് ഒരാൾ അക്രമിക്കുന്നു. രണ്ടു പേരും തമ്മിൽ സംഘട്ടനം നടക്കുന്നതിനിടയിൽ ഒരു വാഹനം വരികയും അവരെ ഇടിച്ച് കടന്നുപോകുകയും ചെയ്യുന്നു. അവരിരുവരും പിന്നീട് എത്തുന്ന ആശുപത്രിക്കകത്താണ് ബാക്കി കഥ. അയാം വിത്ത് ബിയ എന്ന ചിത്രം ഒരു സൗഹൃദത്തിന്റെയും അതിന്റെ അനിയന്ത്രിതമായ വഴികളെയും കാണിക്കുന്നു. തന്റെ ഭക്ഷണം കൊണ്ട് രാഷ്ട്രത്തെ മാറ്റാനാവുമെന്ന സ്വപ്നമാണ് പെരെസ് പാട്രിഷ്യയുടെ ഫൈൻഡിംഗ് ഗാസ്റ്റൺ.

### മത്സര കഥാചിത്രങ്ങൾ

അമ്മയുടെ സ്നേഹവും വാത്സല്യവും തേടുന്ന ഒരു ബാലൻ. ശരീരത്തിലെ വെള്ളപാണ്ട് അപകർഷതാബോധത്തിലേക്കും ജാതീയമായ ചിന്തകളിലേക്കും അവനെ നയിക്കുന്നു. ഇന്ത്യയിൽ പ്രബലമായ ജാതീയതയുടെ ചിന്തകളിലൂടെയുള്ള ഒരു അന്വേഷണമാണ് സന്ദീപ് മാനെ സംവിധാനം ചെയ്ത പാൻധ്യ. ഇന്ത്യയിൽ ജാതീയത ഇന്നുമുണ്ടെന്നും അതിന്റെ ഭീകരത വളരുകയാണെന്നുമാണ് സമീർ പട്‌വർധന്റെ ബിക്കോസ് ഓഫ് ഹെർ പറയുന്നത്. അമ്മയുടെ മരണശേഷം ഒരു വ്യക്തിയുടെ പ്രവൃത്തിയിലും ചിന്തയിലും വന്നുചേർന്ന മാറ്റത്തെയാണ് ഈ ചിത്രം അവതരിപ്പിക്കുന്നത്. ഒരു പ്രശ്നം അനുഭവിക്കുന്ന ഒരു കുട്ടിയുടെയും പട്ടിയുടെയും കഥയാണ് ഏഴ് മിനുറ്റ് നിശബ്ദമായി സംവദിക്കുന്ന സമഭാവ.

തമ്മിൽ കണ്ടിട്ടില്ലാത്ത രണ്ട് പേരുടെ പ്രണയത്തെ കുറിച്ച് പറയുന്ന സുവദ്രോ ചൗധരിയുടെ പേപ്പർ ഫ്ളവർ, പ്രണയവും സന്തോഷവുമെല്ലാം വാങ്ങപ്പെടുന്ന ചരക്കുകളായി മാറ്റപ്പെടുന്ന കാലഘട്ടത്തെ കുറിക്കുന്ന ജയപ്രകാശ് കൊറൊത്തിന്റെ ഫാമിലി മാർട്ട്, ഒരു ഫിലിം സംവിധായകനെ കണ്ടുമുട്ടുന്നതോടെ ഗ്രാമത്തിലെ ഒറ്റപ്പെട്ട ജീവിതത്തിൽ നിന്നും സ്വപ്നങ്ങൾ കാണുന്ന രത്നയുടെ കഥ പറയുന്ന വികാസ് ദാനിയുടെ പങ്ക്, ആളുകളില്ലാതെ നിർത്താറായ രാംലീല ട്രൂപ്പ് ടി വി ചാനൽ എത്തുന്നുവെന്നറിഞ്ഞ് വീണ്ടും ചായം തേക്കാനൊരുങ്ങുന്നതിന്റെ കഥ പറയുന്ന ദ റോൾ, നഗരവഴികളിലൂടെയുള്ള യൗവനത്തിന്റെ കുതിച്ചുചാട്ടങ്ങളുടെ കഥ പറയുന്ന ഗരാസ് തുടങ്ങിയവ ശ്രദ്ധിക്കപ്പെട്ടു.

ഒഴിഞ്ഞ പ്രദേശത്തെ റയിൽവേ ക്രോസിംഗിൽ കാവൽ ചുമതലക്കാരനായ ഒരാളുടെ കഥയാണ് ദ ഗേറ്റ് കീപ്പർ എന്ന അതാനു മുഖർജി ചിത്രം പറയുന്നത്. രണ്ട് ട്രെയിനികൾക്കിടയിലെ ഏകാന്തമായ ഇരുപ്പ് അയാളുടെ ചിന്തയിലേക്ക് ഭ്രാന്തമായ പല കാര്യങ്ങളും കൊണ്ടുവരുന്നു. കെട്ടിപൊക്കുന്ന കാർഡ് കൊട്ടാരത്തിനൊടുവിൽ കടന്നുവരുന്ന ട്രെയിൻ അതിനെ തകർത്ത് തകർന്നടിയും. ഈ ചിത്രമാണ് കഥാസിനിമ വിഭാഗത്തിൽ അവാർഡിന് തെരഞ്ഞെടുക്കപ്പെട്ടത്. ഒരു ലെസ്ബിയൻ ദമ്പതികളുടെ ബന്ധവും അവർക്കിടയിലേക്ക് കടന്നുവരുന്ന മറ്റൊരാളും തീർക്കുന്ന ചിന്തകളെയാണ് ശരത് ചന്ദ്ര ബോസ് പിനൽ




കോഡിൽ അവതരിപ്പിക്കുന്നത്. വിദ്യാഭ്യാസം നേടിയ മധ്യവർഗ ഇന്ത്യൻ സ്ത്രീകളുടെ ജീവിതാവസ്ഥകളെ കുറിച്ചാണ് ശിവരഞ്ജിനി നായരുടെ കല്യാണി പറയുന്നത്.

ബെസ്റ്റ് ഓഫ് ഐ ഡി എ വിഭാഗത്തിൽ പ്രദർശിപ്പിച്ച ബോൺ ഇൻടു ബ്രോത്തൽസ് എന്ന സിനിമ നടുക്കമുണർത്തുന്ന കാഴ്ചകളിലൂടെയാണ് സഞ്ചരിച്ചത്. കൊൽക്കത്തയുടെ ലൈംഗിക തൊഴിലാളികളും അവരുടെ കുട്ടികളും നേരിടുന്ന ദാരിദ്ര്യത്തിന്റെയും അപമാനത്തിന്റെയും കാഴ്ചകളാണ് സന ബ്രിസ്കിയുടെ ഈ ചിത്രം പറയുന്നത്. മ്യൂസിക് വിഡിയോ, കാമ്പസ് ഫിലിം വിഭാഗത്തിലും സിനിമകൾ പ്രദർശിപ്പിച്ചു. കാഴ്ചയിൽ പുതിയ അവതരണവും പ്രമേയത്തിൽ കൂടുതൽ ഭദ്രതയും പേറുന്നവയാണ് സിനിമകളിലേറെയും.

ലോങ് ഡോക്യുമെന്ററി വിഭാഗത്തിൽ ഫ്ളോട്ടിങ് ലൈഫും (ബൗഹം പബൻകുമാർ) ഷോർട്ട് ഡോക്യുമെന്ററി വിഭാഗത്തിൽ തനുമോയ് ബോസിന്റെ മാൻ ആൻഡ് ദി ഓഷനും തിരഞ്ഞെടുക്കപ്പെട്ട മേളയിൽ ആകർഷകമായ 'തിയേ' (അരുൺ സുകുമാർ) ആയിരുന്നു മികച്ച സംഗീതവീഡിയോ. കാണികളുടെ കയ്യടിയും പ്രശംസയും ഏറ്റുവാങ്ങിയ ഹൗബം പബൻകുമാറിന്റെ 'ഫ്ളോട്ടിങ് ലൈഫി'ന്റെ ക്യാമറാമാൻ ഇറോംമൈപാക്ക് ഡോക്യുമെന്ററി രംഗത്തെ മികച്ച ഛായാഗ്രാഹകനായും തെരഞ്ഞെടുക്കപ്പെട്ടു.

സാമൂഹിക മാധ്യമമെന്ന നിലയിൽ സിനിമ വളർന്നിരിക്കുന്നുവെന്ന് ഈ മേള അടയാളപ്പെടുത്തുന്നു. കാഴ്ചയിലും ചിന്തയിലും പുതിയ ഭാവങ്ങളും തലങ്ങളും സമ്മാനിക്കുന്നതാണ് ഈ ചലച്ചിത്രമേള. സംവിധായകന്റെ കലയ്ക്കപ്പുറം കടക്കുന്ന ജനകീയമായ ചിന്തകളുടെ താളം കൂടിയായി സിനിമ മാറുന്നുവെന്ന് ഇവിടെ ഓർമപ്പെടുത്തുന്നു. ■



പ്രദീപ് മുടവൻമുകൾ

# നാലാംതരത്തിൽ കേരളം സമ്പൂർണം


**കേരളം സമ്പൂർണ നാലാംതരം തുല്യത നേടുന്ന രാജ്യത്തെ പ്രഥമ സംസ്ഥാനം**

2015 ജൂൺ 19 ന് പ്രമുഖ ദിനപത്രത്തിന്റെ ഒന്നാംപേജിൽ ഒരു മുത്തശ്ശിയുടെ ചിത്രമുണ്ടായിരുന്നു. 108 വയസ്സുള്ള കല്യാണി ശങ്കരന്റെതായിരുന്നു ആ മുഖം. സംസ്ഥാന സാക്ഷരതാമിഷന്റെ നാലാം ക്ലാസ് തുല്യതാ പരീക്ഷയെഴുതിയവരിൽ ഏറ്റവും പ്രായംകൂടിയ ഈ മുത്തശ്ശിയടക്കം 2,02,862 പേർ വിജയമണിഞ്ഞപ്പോൾ, കേരളം സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസം (നാലാം ക്ലാസ് തുല്യത) നേടുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി. വായനാദിനമായ ജൂൺ 19ന് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രഖ്യാപിച്ച ആ പൂർണത, 1991 ൽ കൈവരിച്ച സമ്പൂർണ സാക്ഷര സംസ്ഥാനമെന്ന വൻ നേട്ടത്തിന്റെ അഭിമാനകരമായ തുടർച്ചയായി തീർന്നു. നാലാം ക്ലാസ് തുല്യതാ പരീക്ഷയിൽ 98.52 ആണ് വിജയശതമാനം. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ആകെ ജനസംഖ്യയുടെ 90 ശതമാനം പേരും പ്രാഥമിക വിദ്യാഭ്യാസം നേടുമ്പോഴാണ് ആ പ്രദേശം സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസം നേടിയതായി പ്രഖ്യാപിക്കുന്നത്. ജൂൺ 19 ന് കേരളം കേട്ടത് ആ സന്തോഷ പ്രഖ്യാപനങ്ങളാണ്.

എത്ര പ്രായമായാലും, അക്ഷരവഴിയിലേക്ക് ഒരാളെ കൈപിടിച്ചു നടത്തുന്നത് പുണ്യപ്രവൃത്തിയാണ്. പല കാരണങ്ങളാൽ ഔപചാരിക വിദ്യാഭ്യാസം നേടാൻ ഭാഗ്യം ലഭിക്കാതെ പോയവർക്ക് അക്ഷരത്തിന്റെ വഴിവെളിച്ചമൊരുക്കുമ്പോൾ അത് അർഥഗംഭീരമായ ഒരു വിപ്ലവം തന്നെയായി മാറുന്നു. വർഷങ്ങളുടെ ക്ലേശപരിശ്രമം കൊണ്ട് കേരളം അതു സാധിച്ചെടുത്തിരിക്കുകയാണ്. ലോക സാക്ഷരതാനിരക്കിൽ ഇന്ത്യ പിന്നിലായിട്ടുപോലും സാക്ഷരതയുടെ ലോകത്തേക്ക് വേഗം ഓടിയെത്താൻ കേരളത്തിനു സാധിച്ചു. അങ്ങനെ, ഔദ്യോഗികമായി സമ്പൂർണ സാക്ഷരത നേടിയെങ്കിലും കേരളത്തിന്റെ പല ഭാഗങ്ങളിലും നിരക്ഷരത നിലനിൽക്കുന്നുണ്ടെന്നു മനസ്സിലാക്കിയുള്ള സംസ്ഥാന സാക്ഷരതാമിഷന്റെ  പരിശ്രമമാണ് ഇപ്പോഴത്തെ നേട്ടത്തിനു പിന്നിൽ. ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്ത ലക്ഷക്കണക്കിനുപേർ നാലാം ക്ലാസ് തുല്യതാ സർട്ടിഫിക്കറ്റ് നൽകാനുള്ള അതുല്യം രണ്ടാം ഘട്ടം പദ്ധതി ഒരു ജനതയുടെ അക്ഷരവിധി കൂടി മാറ്റിയെഴുതുകയായിരുന്നു. അക്ഷരജ്ഞാനം പൗരന്റെ അവകാശമാണെന്നു തിരിച്ചറിഞ്ഞുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ പ്രതിബദ്ധതയോടെ തുടരുന്നുവെന്നതിന്റെ സാക്ഷ്യപത്രം കൂടിയാണ് സംസ്ഥാന സാക്ഷരതാമിഷനിലൂടെ കൈവരിച്ച ഈ അതുല്യ നേട്ടം.

സർക്കാരിന്റെ മിഷൻ 676 ൽ ഉൾപ്പെടുത്തിയ അതുല്യം രണ്ടാംഘട്ട പദ്ധതി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജനക്യാമ്പയിനായാണ് സംഘടിപ്പിച്ചത്. സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള അംഗൻവാടികൾ സർവേയുടെ അടിസ്ഥാനത്തിൽ തയാറാക്കിയ കുടുംബ രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രധാനമായും പഠിതാക്കളെ കണ്ടെത്തിയത്. സംസ്ഥാനമൊട്ടാകെ 2,40,804 പഠിതാക്കളെ കണ്ടെത്തി അവർക്ക് ക്ലാസ്സുകളും അനുബന്ധ പരിശീലനങ്ങളും നൽകിയിരുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടമെന്ന നിലയിൽ കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലെയും തെരഞ്ഞെടുക്കപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കി. ഒന്നാം ഘട്ടം രാജ്യത്തിനുതന്നെ മാതൃകയായ സാഹചര്യത്തിലാണ് കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ പദ്ധതിയുടെ രണ്ടാം ഘട്ടം സംസ്ഥാനതലത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചത്. ■









# പ്രകൃതിപരിപാലക പദ്ധതിക്ക് ഉജ്ജ്വല തുടക്കം

## മമ്മൂട്ടി ബ്രാൻഡ് അംബാസിഡർ



**വ**നം വകുപ്പ് നടപ്പാക്കുന്ന പ്രകൃതിപരിപാലക പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറായി നടൻ മമ്മൂട്ടിയെ തിരഞ്ഞെടുത്തു. തിരുവനന്തപുരം വനവകുപ്പ് ആസ്ഥാനത്ത് നടന്ന പ്രകൃതിപരിപാലക പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിലാണ് ആരോഗ്യ മന്ത്രി വി.എസ്. ശിവകുമാർ മമ്മൂട്ടിയെ ബ്രാൻഡ് അംബാസിഡറായി പ്രഖ്യാപിച്ചത്.

**കേ**രള വനംവകുപ്പ് നടപ്പാക്കുന്ന പ്രകൃതിപരിപാലക പദ്ധതിക്ക് തിരുവനന്തപുരം വഴുതക്കാട് വനംവകുപ്പ് ആസ്ഥാനത്ത് പ്രൗഢോജ്ജ്വല തുടക്കം. പദ്ധതി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. പ്രകൃതിസംരക്ഷണം ഓരോ വ്യക്തിയുടെയും ജീവിതത്തിലെ പ്രധാന അജണ്ടയാക്കി മാറ്റണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഈ വർഷത്തെ ലോക പരിസ്ഥിതി ദിനാചരണങ്ങളുടെ ഭാഗമായി കേരള വനം വകുപ്പ് ഔഷധ സസ്യങ്ങൾ കൂടുതൽ നട്ടുപിടിപ്പിക്കുന്നതിനുള്ള ഭാവനാപൂർണമായ പദ്ധതികളുമായിട്ടാണ് മുന്നോട്ടുപോകുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഐക്യരാഷ്ട്രസംഘടന ആഹ്വാനം ചെയ്ത "700 കോടി സ്വപ്നങ്ങൾ, ഒരേയൊരു ഭൂമി, ഉപഭോഗം കരുതലോടെ" എന്ന ആശയം നടപ്പാക്കുന്നതിനായാണ് വ്യക്തിപരിപാലക പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. മന്ത്രി വി.എസ്. ശിവകുമാർ, മേയർ കെ. ചന്ദ്രിക, സുഗതകുമാരി, ഡോ. ബി.എസ്. കോറി, ജി. ഹരികുമാർ തുടങ്ങിയവർ സംസാരിച്ചു.

## തൊഴിലാളികൾക്കൊരു ഡാറ്റാബാങ്ക്

**തൊ**ഴിലും തൊഴിലാളികളും ഇനി വിരൽത്തുമ്പിൽ. തൃശൂർ ജില്ലാ പഞ്ചായത്തിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിനു കീഴിലുള്ള തൊഴിലാളികളുടെ ഡാറ്റ ബാങ്കാണ് വേഗ സാസൈറ്റി. നഗരപരിധിയിൽ തൊഴിലെടുക്കാൻ തയാറായ 500 ഓളം തൊഴിലാളികളാണ് ഇപ്പോൾ വേഗ സൊസൈറ്റിയുടെ തൃശൂർ ഡാറ്റാ ബാങ്കിലുള്ളത്.തെങ്ങുകയറ്റത്തൊഴിലാളികൾ മുതൽ സിവിൽ എൻജിനീയർമാർ വരെ വേഗയിൽ പേര് രജിസ്റ്റർ ചെയ്യുന്നുണ്ട്. വെള്ളപേപ്പറിൽ തയാറാക്കിയ അപേക്ഷയോടൊപ്പം 200 രൂപ രജിസ്ട്രേഷൻ ഫീസടച്ചാൽ ആർക്കും വേഗയിൽ അംഗമാകാം. പണിക്ക് ആളെകിട്ടാത്തതു മൂലം മുടങ്ങിക്കിടക്കുന്ന നിർമാണ പ്രവൃത്തികൾ, തെങ്ങുകയറ്റം, പറമ്പുപണികൾ, വീട്ടുജോലികൾ ഇവയെല്ലാം ഒരൊറ്റ ഫോൺകോളിലൂടെ പരിഹാരം കാണുകയെന്നതാണ് വേഗയുടെ ലക്ഷ്യം. നിങ്ങൾക്ക് ആവശ്യമുള്ള തൊഴിലാളികളുടെ ഫോൺനമ്പർ വേഗയിൽ നിന്നും തരും. വേതനവും മറ്റുകാര്യങ്ങളും തൊഴിലാളികളുമായി നമുക്കു നേരിട്ടു സംസാരിച്ച് ധാരണയിലെത്താം. തൃശൂരിനെ കൂടാതെ കോഴിക്കോട് , എറണാകുളം ജില്ലയിലും വേഗ സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിലും വേഗയുടെ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഫോൺ നമ്പർ 0487 2366330

*സനിത അനൂപ്,*
*സബ് എഡിറ്റർ, തൃശൂർ*

## കന്നട വികസന പത്രിക പുറത്തിറങ്ങി

**കാ**സർകോട് ജില്ലയിൽ നടപ്പാക്കിയ നാല് വർഷത്തെ വികസന പ്രവർത്തനങ്ങൾ അടയാളപ്പെടുത്തി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച കന്നട വികസനപത്രിക ജില്ലാ കളക്ടർ പി.എസ്. മുഹമ്മദ് സഗീർ പ്രകാശനം ചെയ്തു. കളക്ടറുടെ ചേംബറിൽ നടന്ന ചടങ്ങിൽ എ.ഡി.എം. എച്ച്. ദിനേശൻ പത്രിക ഏറ്റുവാങ്ങി. സർവെ ഡെപ്യൂട്ടി ഡയറക്ടർ പി. മധുലിമായ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ.ടി. ശേഖർ, അസി. എഡിറ്റർ എം. മധുസൂദനൻ എന്നിവർ സംബന്ധിച്ചു. സർക്കാറിന്റെ നാലു വർഷത്തെ വികസനനേട്ടങ്ങൾ ഉൾപ്പെടുത്തിയ നമ്മുടെ സർക്കാർ നമ്മോടൊപ്പം എന്ന വികസന പുസ്തകവും ജില്ലയുടെ വികസനകലണ്ടറും ജില്ലാകളക്ടർ പ്രകാശനം ചെയ്തു.

*എം.മധുസൂദനൻ,*
*അസിസ്റ്റന്റ് എഡിറ്റർ, കാസർകോഡ്*

ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)





# അശരണരിലേക്ക് അതിവേഗം

അശരണരും ആലംബഹീനരുമായ പൗരൻമാരെ സഹായിക്കുന്നതിന് നിരവധി സാമൂഹ്യ സുരക്ഷാ പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പാക്കുന്നുണ്ട്. ചിലത് ക്ഷേമപെൻഷനുകളാണ്; മറ്റു ചിലത് ആനുകൂല്യങ്ങളും. മണിയോർഡറുകൾ മുഖേനയാണ് ഇവ ഏറെയും നൽകുന്നത്. ഒരു വർഷം 60 കോടി രൂപ മണിയോർഡർ കമ്മിഷനായി മാത്രം വേണ്ടിവരും. ചില പഞ്ചായത്തുകളിൽ നിന്ന് നേരിട്ടും നൽകുന്നു. എന്തായാലും സമയബന്ധിതമായും ആയാസരഹിതമായും സർക്കാർ ആനുകൂല്യങ്ങൾ ആളുകൾക്ക് എത്തിക്കുക എന്നത് വെല്ലുവിളിയായിരുന്നു. ഈ പശ്ചാത്തലത്തിൽ വേണം ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ അഥവാ ഡി.ബി.ടിയെ നാം കാണേണ്ടത്.

സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന സാമൂഹിക സുരക്ഷിതത്വ പെൻഷനുകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലൂടെ നേരിട്ട് വിതരണം ചെയ്യാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

ദേശീയ സാമൂഹിക സുരക്ഷാ പദ്ധതിയുടെ (എൻ.എസ്.എ.പി) ഭാഗമായ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധ്യകാല പെൻഷൻ (ഐ.ജി.എൻ.ഒ.എ.പി), ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (ഐ.ജി.എൻ.ഡി.പി), ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ (ഐ.ജി.എൻ.ഡബ്ലിയു.പി) എന്നീ മൂന്നിനം പെൻഷനുകളും സംസ്ഥാന സർക്കാർ പൂർണമായും നടപ്പാക്കിയിട്ടുള്ള, 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ (യു.എം.ഡബ്ലിയു.പി), കർഷക തൊഴിലാളി പെൻഷൻ (എ.എൽ.പി) എന്നീ അഞ്ച് ഇനം പെൻഷൻ പദ്ധതികളാണ് ഡി.ബി.ടി സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നത്. പഞ്ചായത്ത് ഡയറക്ടറുടെ കീഴിൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ പ്രവർത്തിച്ചു വരുന്ന ഡി.ബി.ടി സെൽ മുഖേനെയാണ് 1043 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പെൻഷൻ വിതരണം സുഗമമായി നിർവഹിക്കുന്നത്.

മേയ് 18ന് സർക്കാരിന്റെ നാലാം വാർഷികവേളയിൽ പ്രഖ്യാപിച്ച ഈ പദ്ധതി ജൂലൈ ആറിന് തന്നെ ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രാവർത്തിമാക്കാനും സർക്കാരിനായി. ഏകദേശം 29.5 ലക്ഷം പേർക്കായി പ്രതിമാസം 255 കോടി രൂപയാണ് അഞ്ച് ഇനങ്ങളിലായി സംസ്ഥാനത്ത് വിതരണം ചെയ്തുവരുന്നത്. രാജ്യത്ത് അധികാരവികേന്ദ്രീകരണ രംഗത്ത് മുന്നിൽ നടക്കുന്ന സംസ്ഥാനമെന്ന നിലയിൽ കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിയോടും ക്രിയാത്മകമായ സമീപനമാണ് കൈകൊണ്ടിട്ടുള്ളതെന്ന് എടുത്തുപറയേണ്ടതാണ്.

ഇതോടൊപ്പം സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ അപേക്ഷ സ്വീകരിക്കുന്നത് മുതൽ പെൻഷൻ വിതരണം ചെയ്യുന്നത് വരെയുള്ള മുഴുവൻ സംവിധാനങ്ങളും ഓൺലൈൻ ആക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതുമൂലം പെൻഷൻ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും വിതരണം കാര്യക്ഷമമവും സുതാര്യവുമാക്കുന്നതിനും സാധിക്കും.

സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ തുക എത്രയായാലും അവയ്ക്ക് സാമൂഹികമായി വലിയ മാനങ്ങളുണ്ട്. സമൂഹത്തിലെ ഏറ്റവും താഴേത്തട്ടിലുള്ളവരാണ് ഇതിന്റെ ഉപഭോക്താക്കൾ. അതുകൊണ്ടുതന്നെ ഒരു ദിവസം പോലും വൈകാതെയും കാത്തുനിൽക്കേണ്ടി വരാതെയും അത് അവർക്ക് എത്തിക്കാൻ നാം പ്രതിജ്ഞാബദ്ധമാണ്. ക്ഷേമപദ്ധതികൾ ഒന്നും അതിന് കാത്തിരിക്കുന്ന പൗരൻമാർക്ക് ലഭിക്കേണ്ട ഔദാര്യമല്ല, മറിച്ച് അവകാശമാണ്. അതിന്റെ ഉത്തരവാദിത്വപൂർണമായ വിതരണം സർക്കാരിനെ സംബന്ധിച്ചിടത്തോളം ഗൗരവമേറിയ കടമയുമാണ്.